312
DEC 2024 - JAN 2025

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association

# We The People:

## 75 years of Liberty, Equality and Fraternity



KERALA PRIVATE
COLLEGE TEACHER

DEC-JAN 24-25 312

**EDITORIAL BOARD**

Editor
**Dr. N. Renuka**

Managing Editor
**Dr. Pradeep Kumar K.**

Assistant Editors
Dr. Vidhu Narayan
Dr. Bindumol B.

Members
Dr. C. Padmanabhan
A. Nishanth
Prof.(Dr.) K. Bijukumar
Shajitha S
Dr. Manoj T R
Pramod Vellachal
Dr. M.R. Rajesh
Harinarayanan S
Dr. Devi K. Varma
Sreelakshmi A R
Vaisakhan Thampi
Dr. Sreevidya V
Dr. Prathibha P R
Dr. Sindhu K V
Dr. Rajesh M K

Design :
Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by Dr. C.Padmanabhan, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.org**

- *എഡിറ്റോറിയൽ* **03**
- *സമരവഴികൾ ചരിത്രവും വർത്തമാനവും*
  **ഡോ. ബിജുകുമാർ കെ.** **04**
- *We The People : 75 years of Liberty, Equality and Fraternity*
  **Dr. Pradeep Kumar K** **06**
- *ഉയിർപ്പ്*
  **ഡോ. ബിന്ദുമോൾ ബി.** **08**
- *എം.ടി.: ജനപ്രിയതയുടെ പാഠങ്ങൾ*
  **ഡോ. എം.ആർ. രാജേഷ്** **09**
- *Education Systems in India: A Perspective from the Modern age*
  **Dr. Saritha M** **18**
- *കേരളത്തിന്റെ ധനപ്രതിസന്ധി*
  **അനിൽ വർമ്മ** **24**
- *എം.ആർ.സി.: കാലത്തിന്റെ തിളക്കമേറിയ അടയാളപ്പെടുത്തൽ*
  **അർച്ചന പി.ജെ.** **40**
- *മൂന്നാംലോക ഫെമിനിസം*
  **ഡോ. തോമസ് സ്കറിയ** **42**
- *വായനയുടെ പ്രതിസന്ധിയും പ്രതിസന്ധികളുടെ വായനയും*
  **കെ.പി. ജയകുമാർ** **46**



# എഡിറ്റോറിയൽ

2024 ഇന്ത്യൻ ജനാധിപത്യ ചരിത്രത്തെ സംബന്ധിച്ച് നിർണ്ണായകമായ വർഷമായിരുന്നു. ഭരണഘടന അംഗീകരിച്ചതിന്റെ എഴുപത്തിയഞ്ചാം വർഷം എന്നത് ഐതിഹാസികമായ രാഷ്ട്രീയ സ്മരണകൂടിയാണ്. പൗരാവകാശപ്രക്ഷോഭങ്ങളുടെയും സമാന്തരമായ വർഗ്ഗീയധ്രുവീകരണങ്ങളുടെയും മതരാഷ്ട്രനിർമ്മാണത്തിന്റെയും സാമ്പത്തിക അട്ടിമറികളുടെയും സങ്കീർണ്ണമായ ഗതിവിഗതികളുടെ ഓർമ്മകൾ പലനിലകളിൽ ഇപ്പോഴും തുടരുന്നുണ്ട്. കോർപ്പറേറ്റ്വത്കരണമെന്ന ഗൂഢമായ അജണ്ടയിലേക്കുള്ള തന്ത്രപരമായ വഴികളിൽ വർഗ്ഗീയതയും അയുക്തിയും അന്ധവിശ്വാസവും അശാസ്ത്രീയതയും വ്യാജവേഷത്തിൽ നടമാടുന്നുണ്ട്. കേരളം അപ്പോഴും നവോത്ഥാനത്തിന്റെ വെളിച്ചത്തിലൂടെ സമരോത്സുകമായും ജനാധിപത്യപരമായും വൈജ്ഞാനികമായും മാനുഷികമായും മുന്നേറുകയാണ്. വിപ്ലവകരമായ കാലം നീതിയിൽ നിന്ന് ജനിക്കുന്നു എന്ന ബോധ്യത്തെ ഒരു ജനത ഉൾക്കൊള്ളുകയാണ്. ഏവർക്കും പുതുവർഷം പിറക്കട്ടെ!

**എഡിറ്റർ**
collegeteacheredt@gmail.com
9746527501

ഡോ. ബിജുകുമാർ കെ.



# സമരവഴികൾ ചരിത്രവും വർത്തമാനവും

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ലോകം കണ്ട ഏറ്റവും ഹിംസാത്മകമായ ഭരണസമ്പ്രദായത്തിലൂടെയാണ് ഇന്ത്യ കടന്നുപോയത്. അതിന്റെ തുടർസ്വഭാവം നിലനിൽക്കുകയും ചെയ്യുന്നു. കോർപ്പറേറ്റ് വത്കരണവും വർഗ്ഗീയതയും ഹിന്ദുരാഷ്ട്രനിർമ്മാണയജ്ഞങ്ങളും അയുക്തിയും അന്ധവിശ്വാസവും നടമാടുന്ന ഭരണഘടനാവിരുദ്ധമായ ഭരണവർഷങ്ങൾ മറികടന്ന് പുതുവർഷത്തിൽ എത്തുമ്പോഴും സാഹചര്യങ്ങൾക്ക് വലിയ മാറ്റമൊന്നും വന്നിട്ടില്ല. മുതലാളിത്തത്തിന്റെ വിജയസൂചകമായി ഡൊണാൾഡ് ട്രംപിന്റെ നേതൃത്വത്തിൽ അമേരിക്ക മുന്നേറുമ്പോഴും ലോകം വലതുപക്ഷ ബോധത്തെ നിരാകരിക്കുന്ന കാഴ്ചയാണ് ചുറ്റുമുള്ളത്. ഇന്ത്യയിലും ലോകരാഷ്ട്രങ്ങളിലും നടന്ന പൊതുതെരഞ്ഞെടുപ്പുകളിൽ ഉണ്ടായ ഇടതുപക്ഷ തരംഗം പ്രത്യാശാനിർഭരമാണ്. ശ്രീലങ്ക, ലാറ്റിനമേരിക്കൻ രാജ്യങ്ങൾ എന്നിവയുടെ സമീപകാല ചരിത്രം പോരാട്ടത്തിന്റെ ഓർമ്മകൾ ഉൾക്കൊള്ളുന്നതാണ്.

2024 സമരങ്ങളുടെയും പല സ്വഭാവങ്ങളിലുള്ള പ്രതിഷേധങ്ങളുടെയും കാലയളവാണ്. ഫെഡറൽ മൂല്യങ്ങളെ കാറ്റിൽപ്പറത്തിക്കൊണ്ട് സാമ്പത്തിക രംഗത്തും സാംസ്കാരിക രംഗങ്ങളിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും സംഘപരിവാർ ശക്തികൾ വലിയ തോതിലുള്ള അരാജകത്വം സൃഷ്ടിച്ചപ്പോൾ തൊഴിലാളികളും വിദ്യാർത്ഥികളും കർഷകരും കായികതാരങ്ങളും ഇന്ത്യയുടെ തെരുവീഥികളിൽ സമരസജ്ജരായി ഇറങ്ങി എന്നത് ചെറിയ കാര്യമല്ല. അത്യന്തം സ്ത്രീവിരുദ്ധമായ നയങ്ങൾ സ്വീകരിച്ചുകൊണ്ട് ലോകത്തിനുമുമ്പിൽ ഇന്ത്യയുടെ അഭിമാനമായി മാറേണ്ട കായികതാരങ്ങളെയും കർഷകരെയും വൈദ്യശാസ്ത്രവിദ്യാർത്ഥികളെയും ആതുരസേവകരെയും വർഗ്ഗീയധ്രുവീകരണങ്ങൾക്കും പീഡനങ്ങൾക്കും ഇരകളാക്കുന്ന അനീതികൾക്ക് എതിരായി ലോ

കമനസ്സാക്ഷിയും കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങളും ഉയർത്തെഴുന്നേറ്റതിന്റെ ഫലം കൂടിയാണ് ലോക്സഭാ തെരഞ്ഞെടുപ്പിൽ വരെ പ്രതിഫലിച്ചത്. മണിപ്പൂർ കലാപവും കർഷക സമരവും ആർ ജി കറിലെ ഡോക്ടറുടെ കൊലപാതകവും എല്ലാം അവയിൽ ചിലതു മാത്രം. ഭരണഘടനയെയും ഇന്ത്യൻ വിദ്യാഭ്യാസ സങ്കല്പങ്ങളെയും ഏകപക്ഷീയമായും സങ്കുചിതമായും അട്ടിമറിച്ചുകൊണ്ട് പാഠപുസ്തകങ്ങൾ അശാസ്ത്രീയമായി തിരുത്തിയും ചരിത്രരേഖകൾ വക്രീകരിച്ചും ഗവേഷണമേഖലയെ തകർത്തും ജനാധിപത്യ മൂല്യങ്ങൾ പിന്തുടരുന്ന സംസ്ഥാനങ്ങളിൽ സാമ്പത്തിക അടിയന്തരാവസ്ഥ സൃഷ്ടിച്ചും കേരളത്തിലെ സർവ്വകലാശാലകളെ സംഘപരിവാർ അജണ്ടകൾ അനുവർത്തിക്കുന്ന ചാൻസലറെ ഉപയോഗിച്ച് നശിപ്പിക്കുവാൻ ശ്രമിച്ചും നിരവധി കുത്സിത പ്രവർത്തനങ്ങൾ നടത്തിയ ഭരണവർഷങ്ങളാണ് കടന്നുപോയത്. കേരളം ഇതിനെല്ലാം ബദൽ നയങ്ങൾ കൈക്കൊണ്ട് മുന്നോട്ടു പോയി എന്നതാണ് ഒരു ജനത എന്ന നിലയിൽ നമ്മുടെ അഭിമാനവും കരുത്തും.

നാലുവർഷ ബിരുദ പ്രോഗ്രാം തനതായ രീതിയിൽ, വിദ്യാർത്ഥി കേന്ദ്രിതമായി കേരളം നടപ്പിലാക്കിയ വർഷമായിരുന്നു 2024. എല്ലാ സർവകലാശാലകളിലും സമയബന്ധിതമായും വ്യവസ്ഥാപിതമായും നാലു വർഷ ബിരുദ പ്രോഗ്രാം നടപ്പാക്കുന്നതിന് വേണ്ടിയുള്ള കമ്മീഷനുകളും ശില്പശാലകളും ഓറിയന്റേഷൻ പരിപാടികളും സർക്കാർ തലത്തിൽ ആസൂത്രണം ചെയ്തപ്പോൾ അതിൽ നേതൃത്വപരമായ പങ്ക് വഹിച്ച സംഘടനയാണ് എകെപിസിടിഎ. പരീക്ഷനടത്തിപ്പ്, മൂല്യനിർണയം എന്നിവയും സമയനിഷ്ഠയോടെ പൂർത്തിയാക്കി. എങ്കിലും സാങ്കേതികമായും പ്രായോഗികമായും ചില പരിമിതികൾ സ്വാഭാവികമായും വന്നുചേർന്നിട്ടുണ്ട്. സ്വയംവിമർശനപരമായി അത്തരം വീഴ്ചകളെ നാം വിശകലനം ചെയ്യുകയും പരിഹരിക്കുകയും ചെയ്യാനുള്ള വഴികൾ ഒത്തൊരുമിച്ച് ആലോചിക്കേണ്ട ഘട്ടമാണിത്.

വയനാട് ദുരന്തം പോലെ അത്യപൂർവമായ പ്രകൃതിദുരന്തത്തോട് കേന്ദ്രഗവൺമെന്റ് കാണിച്ച മനുഷ്യത്വരഹിതമായ അവഗണനയ്ക്കെതിരെ കേരള സർക്കാരിനൊപ്പം നിന്ന് പരിമിതമായ തോതിൽ പ്രവർത്തിക്കുവാൻ സംഘടനയ്ക്ക് കഴിഞ്ഞു. അവകാശനിഷേധങ്ങൾക്കും നീതിലംഘനങ്ങൾക്കുമെതിരെ സംഘടന ചലിച്ചുകൊണ്ടേയിരിക്കുന്നു. കെടിയു സമരവും അറുന്നൂറോളം അംഗങ്ങൾ പങ്കെടുത്ത സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും എല്ലാം പ്രതിരോധത്തിന്റെ സൂചനകൾ മാത്രം. ഏവർക്കും പുതുവത്സരാശംസകൾ.



**Dr. Pradeep Kumar K.**
Sri Vyasa NSS College, Vadakkancheri, Member Syndicate, Calicut University

# We The People:
## 75 years of Liberty, Equality and Fraternity

Seventy -five years ago India embarked on a historic journey towards freedom and sovereignty promising to secure all its citizens justice, liberty, equality and fraternity. India became a republic by formally implementing a constitution on 26 January 1950. Consequently, the Constitution of India replaced the Government of India Act (1935) as the supreme law of the land on that day. But the constitution was adopted exactly two months before that, as encapsulated beautifully in the Preamble itself:

IN OUR CONSTITUENT ASSEMBLY this twenty-sixth day of November ,1949,do hereby HEREBY ADOPT , ENACT AND GIVE TO OURSELVES THIS CONSTITUTION.

But to say that the history of Indian Constitution began 75 years is to negate the great struggles and aspirations of the people of India as well as the principles of democracy, freedom and sovereignty envisaged by the freedom fighters. The Father of our Nation, Mahatma Gandhi was thinking of the nature and philosophy of a constitution for the country when he said said in 1922: "Swaraj will not be a free gift of the British Parliament. It will be declaration of India's full self-expression, expressed through an act of Parliament. But it will be merely a courteous ratification of the declared wish of the people of India." This sentiment is clearly reflected in the objectives resolution and the Preamble as stated above. Moving the objectives Resolution, Jawaharlal Nehru acknowledged that: "the great leader of our people, the father of our Nation ...[who] has been the architect of this Assembly and all that has gone before it and possibly of much that will follow."




Nehru delineated in his speech the philosophy of the Nation, which, he thought will be best in " the mighty prospect of our past, of the turmoil of the present and of the great and unborn future." He moved the Assembly that India shall be an Independent Sovereign Republic with a Constitution; that the Nation shall comprise of parts come under British India, Indian States and other places and shall be a Union of them all; they shall be autonomous units in the Union; power and authority of India shall be derived from the people; that justice, equality and freedom shall be guaranteed to the people; That adequate safe guards shall be extended to all minorities and the backward communities; shall maintain integrity and sovereign rights of the Nation and shall strive for world peace and welfare of mankind. Thus Objectives Resolution can be truly called philosophy of our Constitution. Thus apart from this political ideal put forward by the Mahatma, Indian



Constitution embodies several philosophical principles and ideals, reflecting the country's diversity and unified spirit. Some key philosophical underpinnings include:

**National Philosophy**

**1. Secularism:** Separation of state and religion, ensuring equal treatment of all citizens.

**2. Socialism:** Commitment to social and economic equality, justice, and welfare.

**3. Democracy:** Protection of individual rights, free elections, and participatory governance.

**4. Republicanism:** Representative government, accountability, and checks on power.

Schools of Indian Philosophy certainly had their influence over the best minds of our country and thus made their way into the Constitution and its values. Concepts like Dharma (duty) and Nyaya (justice), Ideas on individual freedom, self-realization, and spiritual growth and emphasis on compassion, non-violence, and social welfare form the core of Constitutional philosophy. Apart from Gandhian Philosophical tenets of Non-violence, truth, and self-reliance, we can have glimpses of the great ideals of western philosophy like Liberalism. Liberalism put forward ideas like Individual rights, freedoms, and protection of minority interests. Utilitarianism(Maximization of overall well-being and happiness. ) and Social Contract Theory: Consent of the governed and protection of individual rights are other major influences which heled shaping of constitutional values like Justice: Social, economic, and political justice, Equality: Fundamental rights, equal opportunities, and social equality, Liberty: Individual freedoms, expression, and thought and Fraternity: Promotion of unity, solidarity, and national integration.

This is the account of the philosophical basis of our Constitution which are best manifested in the wonderful Preamble :

WE, THE PEOPLE OF INDIA, having solemnly resolved to constitute

India into a **SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC**

and to secure to all its citizens:

**JUSTICE**, social, economic and political;

**LIBERTY** of thought, expression, belief, faith and worship;

**EQUALITY** of status and of opportunity;

and to promote among them all

**FRATERNITY** assuring the dignity of the individual and the unity and integrity of the Nation.

Our Nation is passing through a turbulent era characterised by Communal tensions, divisive politic, hate mongering , persistent social inequalities including poverty and gender inequalities, corruptions and crony capitalism, Constitution becomes the sole reigning authority which can always lead the country into new pastures. It is imperative that the new generation should be familiar with this text which has stood the test of trying times.

**ഡോ.ബിന്ദുമോൾ ബി.**
സെന്റ് പീറ്റേഴ്സ് കോളജ്, കോലഞ്ചേരി

# ഉയിർപ്പ്

ഏകാന്തതയിലിരുന്ന്
മനുഷ്യർ
ശബ്ദങ്ങൾക്കു
ചെവിയോർക്കുമ്പോൾ
കേൾവി
കാഴ്ചയാവുന്നത്
സാധാരണമാണ്

അതിൽ
പലതുമുണ്ട്;
മഞ്ഞു മൂടിയ
മലനിരകൾക്കിടയിലൂടെ
സ്വർണനിറമുള്ള
വെയിൽ
പരതിപ്പരതി വരുന്നത്

തോന്നലാണെന്നു
തോന്നിക്കും വിധം
മഞ്ഞ്
വീണ്ടും വീണ്ടും
ഉതിർന്ന്
അതിനെ മറയ്ക്കുന്നത്

മരങ്ങൾ
നിർവികാരതയോടെ
അച്ചടക്കം പാലിക്കാൻ
ഉടലാകെ
വെള്ളനിറമിടുന്നത്...

ഒക്കെയും മഞ്ഞാണ് !

ആരുടെ
കൈ പിടിച്ചാലാണ്
നടക്കാൻ സാധിക്കുകയെന്ന്
വീണപോയ
സ്വപ്നങ്ങൾ
ധ്യാനിക്കുന്ന
ഭൂപ്രദേശങ്ങൾക്ക്
ആ വെള്ളനിറം
ചേരുമോയെന്നറിയില്ല

എങ്കിലും
മഞ്ഞുമൂടിയ
ഇടങ്ങളിലൂടെ
നടന്നു പോയ പ്രവാചകനോ
അയാളെ
കടന്നുവരാനിടയുള്ള
ചെറുപ്രകാശത്തിനോ
വേണ്ടി
താഴ്‌വാരങ്ങളിൽ
മനുഷ്യർ
കൂട്ടം കൂടി പ്രാർത്ഥിച്ചിട്ടുണ്ടാ
വണം

കൂട്ടം തെറ്റിയ
ഒരു ആട്
വെളിച്ചത്തിനു നേരേ
നടന്നടുക്കുന്നതായി
സ്വപ്നം കണ്ട
ഒരാൾ പറഞ്ഞത്
പ്രവാചകൻ വരും
എന്നു തന്നെയാണ്

കോപ്പയിലെ
ചൂടുവെള്ളം
ഊതിക്കുടിക്കുന്നതിനിട
യിൽ
തലയുയർത്തിയ
പച്ചക്കണ്ണുകളുള്ള
വൃദ്ധൻ
അതുകേട്ട്
ചെറുതായി ചിരിച്ചു

വരും എന്ന വാക്ക്
വലിയ പ്രതീക്ഷയാണെന്ന്
തോന്നിയേക്കാം,
വെറുതെയും പറയാമെന്ന്
അയാൾക്കറിയാം

തിരിച്ചുവരും
എന്ന വാക്കിനൊപ്പം,
കാൽപ്പനികമായ
ഉയിർപ്പാണ്
പ്രണയമെന്ന്
ഒരിക്കൽ
കാമുകിയോടു
പറഞ്ഞതോർത്ത്
ആ തണുപ്പിലും
അയാൾ വിയർത്തു.



ഡോ.എം.ആർ.രാജേഷ്
ശ്രീ കേരളവർമ്മ കോളജ്, തൃശ്ശൂർ



# എംടി ജനപ്രിയതയുടെ പാഠങ്ങൾ



മലയാള സാഹിത്യത്തെയും സിനിമയെയുമെല്ലാം ജനപ്രിയമാക്കുന്നതിൽ എം ടി വഹിച്ച പങ്ക് വലുതാണ്. എഴുത്തുകാരൻ എന്നതിലുപരി ഒരു ബഹുമുഖ പ്രതിഭയായാണ് എം. ടി വാസുദേവൻ നായർ മലയാളിക്ക് മുന്നിൽ നിൽക്കുന്നത്. നോവലിസ്റ്റ്, തിരക്കഥാകൃത്ത്, ചലച്ചിത്ര സംവിധായകൻ, സാഹിത്യകാരൻ, നാടകകൃത്ത് എന്നീ നിലകളിൽ എം. ടി വ്യക്തിമുദ്ര പതിപ്പിച്ചു. 1965-ൽ സ്വന്തം കഥയായ 'മുറപ്പെണ്ണ്' തിരക്കഥയെഴുതി എം. ടി സിനിമയിലേക്കും ചുവടുവെച്ചു. 1973-ൽ ആദ്യമായി സംവിധാനം ചെയ്ത് നിർമ്മിച്ച 'നിർമാല്യം' എന്ന ചിത്രത്തിന് രാഷ്ട്രപതിയുടെ സ്വർണ്ണപ്പതക്കം ലഭിച്ചു. എംടിക്ക് സിനിമയിൽ നിന്ന് ലഭിച്ചത് നാല് ദേശീയ പുരസ്കാരങ്ങളാണ്. കടവ്, ഒരു വടക്കൻ വീരഗാഥ, സദയം, പരിണയം തുടങ്ങിയ ചിത്രങ്ങൾക്കും ദേശീയപുരസ്കാരം ലഭിച്ചു. അദ്ദേഹത്തിന്റെ കൃതികളായ 'കാലം'(1970-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്), 'രണ്ടാമൂഴം' (1985-വയലാർ അവാർഡ്), വാനപ്രസ്ഥം (ഓടക്കുഴൽ അവാർഡ്) എന്നിവയ്ക്കും സുപ്രധാന പുരസ്കാരങ്ങൾ ലഭിച്ചു. എം. ടി അധ്യാപകനായും പത്രാധിപരായും പ്രവർത്തിച്ചിട്ടുണ്ട്. എഴുത്തിലും സിനിമയിലും അദ്ദേഹം നൽകിയ സംഭാവനകൾ പരിഗണിച്ച് രാഷ്ട്രം പത്മഭൂഷൺ, ജ്ഞാനപീഠം എന്നിവയുൾപ്പെടെ തിളക്കമേറിയ നിരവധി പുരസ്കാരങ്ങൾ നൽകി എം. ടിയെ ആദരിച്ചിട്ടുണ്ട്. മലയാള സാഹിത്യ,ചലച്ചിത്ര മേഖലയിൽ പ്രവർത്തിച്ച എം ടി വാസുദേവൻ നായർക്ക് മറ്റേതൊരു സാഹിത്യകാരനേക്കാളും കൂടുതൽ ബഹുമതി, പരിഗണന കിട്ടിയിട്ടുള്ളത് പഠനവിധേയമാക്കേണ്ടതാണ്.

അൻപത്തിയേഴോളം ചിത്രങ്ങൾക്ക് തിരക്കഥ രചിച്ച എം ടി വാസുദേവൻനായർ ആറ് ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്. നിർമ്മാല്യം (1973), ബന്ധനം (1978),

മഞ്ഞ് (1982), വാരിക്കുഴി (1982), കടവ് (1991), ഒരു ചെറുപുഞ്ചിരി (2001) എന്നിവയാണത്. എം ടിയുടെ കഥകൾ നിരവധിയെണ്ണം അമൃത ടീവി പ്രശസ്ത സംവിധായകരെക്കൊണ്ട് ടെലിഫിലിമുകളാക്കിയിട്ടുണ്ട്. മുറപ്പെണ്ണ് എന്ന സിനിമയുടെ തിരക്കഥാരചനയിലൂടെ സിനിമാരംഗത്തുവന്ന എം ടി യുടെ തിരക്കഥകൾ സാഹിത്യമൂല്യം ഉൾക്കൊള്ളുന്ന തിരക്കഥകളാണ്. തിരക്കഥയ്ക്ക് പൊതുവെ സാഹിത്യത്തിന്റെ രൂപഭാവങ്ങൾ വേണ്ടെന്ന് ഇന്ന് പലരും അഭിപ്രായപ്പെടുന്നുണ്ട്. എന്നിരുന്നാലും സാഹിത്യകാരനായ എം ടി വാസുദേവൻ നായരുടെ തിരക്കഥകളിൽ കാണുന്ന സാഹിത്യമൂല്യമായിരിക്കാം അദ്ദേഹത്തിന്റെ തിരക്കഥകളുടെ മേന്മയും ഒരുപക്ഷേ ദോഷവും. എം ടിയുടെ പല തിരക്കഥകളിലും ഫ്യൂഡൽ വ്യവസ്ഥയുടെയും നാലുകെട്ടിന്റെയും സംഘർഷങ്ങളാണ് പ്രമേയമാകുന്നത്. കുടുംബാന്തരീക്ഷത്തിൽ രൂപംകൊള്ളുന്ന കഥകളാണ് അദ്ദേഹത്തിന്റെ രചനകളിൽ കാണുന്നത്.

"എന്റെ സാഹിത്യജീവിതത്തിൽ മറ്റെന്തിനോടുള്ളതിലുമധികം ഞാൻ കടപ്പെട്ടിരിക്കുന്നത് കൂടല്ലൂരിനോടാണ്. വേലായുധേട്ടന്റെയും ഗോവിന്ദൻകുട്ടിയുടെയും പകിടകളിക്കാരൻ കോന്തുണ്ണി അമ്മാമയുടെയും കാതുമുറിച്ച മീനാക്ഷിയേടത്തിയുടെയും നാടായ കൂടല്ലൂരിനോട്. അച്ഛൻ, അമ്മ, ജ്യേഷ്ഠന്മാർ, ബന്ധുക്കൾ, പരിചയക്കാർ, അയൽക്കാർ ഇവരെല്ലാം എനിക്കു പ്രിയപ്പെട്ട കഥാപാത്രങ്ങളാണ്. എന്റെ ചെറിയ അനുഭവമണ്ഡലത്തിൽപ്പെട്ട സ്ത്രീപുരുഷന്മാരുടെ കഥകളാണ് എന്റെ സാഹിത്യത്തിൽ ഭൂരിഭാഗവും. മറ്റൊരു നിലയ്ക്കു പറഞ്ഞാൽ എന്റെ തന്നെ കഥകൾ (വാസുദേവൻ നായർ, എം. ടി: 1989:10).

ഇരുട്ടിന്റെ ആത്മാവ്, കുട്ട്യേടത്തി, വാരിക്കുഴി, ബന്ധനം, ഓപ്പോൾ, വളർത്തുമൃഗങ്ങൾ, നിർമ്മാല്യം എന്നിവയുടെ തിരക്കഥകളെല്ലാം എം ടി തന്റെ ചെറുകഥയിൽ നിന്ന് രൂപപ്പെടുത്തിയെടുത്തതാണ്. ഈ തിരക്കഥകളെല്ലാം ചെറുകഥയുടെ മുഖ്യപ്രമേയത്തോടൊപ്പം നിരവധി സംഭവങ്ങളും ചേർത്ത് രചിക്കപ്പെട്ടതാണ്. നായന്മാരുടെ മാതൃദായ തറവാടുകൾ നിലനിറുത്തിപ്പോന്ന വ്യവസ്ഥയുടെ തകർച്ച, പ്രണയത്തകർച്ച, സമ്പത്തിനോടുള്ള ഭ്രമത്താൽ തകർന്ന കുടുംബങ്ങൾ എന്നീ പ്രമേയങ്ങൾ അദ്ദേഹത്തിന്റെ ആദ്യകാല ചെറുകഥകളിൽ കാണാം. എം ടി ആദ്യമായി തിരക്കഥയെഴുതി, എ വിൻസെന്റ് സംവിധാനം ചെയ്ത മുറപ്പെണ്ണ് (1965) തറവാടിന്റെ തകർച്ചയുടെയും ഉത്തരവാദിത്തങ്ങളുടെ ഭാരത്താൽ പ്രണയം പോലും ത്യജിക്കേണ്ടിവരുന്ന നായകന്റെയും കഥ പറയുന്നു.



ആധുനിക വ്യക്തിത്വങ്ങളുടെ സ്വത്വസംഘർഷവും അവരുടെ ധർമ്മസംഘർഷങ്ങളും സഫലമാകാത്ത പ്രണയങ്ങളും അഭിലാഷങ്ങളുമെല്ലാം സാഹിത്യത്തിലും സിനിമ



യിലുമെല്ലാം സൗന്ദര്യാത്മകമായി ആവിഷ്ക്കരിച്ചതിനാലാണ് എം ടി കൂടുതലായി ജനപ്രിയനായത്. തറവാടുകളിലെ മരുമക്കത്തായ, കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്ന് അണുകുടുംബങ്ങൾ രൂപപ്പെടുന്ന പശ്ചാത്തലത്തിൽ ആവിഷ്ക്കരിക്കപ്പെടുന്ന കഥാപാത്രങ്ങൾ എം ടി യുടെ ആദ്യകാല രചനകളിൽ കാണാം. പിന്നീട് ഗൾഫ് പ്രവാസത്തിന്റെയും മുതലാളിത്തത്തിന്റെയും ആധുനിക ഭരണകൂട സ്ഥാപനങ്ങളുടെയും വരവും അതുമൂലമുണ്ടായ സാംസ്കാരിക മാറ്റങ്ങളും കേന്ദ്ര നായക കഥാപാത്രങ്ങളിലൂടെ എം ടി അവതരിപ്പിച്ചു. നഗരങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ, അന്യരാജ്യങ്ങളിലും സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നവർ എന്നിങ്ങനെ നിരവധി പുതിയ തൊഴിലാളികൾ ഇത്തരം സിനിമകളിൽ കടന്നു വരുന്നു. സുകൃതം, ആരൂഢം, ബന്ധനം, വിൽക്കാനുണ്ട് സ്വപ്നങ്ങൾ എന്നിങ്ങനെയുള്ള നിരവധി സിനിമകളിൽ ഇത്തരത്തിലുള്ള പ്രമേയങ്ങൾ ആവിഷ്ക്കരിക്കുന്നുണ്ട്. ആധുനിക സിനിമാപ്രേക്ഷകന്റെ ദമിതമായ കാമനകളെ തൃപ്തിപ്പെടുത്തുന്നവയായിരുന്നു ഇത്തരത്തിലുള്ള സിനിമകൾ. അതിനാൽ എം ടി യുടെ തിരക്കഥകളിലൂടെ പ്രേക്ഷകർ തങ്ങളുടെ തന്നെ ഭാവനാലോകത്തെയാണ് ദർശിച്ചത്.

ആണുങ്ങളുടെ പരസ്ത്രീ ബന്ധങ്ങളും ബഹുലൈംഗികതയും ആധുനികമായ കുടുംബ, സാമൂഹ്യ വ്യവസ്ഥയിലും തുടരുന്നത് എം. ടി ആവിഷ്ക്കരിച്ചു. എന്നാൽ സ്ത്രീലൈംഗികതയിൽ നിയന്ത്രണത്തിന്റെ വ്യവസ്ഥകൾ വരച്ചു. ആധുനിക പുരുഷാധിപത്യസദാചാരവ്യവസ്ഥയിൽ നിന്ന് തെറിച്ചുനിന്ന സ്ത്രീ കഥാപാത്രങ്ങൾ മോശം സ്ത്രീകളായി ചിത്രീകരിക്കപ്പെട്ടു. നിഴലാട്ടം, ബന്ധനം, പരിണയം, ഇടവഴിയിലെ പൂച്ച മിണ്ടാപ്പൂച്ച പോലെയുള്ള നിരവധി സിനിമകളിൽ ഇത്തരത്തിലുള്ള സ്ത്രീകഥാപാത്രങ്ങളെ കാണാം. എന്നാൽ ഇത്തരത്തിലുള്ള സ്ത്രീകഥാപാത്രങ്ങളെ സൃഷ്ടിച്ച എം. ടി തന്നെ വളരെ ശക്തരും തന്റേടവുമുള്ള സ്ത്രീകഥാപാത്രങ്ങളേയും സൃഷ്ടിച്ചു. കുട്ട്യേടത്തി സിനിമയിലെ കുട്ട്യേടത്തി, പഞ്ചാഗ്നിയിലെ ഇന്ദിര, ആൾക്കൂട്ടത്തിൽ തനിയെയിലെ അമ്മുക്കുട്ടി, ഏകാകിനിയിലെ ശോഭ എന്നിവർ ചില ഉദാഹരണങ്ങളാണ്. പുരുഷാധിപത്യത്തെ ധിക്കരിക്കുക, സ്വന്തം കാലിൽ നിൽക്കാനുള്ള തന്റേടം, സ്വത്തുസമ്പാദിക്കാനുള്ള ശേഷി എന്നിങ്ങനെയൊക്കെയുള്ള സ്വഭാവ സവിശേഷതകളെല്ലാം ഈ സ്ത്രീകഥാപാത്രങ്ങൾക്കുണ്ടായിരുന്നു. മാറി വരുന്ന കേരളീയ സമൂഹം വ്യക്തിത്വമുള്ള ഇത്തരം കഥാപാത്രങ്ങളെ സ്വീകരിക്കുകയാണ് ചെയ്തത്. സ്ത്രീ പ്രേക്ഷകർ ഇത്തരത്തിലുള്ള സിനിമകളെ രണ്ടു കൈയ്യും നീട്ടിയാണ് സ്വീകരിച്ചത്. നവോത്ഥാന സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പുതിയ പാതയാണ് ഇവിടെ തുറക്കപ്പെട്ടത്. ലിംഗനീതിയുടെയും മധ്യവർഗ ലിബറൽ ആശയങ്ങളുടേയും ആശയധാരകൾക്കുണ്ടായ സ്വീകരണം

കൂടിയാണ് ഇത്തരം സിനിമകളുടെ ജനപ്രിയ വിജയത്തിന് കാരണം.

മഞ്ഞ് (1983) എന്ന സിനിമയിലൂടെ നീളം ഒരുതരം മൗനവും കാത്തിരിപ്പും പ്രേക്ഷകർക്ക് അനുഭവിക്കാം. ഒരിക്കലും തിരിച്ചു വരാത്ത, തന്റെ കാമുകൻ സുധീർ കുമാർ മിശ്രയെ കാത്തിരിക്കുന്ന വിമലയും, ഇന്നേ വരെ കണ്ടിട്ടില്ലാത്ത തന്റെ പിതാവിനെ തേടുന്ന ബുദ്ദുവും പിന്നെ എവിടെ നിന്നോ വന്ന് എങ്ങോട്ടോ പോകുന്ന സർദാർ ജിയും മഞ്ഞിലെ നൊമ്പരമാണ്. നോവലിന്റെ സൗന്ദര്യം ദൃശ്യസൗന്ദര്യത്തിൽ കാണാൻ സാധിച്ചില്ലായെന്ന വാദങ്ങൾ അക്കാലത്തുണ്ടായിരുന്നു. വ്യത്യസ്തങ്ങളായ നിരവധി സ്ത്രീ കഥാപാത്രങ്ങൾ ഈ സിനിമയിൽ കാണാം. ഉയരങ്ങളിൽ (1984)എം ടി തിരക്കഥയെഴുതി ഐ വി ശശിയുടെ സംവിധാനത്തിൽ പുറത്തിറങ്ങിയ ചിത്രമാണ്. ഉയരങ്ങളിലെ ജയരാജൻ എംടിയുടെ എക്കാലത്തെയും മികച്ച കഥാപാത്രങ്ങളിലൊന്നാണ്. ജയരാജൻ തന്റെ സാമ്രാജ്യം കെട്ടിപ്പടുക്കാൻ ബുദ്ധികൊണ്ടും ശക്തികൊണ്ടും പൊരുതുന്നു. തോറ്റുകൊടുക്കാൻ മനസില്ലാത്ത ജയരാജനെ ഉയരങ്ങളിൽ എന്ന ത്രില്ലർ സിനിമയിലൂടെ നമുക്ക കാണാം. ആരണ്യകം (1988)ഹരിഹരൻ സംവിധാനം ചെയ്ത് എം ടിയുടെ തിരക്കഥയിലൊരുങ്ങിയ ചിത്രമാണ്. ഈ സിനിമയിൽ നക്സലിസം നേരിട്ട് പറയുന്നതിലും വളരെ ഡ്രാമാറ്റിക്കായ രീതിയിൽ പരോക്ഷമായാണ് പറയുന്നത്. അമ്മിണി എന്ന പെൺകുട്ടിയിലൂടെ അക്കാലത്തെ നായിക സങ്കൽപ്പങ്ങളെ പൊളിച്ചെഴുതിക്കൊണ്ടാണ് എം ടി ആ കഥാപാത്രത്തെ ആവിഷ്കരിച്ചത്. ഉത്തരം (1989) ഡാഫ്നെ ഡു മൗറിയറിന്റെ ചെറുകഥയായ നോ മോട്ടീവിൽ നിന്ന് എം ടി തിരക്കഥ രചിച്ച് പവിത്രന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ ഒരു അന്വേഷണ ചിത്രമാണ്. സാഹിത്യകാരിയായ സെലീനയുടെ മരണവുമായി ബന്ധപ്പെട്ട് പത്രപ്രവർത്തകനായ ബാലൻ നടത്തുന്ന അന്വേഷണത്തിലൂടെയാണ് കഥ സഞ്ചരിക്കുന്നത്. ദൃശ്യത്തിനേക്കാൾ സംഭാഷണങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ബാലന്റെ വീക്ഷണകോണിലൂടെ പ്രേക്ഷകരേയും സഞ്ചരിപ്പിക്കുന്ന രീതിയിലാണ് എംടി ഇതിന്റെ തിരക്കഥയൊരുക്കിയിരിക്കുന്നത്. ഒരു ചെറുപുഞ്ചിരി (2000)വാർദ്ധക്യത്തിലെ ജീവിതവും പ്രണയവും പരസ്പര കരുതലുമൊക്കെ അതി മനോഹരമായി പറഞ്ഞുവെച്ച സിനിമയാണ്. കൃഷിയെ ഒരുപാട് സ്നേഹിക്കുന്ന റിട്ടയർ ചെയ്ത കുടുംബനാഥനെയും അദ്ദേഹത്തിന്റെ ഭാര്യയെയുമെല്ലാം വല്ലാത്തൊരു ഇഴയടുപ്പത്തോടെയാണ് എം. ടി പകർത്തിയത്. വാർദ്ധക്യത്തിലെ കൊച്ചുകൊച്ചു പിണക്കങ്ങളും ഇണക്കങ്ങളുമെല്ലാം ഹൃദയസ്പർശിയായിട്ടാണ് അവതരിപ്പിക്കുന്നത്.






ശ്രീരമണ എന്ന തെലുങ്ക് എഴുത്തുകാരന്റെ 'മിഥുനം' എന്ന കഥയെ അടിസ്ഥാനപ്പെടുത്തിയാണ് എം. ടി ഒരു ചെറുപുഞ്ചിരി എന്ന ചിത്രത്തിന് തിരക്കഥയൊരുക്കിയിരിക്കുന്നത്.  ഈ ചിത്രം  പ്രകൃതി സ്നേഹത്തിന്റെയും ബന്ധങ്ങളുടെയുമൊക്കെ ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ്.  രണ്ട് വൃദ്ധദമ്പതിമാരുടെ പരിസ്ഥിതി സൗഹാർദ്ദമായ ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുന്ന ഈ സിനിമ മലയാളത്തിലെ വ്യത്യസ്തമായ ഒരു ആവിഷ്ക്കാരമാണ്. എം. ടി വാസുദേവൻ നായരുടെ പത്ത് കഥകളെ ആസ്പദമാക്കി ഒരുങ്ങിയ മനോരഥങ്ങൾ [2024] എന്ന ആന്തോളജി ഒടിടിയിലൂടെയാണ് ഈ അടുത്ത കാലത്ത് പുറത്തുവന്നത്.

ഫ്യൂഡൽ മൂല്യങ്ങളെ ചോദ്യം ചെയ്യാനും പുതിയൊരു സ്വത്വബോധത്തിലേക്കുയരാനും സാധിച്ചത് കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ സ്വാധീനം മൂലമാണ്. നാലുകെട്ടിന്റെ ഫ്യൂഡൽ മൂല്യങ്ങളെ ധിക്കരിക്കാനുള്ള അധികാരം അപ്പുണ്ണി (നാലുകെട്ട്) നേടുന്നതും വെള്ളക്കാരന്റെ തോട്ടത്തിൽനിന്നു ലഭിച്ച പണത്തിന്റെ ബലത്തിലാണ്.  എന്നാൽ സവർണ്ണ പ്രത്യയശാസ്ത്രത്തിന്റെ സംരക്ഷണവും ഇതേസമയം എം ടി പിന്തുടരുന്നുണ്ട്.  നാലുകെട്ടിന്റെ വ്യവസ്ഥയെ ചോദ്യം ചെയ്യുമ്പോഴും സ്ത്രീയുടെ നേർക്കുള്ള മേൽക്കോയ്മയും, ദളിത് ഇകഴ്ത്തലും പലപ്പോഴും എം ടിയുടെ രചനകളിലും പൊങ്ങിവരുന്നു. ഇത് വ്യക്തിയെന്ന നിലയിൽ എം ടി വാസുദേവൻ നായരുടെ മാത്രം കുഴപ്പമല്ല.  ആധുനിക കാലഘട്ടത്തിലെ വരേണ്യവ്യക്തിത്വങ്ങളുടെ സംഘർഷങ്ങളാണ്, ഇതിൽ പ്രതിഫലിക്കുന്നതെന്നാണ് തിരിച്ചറിയേണ്ടത്.

കേരളീയതയുടെ ദൃശ്യസംസ്കാരം മലയാളസിനിമയിൽ അടയാളപ്പെടുത്തിയ വ്യക്തിയാണ് എം ടി യെന്ന് പൊതുവെ പറയാറുണ്ട്.  എംടിയുടെ സിനിമകളിൽ പൊതുവെ കണ്ടുവരുന്നവയാണ് ക്ഷേത്രം, നദി, ഉത്സവം, കൽവിളക്ക്, വള്ളുവനാടൻ ഭാഷ തുടങ്ങിയവ.  ഭാരതീയമായ ഒരു സാംസ്കാരിക പശ്ചാത്തലത്തിൽ ഇന്ന് തെറ്റായി വ്യാഖ്യാനിക്കപ്പെടാൻ ഇടയുള്ള ചിഹ്നങ്ങൾ ഉപയോഗിക്കുമ്പോഴും എം ടി അവയിലൂടെ സാധിക്കുന്ന ആശയവിനിമയം മാനവ സ്നേഹത്തിന്റെയും പുരോഗമനത്തിന്റെയുമാണെന്ന (ജോസി ജോസഫ് 2006:32) നിരീക്ഷണം

സവർണ്ണ ആധുനിക മൂല്യങ്ങളോടുള്ള സമ്മതമാണ്.  ഫ്യൂഡൽ ഗൃഹാതുരത്വത്തിന്റെ മെലോഡ്രാമയെന്ന് എം ടി യുടെ ആദ്യകാല സിനിമകളെ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യൻ സിനിമ എന്ന ഗ്രന്ഥത്തിൽ വിലയിരുത്തുന്നുണ്ട്. എം ടി യൻ ദൃശ്യപാരമ്പര്യം എന്തുകൊണ്ടാണ് കീഴാളസംസ്കാരത്തെ, കീഴാള കേരളീയതയെ ആവിഷ്കരിക്കാൻ വിസമ്മതിച്ചതെന്ന ചോദ്യം ഇന്ന് പ്രസക്തമാണ്.  ഇത് കേരളീയ സാഹിത്യത്തിന്റെയും സിനിമയുടെയും രംഗത്ത് പ്രബലമായി തുടരുന്ന ബിംബങ്ങളെയും ചിഹ്നങ്ങളെയും ചരിത്രപരമായി വിശകലനം ചെയ്യുവാനാണ്. പ്രകടവും മൂർത്തവുമായ ചലനം, അദൃശ്യമെങ്കിലും സംവേദനമായ മാനസികചലനം, വാക്ക്, ശബ്ദം, നിശ്ശബ്ദത, സംഗീതം, പ്രേക്ഷകന്

സ്വന്തം മനസ്സിന്റെ അറയിൽ വെച്ച് സൃഷ്ടി നടത്താൻ വിടുന്ന വിടവുകൾ എന്നീ ഘടകങ്ങൾ വെച്ചുകൊണ്ടാണ് എം ടി ചെറുകഥയെ തിരക്കഥയാക്കുന്നത്.  എം ടിയുടെ ഇത്തരം രചനകളോടെ മലയാള സിനിമ പുതിയൊരു ദൃശ്യതലത്തിലേക്ക് ഉയരുകയാണ് ചെയ്തത്. ദൃശ്യങ്ങളും സംഭാഷണങ്ങളും വേണ്ടവിധം ചേരുമ്പോഴാണ് നല്ല തിരക്കഥകൾ ജനിക്കുന്നത്. ആദ്യകാല മലയാള സിനിമയിൽ നിന്നുള്ള എം ടി യുടെ സൃഷ്ടികളുടെ വ്യത്യാസം ഈ പറഞ്ഞതിന്റെ കാരണത്താലാണ്.  എന്നാൽ പിന്നീട് വിമർശകർ ചൂണ്ടിക്കാണിച്ച ഒരു പ്രധാന കാര്യം എം ടി സിനിമയെ സംഭാഷണ ഭാഷയിലേക്ക് ചുരുക്കുകയായിരുന്നു എന്നാണ്. എം ടി യുടെ ശൈലിയിൽ നിന്ന് പൂർണ്ണമായും വിട്ടുമാറാൻ ഇന്നും മലയാളസിനിമയ്ക്ക് കഴിഞ്ഞിട്ടില്ല. മലയാളസിനിമ ഇന്നും പിന്തുടർന്നുപോരുന്ന 'കഥ പറച്ചിൽ' സമ്പ്രദായത്തിൽ നിന്നുള്ള വിട്ടുതിക്ക് എം ടിയുടെ തിരക്കഥകൾ പോലും ശ്രമിക്കുന്നില്ല.  ജനപ്രിയ സിനിമയുടെ വ്യാകരണത്തിന് യോജിച്ചതായിരുന്നു എം ടി യുടെ തിരക്കഥകൾ.  എന്തു കൊണ്ടാണ് മലയാളത്തിലെ പ്രമുഖരായ ചെറുകഥാകൃത്ത്/ നോവലിസ്റ്റുകളായ മുകുന്ദൻ, പത്മനാഭൻ, ആനന്ദ്, ഒ വി വിജയൻ തുടങ്ങിയവരെക്കാൾ എം ടിയുടെ കൃതികൾ തിരക്കഥകളായത്? ഉത്തരം എം ടി നല്ല തിരക്കഥാകൃത്തായിരുന്നു എന്നോ മറ്റുള്ളവർ തിരക്കഥ എഴുതാറില്ല എന്നോ അല്ല; മലയാളസിനിമയും, സാഹിത്യവും പിന്തുടർന്നുപോന്ന സവർണ്ണ പാരമ്പര്യത്തിനും, നവോത്ഥാന യുക്തിക്കും വഴങ്ങുകയും ഇടയുകയും ചെയ്യുന്ന ജനപ്രിയചേരുവകൾ അടങ്ങുന്ന രചനകളാണ് എം ടിയുടേത് എന്ന നിലയ്ക്കാണ്.

പെരുന്തച്ചൻ മിത്തിനേയും വടക്കൻപാട്ടിലെ ചതിയൻ ചന്തുവിനേയും പുരാണത്തിലെ ഒരു ഉപകഥയിൽ വരുന്ന വൈശാലിയേയും മുൻനിറുത്തി രചിച്ച തിരക്കഥകൾ മൂലപാഠങ്ങളിൽ നിന്ന് പുതുപാഠങ്ങളാണ് നിർമ്മിക്കുന്നത്. ആധുനികമായ പല ആശയങ്ങളും ഇത്തരം തിരക്കഥകളിൽ കാണാനാകും.  പാരമ്പര്യത്തിന്റെയും ജാതിയുടേയും വിമർശനം പെരു





ന്തച്ചൻ സിനിമയിൽ കാണാം. പെരുന്തച്ചന്റെ മകനായ കണ്ണന്റെ സ്വഭാവചിത്രീകരണത്തിലും എം ടി ഇത്തരമൊരു രചനാരീതിയാണ് അവലംബിച്ചിരിക്കുന്നത്. പെരുന്തച്ചന്റെ കാലത്ത് ചോദിക്കാൻ സാധ്യതയില്ലാത്ത കാര്യങ്ങളാണ് കണ്ണനിലൂടെ എം ടി നടത്തിയിരിക്കുന്നത്. വർത്തമാനകാലത്തിന്റെ ആവശ്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും പാകത്തിനുള്ള ഒരു വ്യക്തിത്വത്തെ ഭൂതകാലത്തിലേക്ക് കടത്തിവിടുകയാണ് എം ടി വാസുദേവൻ നായർ ചെയ്തിരിക്കുന്നത്. പറഞ്ഞുവന്നത് ഇത്തരം ഒരു വ്യക്തിത്വം ദേവദാസിയായ വൈശാലിയിലും കാണാൻ സാധിക്കുമെന്നാണ്. ദാസിയായ വൈശാലിയുടെ ജോലിയാണ് മുനികുമാരനെ അംഗരാജ്യത്തേക്ക് കൊണ്ടുവരികയെന്നത്. രാജ്യത്തിന്റെ ഐശ്വര്യത്തിനും രാജാക്കന്മാർക്കും വേണ്ടിയുള്ളതാണ് ദാസിമാരുടെ ജീവിതം. എന്നാൽ വൈശാലി മുനികുമാരനെ സ്നേഹിക്കുന്നതിലൂടെ അവരുടെ വ്യക്തിത്വം എം ടി പുനഃസൃഷ്ടിച്ചിരിക്കുകയാണ്. ആധുനികമായ സ്ത്രീത്വത്തിന്റെ ദുഃഖമായി വൈശാലിയുടെ ജീവിതം മാറുന്നുവെന്ന് പറയാം. വൈശാലിയുടെ ദുരന്തം വായനക്കാർ അനുഭവിക്കുന്നത് മേൽപ്പറഞ്ഞ സംഘർഷങ്ങളുടെ പരിസരത്ത് ആയതുകൊണ്ടാണ്. രാജാവും പ്രജകളും ആനന്ദോത്സവങ്ങളിൽ നൃത്തം ചെയ്യുവേ, ചവിട്ടിമെതിക്കപ്പെട്ട് ആരാലും ശ്രദ്ധിക്കപ്പെടാതെ അകലങ്ങളിലേക്കു നീക്കപ്പെടുന്ന വൈശാലിയുടേയും മാലിനിയുടെയും ദൃശ്യം അവഗണിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെ പ്രതീകമാവുന്നു. പുരുഷാധിപത്യപരമായ രാഷ്ട്രത്തിൽ സ്ത്രീകളെ ചൂഷണം ചെയ്ത് വികസനത്തിലേക്ക് നീങ്ങുന്ന ഭരണരീതികളാണ് വൈശാലിയുടെ വായനയിലൂടെ പുറത്തുവരുന്നത്. രാജാവായ ലോമപാദന്റെ മകളാണ് വൈശാലിയെന്ന രഹസ്യവും അധികാരകേന്ദ്രിതമായ സമൂഹത്തിൽ നടുക്കമുളവാക്കുന്ന സംഗതിയാണ്. വൈശാലിയുടെ പിതൃസ്ഥാനം രാജാവ് ഏറ്റെടുത്ത് ജനതയുടെ മുമ്പാകെ പ്രഖ്യാപിക്കുമെന്ന മാതാവായ മാലിനിയുടെ ആശയും ആധുനിക കുടുംബവ്യവസ്ഥയുടെ സ്ത്രീത്വനിർമിതിയിൽ അടിസ്ഥാനമാക്കി രൂപീകരിക്കപ്പെട്ടതാണ്. ഒരു വടക്കൻ വീരഗാഥയിൽ കുഞ്ഞുണ്ണൂലി തന്റെ ഭർത്താവായ ആരോമൽ ചേകവരുടെ പ്രവൃത്തികളെക്കുറിച്ചോർത്ത് ദുഃഖിക്കുന്നുണ്ട്. പകിടകളിക്കാനെന്നും പറഞ്ഞ് പോയി തുമ്പോലാർച്ചയുമായി അന്തിയുറങ്ങി അവൾക്കിപ്പൊ ഒരു കുട്ടിയുണ്ടെന്ന് ചന്തുവിനോട് കുഞ്ഞുണ്ണൂലി പറയുമ്പോൾ ഏക ഭാര്യ-ഭർതൃബന്ധത്തിന്റെ യുക്തിയെ പിൻപറ്റുന്ന വ്യക്തിത്വമാണ് അവളുടേതെന്ന് മനസ്സിലാക്കാൻ സാധിക്കും.

തകരുന്ന തറവാടിന്റെ നാലുകെട്ടിൽ നിന്ന് രക്ഷപ്പെട്ട് തനിക്കുതാൻ പോന്നവനായി വളർന്ന് ആധുനിക ലോകത്തിലേക്കു പ്ര

വേശിച്ച യുവാവിന്റെ അനുഭവങ്ങളാണ് എം ടി യുടെ കൃതികളിൽ കൂടുതലായി കാണപ്പെടുന്നതെന്ന് പൊതുവെ ഒരഭിപ്രായമുണ്ട്. മനുഷ്യത്വത്തിന്റെ മഹത്വം സ്വന്തം പ്രവൃത്തിയിലൂടെ അന്ധമായ ജാതി സമൂഹത്തെ പഠിപ്പിച്ച അസുരവിത്തിലെ ഗോവിന്ദൻകുട്ടിയും ദാരിദ്ര്യത്താൽ മതവിശ്വാസത്തെ ചോദ്യം ചെയ്ത് പള്ളിവാള് വിൽക്കാൻ ശ്രമിച്ച നിർമ്മാല്യത്തിലെ വെളിച്ചപ്പാടിന്റെ മകൻ അപ്പുവും ആധുനിക സമൂഹത്തിലെ ശക്തമായ വ്യക്തിത്വങ്ങളാണ്. ഓപ്പോൾ എന്ന സിനിമയിലെ അവിവാഹിതയായ അമ്മയും അസുരവിത്തിലെ കുഞ്ഞാപ്പോളും തന്നെ ഉപേക്ഷിച്ചുപോയ കാമുകനെ കാത്തിരിക്കുന്ന മഞ്ഞിലെ വിമലയും പുരുഷമേൽക്കോയ്മയുടെ സുഖഭോഗങ്ങൾക്കുശേഷം അടിഞ്ഞുപോയവരാണ്. പറഞ്ഞുവന്നത് എം ടി യുടെ രചനകളിലെ ഈ സവിശേഷതകൾ ഇവിടെ വിവരിച്ച പെരുന്തച്ചൻ, വൈശാലി, ഒരു വടക്കൻ വീരഗാഥ എന്നീ തിരക്കഥകളിലും കാണാൻ സാധിക്കുമെന്നാണ്.

മുൻകാലകഥയെ അന്തർലീന പാഠമാക്കി ഒരു പുതിയ കഥ പറയുമ്പോൾ ആഖ്യാനത്തിനു കൈവരുന്ന സാന്ദ്രത വായനക്കാരുടെ ബോധ പ്രതിബോധ മണ്ഡലത്തിൽ ധ്വന്യാത്മകമായി പ്രവർത്തിക്കുന്നുവെന്ന് അയ്യപ്പപ്പണിക്കർ അഭിപ്രായപ്പെടുന്നുണ്ട്. വായനയിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും പാഠങ്ങൾ വ്യത്യസ്തമായി തിരിച്ചറിയപ്പെടുന്നുണ്ട്. അതുപോലെ മുൻകാല തിരക്കഥകളുമായി പിൽക്കാലതിരഥകൾ നിലനിറുത്തുന്ന പാഠാന്തര ബന്ധവും എം ടി യുടെ എഴുത്തിൽ നിന്നും കാണാവുന്നതാണ്. വൈശാലിയെ സ്നേഹിക്കുന്ന പുരോഹിതന്റെ മകനും പെരുന്തച്ചന്റെ മകനെ സ്നേഹിക്കുന്ന തമ്പുരാട്ടിയും എം ടി യുടെ കൃതികളിൽ കാണുന്ന ബന്ധത്തിന്റെ തുടർച്ചയാണ്. പുനർരചനകൾ പഴയ മൂല്യങ്ങളെ പുനഃപരിശോധിക്കുന്നതോടൊപ്പം പുതിയ പാഠങ്ങളെ മുന്നോട്ടു വയ്ക്കുന്നവയാണ്. ഇത്തരത്തിൽ ആധുനികമായ സ്വത്വനിർമിതിയിലൂടെ ചരിത്രത്തെ സൂക്ഷ്മവിശകലനം ചെയ്യുകയാണ് എം. ടി വാസുദേവൻ നായരുടെ തിരക്കഥകൾ.

എം. ടി വാസുദേവൻ നായർ സംവിധാനം ചെയ്ത നിർമ്മാല്യം (1973) സിനിമയിലെ അവസാന രംഗത്തിൽ വെളിച്ചപ്പാട് താൻ ആരാധിച്ചു കൊണ്ടിരുന്ന ദേവി വിഗ്രഹത്തിന്റെ നേർക്ക് തുപ്പുന്നതാണ്. നവോത്ഥാനത്തിന്റെ യുക്തികൾ ഇത്തരം ചെയ്തികൾക്ക് പുറകിൽ കാണാം. എന്നിരുന്നാലും ഭാര്യ അയാളെ വഞ്ചിച്ചതിന്റെ നിരാശയും തന്റെ ഇത്രയും കാലം വിഗ്രഹപൂജ നടത്തിയിട്ടും ജീവിതം താറുമാറായതിന്റെ നിരാശയുമൊക്കെ ഈ പ്രവൃത്തിക്ക് പുറകിലുണ്ട്. വെളിച്ചപ്പാടിന്റെ കുടുംബത്തിന്റെ ദാരിദ്ര്യവും മൂല്യച്യുതിയുമാണ് ഈ ദൈവനിന്ദയ്ക്ക് കാരണമെന്ന് പറയാം. എന്നാൽ സമകാലിക കേരളത്തിൽ ഈ സവർണ്ണ മധ്യവർഗം വിദ്യാഭ്യാസം നേടി തൊഴിൽ നേടി ജീവിതം മെച്ചപ്പെട്ടതോടെ വീണ്ടും ദൈവാരാധന ശക്തിയാർജ്ജിച്ചു വന്നു കൊണ്ടിരിക്കുകയാണ്. സ്വന്തം കുടുംബത്തിന്റെയും മതവിശ്വാസത്തിന്റെയും പാതയെ ഇവർ മുറുകെ പിടിക്കുകയും ചെയ്യുന്നു. അപര വിദ്വേഷവും ഇതിന്റെ ഫലമായി രൂപപ്പെട്ടിരിക്കുന്നു.

മലയാളസാഹിത്യവും സിനിമയുമായുള്ള അന്യോന്യബന്ധം സജീവമാകുന്നത് 1950 കളുടെ രണ്ടാം പകുതികളിലാണ്. നവോത്ഥാനമൂല്യങ്ങളുടെ പ്രതിനിധാനമെന്ന നിലയ്ക്കായിരുന്നു സാഹിത്യരൂപങ്ങൾ പ്രധാനമായും പരിഗണിക്കപ്പെട്ടത്. എഴുപതുകളിലാവട്ടെ ആധുനികതയും പാരമ്പര്യവും തമ്മിലുള്ള നിരന്തരസംഘർഷം, രതിയും മരണവുമായുള്ള പാരസ്പര്യം എന്നിവയൊക്കെ പ്രമേയങ്ങളായി. കഥ- തിരക്കഥ - സംവിധാനം എന്നീ മണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന എം ടി വാസുദേവൻനായരുടെ ചലച്ചിത്രവ്യക്തിത്വത്തെക്കുറിച്ചുള്ള പുനർവിചാരങ്ങൾ ഇതിനു തെളിവാണ്. നായന്മാരുടെ മാതൃദായത്തറവാടുകൾ നിലനിർത്തിപ്പോന്ന വ്യവസ്ഥയുടെ തകർച്ച, പ്രണയം, സമ്പത്തിനോടുള്ള ഭ്രമത്താൽ തകർന്ന കുടുംബങ്ങൾ, പുരുഷത്വാധികാരഭാവം, ആധുനിക വരേണ്യയുക്തിയുടെ സംരക്ഷണം എന്നിവയെല്ലാം എം ടി വാസുദേവൻ നായരുടെ ചെറുകഥകളിലും തിരക്കഥകളിലും കാണാം. എം ടി വാസുദേവൻ നായരുടെ കടന്നുവരവ് മലയാളസിനിമയിൽ നിർണ്ണായകമായ ഭാവുകത്വവ്യതിയാനത്തിന് കളമൊരുക്കി. എന്നാൽ ക്രമേണ സാഹിത്യപ്രധാനവും ഏകസ്വരാത്മകവുമായ സംഭാഷണങ്ങളിലേക്ക് എം ടി യുടെ തിരക്കഥകൾ ചുവടുമാറുന്നതും കാണാം. ദലിതരും മതന്യൂനപക്ഷങ്ങളും എം ടി യുടെ സിനിമകളിൽ അപരരായി ചിത്രീകരിക്കപ്പെട്ടത് വിമർശനത്തിനിടയായിട്ടുണ്ട്. എം ടി വാസുദേവൻ നായരുടെ കൃതികളെ പിൻപറ്റിയുള്ള അനുവർത്തന സിനിമകളുടെ സാംസ്കാരിക പഠനത്തിൽ ഇതൊക്കെ ചർച്ചയാകുന്നുണ്ട്. നാല്പത് വർഷത്തോളം സജീവമായി എം ടി വാസുദേവൻ നായർ മലയാള സിനിമയിൽ നിലനിന്നത് സവർണ്ണ പാരമ്പര്യത്തിനും നവോത്ഥാനയുക്തിക്കും വഴങ്ങുകയും ഇടയുകയും ചെയ്യുന്ന ജനപ്രിയ ചേരുവകൾ ചലച്ചിത്രവല്ക്കരിച്ചുകൊണ്ടായിരുന്നു.

ഗ്രന്ഥസൂചി

വാസുദേവൻ നായർ, എം. ടി, 1989, എം. ടിയുടെ തെരഞ്ഞെടുത്ത കഥകൾ, കറന്റ് ബുക്സ്, തൃശ്ശൂർ.

ജോസിജോസഫ്, 2006, കാഴ്ചയുടെ കേരളീയത -എം. ടി സിനിമകളിൽ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ആഗസ്റ്റ് 6-12, പുറം 84, ലക്കം 23, പുറം - 26-32

രാജേഷ്. എം. ആർ, 2016, മലയാള സിനിമ - അനുവർത്തനത്തിന്റെ സംസ്കാരപഠനം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം

രാജേഷ്. എം. ആർ, 2012, ഇന്ത്യൻ സിനിമയുടെ വർത്തമാനം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം

**Dr. Saritha M**
N S S College, Rajakumari

# Education Systems in India: A Perspective from the Modern age

Post-independence, the Indian education system focused on four key areas known as the "4 Es": Expansion, Equity, Excellence, and Employability.

Expansion which aimed at increasing the accessibility and reach of education across the country. The focus was on building more schools, colleges, and universities, especially in rural and underserved areas, to ensure that a larger population could access education. Equity that ensures education was available to all sections of society, irrespective of caste, gender, religion, or socio-economic background. This included affirmative action, scholarships, and other initiatives to support marginalized communities. Excellence where the quality of education is raised by improving teaching standards, curriculum, and infrastructure. Emphasis was placed on research, innovation, and maintaining high academic standards to ensure that Indian institutions could compete globally. Finally Employability by linking education to employment opportunities, ensuring that students acquire skills that are relevant to the job market. This included vocational training, career-oriented courses, and initiatives to enhance the employability of graduates.

As for the first two key areas, we all know that they were somewhat realized. Now the focus has to shift to Excellence and Employability. These two key areas can be discussed by focussing on the education systems in the modern age and the change it has to undergo to attain these values. In the modern age of artificial intelligence (AI) many questions arise with respect to the new education systems. AI is everywhere and as Andrew Ng, a globally recognised leader in AI, said the importance of AI became as significant as that of electricity in our lives. The first question is that what is the role and relevance of education in this era? This question is significant because it reflects growing concerns and discussions about the rapidly changing world, particularly in the context of technological advancements like AI, automation, and digital transformation. This question is being asked for several key reasons one of which is the Technological Disruption. This happens due to Automation and AI and Emerging Technologies. With AI and automation increasingly capable of performing tasks traditionally done by humans, there is a pressing concern about how education should evolve to prepare individuals for a future where many current jobs may no longer exist. People are questioning what role education plays in equipping in-



dividuals with the skills needed in a tech-driven economy. The rise of new technologies like blockchain, quantum computing, and biotechnology requires new skill sets. The relevance of traditional education is being questioned in light of these rapidly evolving fields, as there is a need for education systems to keep pace with technological advancements.

Second important reason is the Changing Job Markets. Two consequences of this are the Skills mismatch and the need for lifelong learning. There is an ongoing debate about whether current education systems are adequately preparing students for the jobs of the future. With many industries evolving, there is a concern that education may not be aligned with the skills and knowledge that employers are seeking, leading to a skills mismatch. In the traditional model of education, which largely focuses on early life learning, is being challenged by the need for continuous education throughout one's career. The question arises about how education can stay relevant in a world where continuous learning and upskilling are becoming necessary.

Also several other reasons like Globalization and Cultural Shifts, Equity and Access etc adds to the question. In a globalized economy, there is increased competition for jobs and innovation. Education is seen as a critical factor in maintaining a nation's competitive edge, and its relevance is often measured by how well it prepares citizens to compete on a global scale. As societies become more diverse and interconnected, education's role in fostering cultural understanding, ethical awareness, and global citizenship is increasingly important. There is a need to evaluate whether current education systems are effectively addressing these areas. The relevance of education is also being questioned in the context of the digital divide, where access to quality education and technology is unevenly distributed. Ensuring

that education is relevant and accessible to all, regardless of socioeconomic status, is a major concern. As societies strive for greater inclusivity, there is a push to ensure that education is relevant to diverse populations, including marginalized groups, and that it addresses issues of equity and social justice.

Here, a situation arises to redefine the Purpose and Meaning of Education. There is a broader philosophical question about the purpose of education. While it has traditionally been seen as a pathway to employment, there is growing interest in how education contributes to personal development, civic engagement, and lifelong fulfilment. The relevance of education is being reconsidered in terms of how well it prepares individuals not just for work, but for life as informed, engaged citizens. In an age where technology can potentially take over many aspects of life, questions about what it means to be human, and how education can contribute to human flourishing, are becoming more prominent.

We cannot ignore the impact of the COVID-19 Pandemic on education systems. It paved the new pathways for education like remote learning. The COVID-19 pandemic accelerated the adoption of remote learning and highlighted both the possibilities and limitations of digital education. The relevance of traditional in-person education is being questioned, and there is a need to rethink educational models in a post-pandemic world. The pandemic underscored the importance of resilience and adaptability, both for individuals and educational systems. This has led to renewed interest in how education can remain relevant in the face of global challenges and disruptions.

The question of education's relevance in this era arises from the need to reassess and realign education with the demands and challenges of a rapidly changing world. As technology, society and the global economy evolve, it is crucial to ensure that education continues to fulfil its role in preparing individuals for the future, not just in terms of employment, but in all aspects of life.

But, education remains highly relevant even in this age of artificial intelligence (AI) for several reasons, as it plays a crucial role in shaping how individuals and societies interact with and benefit from AI technologies. Education helps in Developing Critical Thinking and Adaptability. AI can automate routine tasks, but critical thinking, problem-solving, and creativity are human skills that remain essential. Education fosters these skills, enabling individuals to adapt to rapidly changing environments. A strong foundation in education, particularly in STEM (Science, Technology, Engineering, and Mathematics), is crucial for understanding how AI systems work. This understanding helps individuals make informed decisions, whether they are developing AI technologies or using them. Education gives the foundation of ethical awareness. As AI becomes more integrated into daily life, ethical considerations become increasingly important. Education in humanities and social sciences can help people navigate the moral implications of AI, ensuring that technological advancements are aligned with societal values. The fast pace of technological advancements means that continuous learning is more important than ever. Education systems are evolving to support lifelong learning, ensuring that individuals can continuously update their skills to remain competitive in the job market.

Education can help bridge the digital divide by providing equal access to knowledge and resources. This is essential for ensuring that the benefits of AI are shared broadly across different populations, preventing disparities in access to technology and opportunities. It helps in preparing for new job roles. While AI may displace certain jobs, it will also create new roles that require a different set of skills. Education systems need to evolve to prepare students for jobs that do not yet exist, focusing on skills such as data analysis, AI ethics, and human-AI collaboration. Education is key to teaching people how to collaborate effectively with AI systems. This includes understanding the limitations of AI, knowing when human intervention is necessary, and leveraging AI to enhance human capabilities. An educated populace is better equipped to innovate. As AI opens new frontiers, education will enable people to push the boundaries of what is possible, leading to new discoveries and technological advancements.

Briefly, education remains indispensable in the AI age, not only for adapting to new technologies but also for ensuring that these technologies are used in ways that are beneficial to society as a whole.

Second question is how the education system has to change in order to cope with the new technological advancements?

The education system must undergo significant changes. These changes should address both the content being taught and the methods of teaching to ensure that students are equipped with the skills and knowledge necessary for the future. The important step to adopt is Curriculum Modernization. This should incorporate AI and Data Science, The curriculum should include subjects like AI, machine learning, data science, and robotics from an early age. These subjects should not be limited to higher education but introduced in primary and secondary education to build a strong foundation. Digital literacy should be a core component of the curriculum, ensuring that all students have a basic understanding of how digital tools and technologies work. Most importantly, there should be Interdisciplinary Learning. As technology increasingly intersects with various fields, curricula should promote interdisciplinary learning, integrating subjects like computer science with humanities, social sciences, and the arts to foster a holistic understanding.

The new system must Emphasize on Soft Skills. The education system should prioritize the development of critical thinking, problem-solving, and creativity, which are essential in navigating complex technological landscapes. In a world where AI and automation are prevalent, the ability to collaborate effectively with others, including AI systems, will be crucial. Communication skills, both human and digital, should be emphasized. Students should be educated on the ethical implications of AI and technology, ensuring they understand the societal impacts of their work and decisions. There should be Personalized Learning. AI can be used to create personalized learning experiences that adapt to the needs of individual students. This allows for differentiated instruction, helping each student progress at their own pace and according to their unique strengths and weaknesses. The system should shift towards competency-based education, where students progress based on their mastery of skills and knowledge rather than time spent in class. This approach can better accommodate diverse learning speeds and styles.

The concept of education should extend beyond traditional schooling years. The education system must provide opportunities for lifelong learning, with flexible pathways for reskilling





and upskilling as technological demands evolve. Institutions should offer micro-credentials and modular learning options that allow learners to acquire specific skills and knowledge as needed, without committing to lengthy degree programs. Teachers need continuous professional development to stay current with technological advancements. This includes training in digital tools, AI applications, and new pedagogical methods that leverage technology. Teachers should be encouraged to collaborate across disciplines, integrating technology into various subjects and creating a more interconnected learning experience for students. Schools must invest in robust digital infrastructure, including high-speed internet, digital devices, and AI-driven educational platforms, to ensure that all students have access to modern learning tools. The education system must address the digital divide by ensuring that all students, regardless of their socioeconomic background, have access to the necessary technology and resources. Education should shift towards project-based learning, where students engage in hands-on projects that require them to apply their knowledge to real-world problems, fostering innovation and creative thinking. Schools should promote entrepreneurship and innovation, encouraging students to develop their own solutions to technological challenges and explore new business ideas.

In a connected world, students should be exposed to global perspectives and learn how to collaborate with peers from different cultures and backgrounds, using digital tools to bridge geographic gaps. The curriculum should include cultural studies and languages, preparing students to navigate and respect diverse cultural contexts in a globalized workforce. Traditional testing methods may not adequately measure the skills needed in the AI age. The education system should develop new assessment techniques that evaluate creativity, problem solving, and the ability to work with technology. Real-time feedback, facilitated by AI tools, can help students understand their progress and areas for improvement, making learning more dynamic and responsive.

In short, the education system must evolve to be more flexible, interdisciplinary, and technology-focused. By doing so, it can better prepare students for the demands of the AI-driven future, ensuring they are equipped with both the technical skills and the human-centered capabilities necessary to thrive.

The third question is: Is STEM based education the most appro-

priate system for the new era? STEM-based education (Science, Technology, Engineering, and Mathematics) is a critical component in preparing students for a technologically advanced future, but it alone may not be sufficient to solve all the challenges posed by the rise of AI and other emerging technologies. While STEM education provides essential skills and knowledge, addressing the full spectrum of needs in the AI age requires a more comprehensive approach. The strengths of STEM-Based Education include Technical Proficiency, Encouraging Innovation and Meeting Workforce Demands.

STEM education equips students with the technical skills needed to understand, develop, and work with AI, robotics, data science, and other advanced technologies. It fosters analytical thinking, problem-solving, and quantitative skills, which are essential for innovation and technological advancement. STEM fields drive much of the innovation in technology, healthcare, engineering, and environmental science. A strong STEM education encourages students to explore new ideas, create solutions to complex problems, and contribute to scientific progress. Many future jobs will require STEM-related skills. A focus on STEM education helps ensure that the workforce is prepared to meet the demands of industries that rely heavily on technology and innovation.

But, there are limitations for STEM-Based Education. It lacks Soft Skills, neglects Humanities and Social Sciences, has Ethical and Social Implications etc. STEM education often emphasizes technical skills over soft skills like communication, empathy, collaboration, and ethical reasoning. These human-centered skills are crucial for working in diverse teams, understanding societal impacts, and making ethical decisions regarding AI and technology. A purely STEM-focused approach may overlook the importance of the humanities, social sciences, and arts, which are essential for understanding the broader context in which technology operates. These fields provide insights into human behavior, ethics, culture, and social dynamics, all of which are important in the responsible development and application of AI. The rise of AI brings with it complex ethical and social challenges. STEM education alone may not fully prepare students to address questions about privacy, bias, fairness, and the societal impact of technology. Interdisciplinary education that includes ethics, philosophy, and sociology is needed to navigate these issues. While STEM encourages innovation, creativity is not confined to these fields. The arts, design, and humanities also play a vital role in fostering creativity and innovation. For example, design thinking and user-centered design approaches are critical in creating technology that is accessible, user-friendly, and impactful. In a globalized world, cultural awareness and the ability to work across different cultural contexts are increasingly important. STEM education may not always address these aspects, which are vital for collaboration in a diverse, interconnected world.

**A More Comprehensive Approach is the STEAM: (Incorporating the Arts into STEM)**

To fully prepare students for the AI age, education should integrate STEM with other disciplines, promoting a more holistic learning experience. This approach includes incorporating the Arts into STEM (STEAM) education can help foster creativity, critical thinking, and a more well-rounded understanding of how technology interacts with human experiences. Education should encourage students to explore the intersections between STEM and non-STEM fields, such as the role of AI in ethics, the impact of technology on society, and the use of data in decision-making processes across various industries. Courses on ethics, philosophy, and social responsibility should be integrated into STEM curricula to ensure that students are aware of the ethical implications of their work and are prepared to make decisions that benefit society as a whole. Emphasizing communication, teamwork, leadership, and emotional intelligence is crucial. These skills enable students to work effectively in diverse environments and to collaborate with both humans and AI systems. Education should instill a mindset of lifelong learning and adaptability, as the pace of technological change means that skills and knowledge need to be continually updated.

While STEM education is foundational and critical in addressing many of the challenges and opportunities in the AI age, it is not a stand-alone solution. A more holistic approach that integrates STEM with the arts, humanities, social sciences, and a focus on ethical and human-centered skills will be necessary to fully prepare individuals and society for the complexities of the future.

**അനിൽ വർമ്മ**
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്

# കേരളത്തിന്റെ ധന പ്രതിസന്ധി

കേന്ദ്ര സർക്കാരിൽ നിന്നും കേരളം കടുത്ത ധനകാര്യ വിവേചനം ആണ് നേരിടുന്നത്. ഈ വിവേചനം നമ്മെ ഒരു ധന പ്രതിസന്ധിയിൽ കൊണ്ടു ചെന്നെത്തിച്ചിരിക്കുന്നു. ഇന്ത്യയിൽ ധനകാര്യ പ്രതിസന്ധി അനുഭവിക്കുന്ന ഏക സംസ്ഥാനമല്ല കേരളം. ഒരു കണക്ക് നോക്കാം. 15 -ാം ധനകാര്യ കമ്മീഷന്റെ അഭിപ്രായത്തിൽ എല്ലാ സംസ്ഥാനങ്ങളുടെയും ചിലവ് കൂട്ടിയാൽ ആകെ ദേശീയ ചിലവിന്റെ 62 % വരും. എന്നാൽ മൊത്തം വരുമാനത്തിന്റെ കേവലം 37% മാത്രമാണ് സംസ്ഥാനങ്ങളുടെ വരുമാനം. സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളെയും ആരോഗ്യരംഗത്തെ അടിയന്തിര സാഹചര്യങ്ങളെയും മറ്റ് വികസന പ്രശ്നങ്ങളേയും മുന്നിൽ നിന്ന്, ജനങ്ങളോട് ചേർന്നു നിന്നു കൊണ്ട്, നേരിടുന്നത് സംസ്ഥാന സർക്കാറുകൾ ആണ്. എന്നാൽ ചിലവിന്റെ 62% വഹിക്കുന്ന അവരുടെ വിഭവങ്ങൾ തുലോം പരിമിതമാണ്. കേവലം 37% മാത്രം. 38% മാത്രം ചിലവ് വഹിക്കുന്ന കേന്ദ്ര സർക്കാരിന് 62 % വിഭവങ്ങൾ ലഭിക്കുകയും ചെയ്യുന്നു. അതായത് രാജ്യത്തെ വിഭവങ്ങളുടെ ഏറിയ പങ്കും കേന്ദ്രത്തിനും വികസനചിലവിനുള്ള ബാധ്യതയിൽ ഏറിയ പങ്കും സംസ്ഥാനത്തിനും എന്ന രീതിയിലാണ് ഇന്ത്യയുടെ ഫിസ്കൽ ഫെഡറലിസം ഇന്ന് നിലനില്ക്കുന്നത്! ഇന്ത്യ പോലെ വിശാലമായ ഒരു രാജ്യത്ത്, ഈ തരത്തിൽ ഒരു വെർടിക്കൽ ഫിസ്കൽ ഇംബാലൻസ് (VFI) ഉണ്ടാകുക എന്നത് സ്വാഭാവികമാണ്. പക്ഷേ അതിനെ മറികടക്കുന്ന വിധത്തിൽ കേന്ദ്ര സർക്കാർ വിഭവങ്ങൾ വിതരണം ചെയ്യാത്തത് തലകീഴായ ഒരു ധനകാര്യ സംവിധാനത്തിലേക്ക് രാജ്യത്തെ നയിക്കും. ഇന്ത്യയിൽ ഇന്ന് നിലനിലകുന്ന തലകീഴായ ഈ ധനകാര്യ സംവിധാനത്തിന്റെ ഇരകളായി തീർന്നിരിക്കുന്നത് കേരളം അടക്കമുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ആണ്. ഈ സാഹചര്യത്തിലാണ് 16 -ാം ധനകമ്മീഷൻ കേരളം അടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്നു അവരുടെ റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ ആരാഞ്ഞത്.

ഭൂമിശാസ്ത്രപരമായി ഇന്ത്യ ഒരു വലിയ രാജ്യമാണ്. ഒരു വലിയ രാജ്യത്തിന്റെ പൊതുവായ താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കാതെ പ്രാദേശിക താപര്യങ്ങളെ സംരക്ഷിക്കാനും മുന്നോട്ടു നയിക്കാനും ഫെഡറൽ സംവിധാനത്തിൽ ഫലപ്രദമായി സാധിക്കും. കൂടാതെ ഫെഡറൽ സംവിധാനത്തിലാണ് അധികാരത്തിന്റെ വികേന്ദ്രീകരണം ഏറെ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ സാധ്യത. കേന്ദ്രവും സംസ്ഥാനങ്ങളും അന്യോന്യം സ്വതന്ത്രവും പരസ്പര പൂരകവുമായ കടമകൾ നിർവഹിച്ചു കൊണ്ടാണ് ഇത് സാധ്യമാക്കുന്ന




ത്. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ വ്യാപ്തി മാത്രമല്ല ചരിത്രപരമായും സാംസ്കാരികമായും ബഹുഭാഷാ - ബഹുദേശീയ രാഷ്ട്രമാണ് ഇന്ത്യ എന്നതുകൊണ്ട് വിവിധങ്ങളായ വർഗ്ഗങ്ങളുടെ സാംസ്കാരിക സാമൂഹിക വളർച്ച ഉറപ്പുവരുത്തുന്ന തിനും രാജ്യത്തിന്റെ ഐക്യം നിലനിർത്തുന്നതിനും ഫെഡറൽ സംവിധാനമാണ് ഏറെ അഭികാമ്യമായ രീതി. രാജ്യത്തെ വിവിധ ഉപ ദേശീയതകൾക്ക് നൽകിയ അംഗീകാരം എന്ന നിലയിൽ സംസ്ഥാനങ്ങൾക്കും സ്വയംഭരണം ഉറപ്പുവരുത്തി കൊണ്ടുള്ള ഒരു കാഴ്ചപ്പാടാണ് ഇന്ത്യയുടെ ദേശീയ പ്രസ്ഥാനം വികസിപ്പിച്ചത്. പ്രാദേശിക തലത്തിൽ നിലനിൽക്കുന്ന അവികസനവും അസന്തുലിതാവസ്ഥയും മനസ്സിലാക്കി കൂടുതൽ കാര്യക്ഷമമായി വിഭവങ്ങൾ വിനിയോഗിക്കുന്നതിന് ഫെഡറൽ സംവിധാനത്തിലെ യൂണിയൻ സർക്കാറിന് സാധിക്കും എന്നതാണ് ഈ സംവിധാനത്തിന്റെ ഏറ്റവും വലിയ മേന്മ. സംസ്ഥാനങ്ങളും കേന്ദ്രവും യോജിച്ചുകൊണ്ട് സാമ്പത്തിക വികസന പ്രക്രിയ മുന്നോട്ട് കൊണ്ടുപോകാൻ ഈ സംവിധാനം ഏറ്റവും അനുയോജ്യമാണ് എന്നാണ് 15 -ാം ധനകാര്യ കമ്മീഷൻ അഭിപ്രായപ്പെട്ടത്. വിവിധ തലങ്ങളായി നിലനിൽക്കുന്ന സർക്കാരുകൾ ഒരേ പൌരന്മാരെ ഭരിക്കുമ്പോൾ സർക്കാരുകളുടെ ചുമതലകളെ സംബന്ധിച്ചും നികുതി പിരിക്കാനുള്ള അധികാരത്തെ സംബന്ധിച്ചും കൃത്യമായ നിർവചനം ആവശ്യമായി വരും. ചുമതലകളുടെയും നികുതി പിരിവിനെ സംബന്ധിച്ചുമുള്ള ഈ അധികാര വികേന്ദ്രീകരണം കൂടുതൽ ചുമതലകൾ ഉള്ള പ്രാദേശിക സർക്കാരുകൾക്ക് കൂടുതൽ വിഭവം എന്ന സാമാന്യ നിയമം ഉറപ്പുവരുത്തും. മാത്രമല്ല പ്രദേശങ്ങൾ തമ്മിലുള്ള വികസന അസമത്വം മാത്രമല്ല പ്രദേശങ്ങൾക്ക് ഉള്ളിലുള്ള വികസന അസമത്വം കുറയ്ക്കാനും ഇത് ഉപകരിക്കും.

കേരളത്തിന്റെ ധന പ്രതിസന്ധിയുടെ കാരണങ്ങൾ ചർച്ച ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്. 2022 ൽ ജി എസ് ടി കോമ്പൻസേഷൻ നിർത്തലാക്കിയത്, കേരളത്തിന്റെ കടമെടുപ്പ് പരിധി കുറച്ചത്, പോസ്റ്റ് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നിർത്തലാക്കിയത്, സെസ്സുകളും സർച്ചാർജ്ജുകളും ചുമത്തി പങ്കുവയ്ക്കേണ്ട നികുതി കൂടയുടെ (divisible pool) വലുപ്പം കുറച്ചത് പ്രത്യേക പാക്കേജുകള് ഒന്നും അനുവദിക്കാത്തത്, അടിയന്തിര ഘട്ടങ്ങളിൽ അനുവദിച്ച സേവനങ്ങൾക്കുള്ള പണം തിരികെ ചോദിക്കുന്നത്, കടമെടുപ്പ് പരിധി കുറയ്ക്കുന്നത് തുടങ്ങി കേരളത്തിന് നേരെ ഒരു അപ്രഖ്യാപിത സാമ്പത്തിക അടിയന്തിരാവസ്ഥ തന്നെ കേന്ദ്രം എർപ്പെടുത്തിയിരിക്കുന്നു. വിഖ്യാത സാമ്പത്തിക വിദഗ്ധ ഡോ ജയതി ഘോഷ്, കോവിട് പശ്ചാത്തലത്തിൽ ഇന്ത്യയിലെ കേന്ദ്ര സംസ്ഥാന ബന്ധങ്ങളെ സംബന്ധിച്ച് അഭിപ്രായപ്പെട്ടതു പോലെ "ഉത്തരവാദിത്വങ്ങളും ബാധ്യതകളും മുഴുവൻ സംസ്ഥാന സർക്കാരിനും വരുമാനം മുഴുവൻ കേന്ദ്ര സർക്കാരിനും" എന്ന തലകീഴായ ധന നയം അടിച്ചേൽപ്പിച്ചതിനാലാണ് കേരളം ധന പ്രതിസന്ധിയിൽ ആകാൻ കാരണം. ഇക്കാര്യത്തിൽ ശക്തമായ ജനകീയ പ്രതിഷേധം ഉയർന്നു വരേണ്ട സമയമാണിത്. അതിനായി വസ്തുതകൾ ജനങ്ങളെ അറിയിയ്ക്കാനും മേൽ സൂചിപ്പിച്ച കാരണങ്ങളുടെ അടിസ്ഥാനത്തിൽ 16-ാം ധനകമ്മീഷന് മുന്നിൽ നമുക്ക് വയ്ക്കാനുള്ള ചില മൂർത്തമായ ആശയങ്ങളിലേക്ക് എത്തിച്ചേരാനും ലക്ഷ്യമിടുന്നതാണ് ഈ ലേഖനം.

# എന്താണ് ഫെഡറലിസം

ഒരു കേന്ദ്രീകൃത ഭരണവും അതിനു കീഴിൽ നിരവധി പ്രവിശ്യാ സർക്കാരുകളും ആ പ്രവിശ്യാ സർക്കാരുകൾക്ക് കീഴിൽ ഒട്ടേറെ തദ്ദേശ ഭരണ സംവിധാനങ്ങളും ഉള്ള ഒരു ഭരണരീതിയാണ് ഫെഡറലിസം. സ്വയംഭരണ അവകാശമുള്ള പ്രവിശ്യകൾ അഥവാ സംസ്ഥാനങ്ങൾ കൂടിച്ചേർന്ന് രൂപം കൊള്ളുന്ന രാഷ്ട്രങ്ങളെയാണ് ഫെഡറേഷൻ എന്ന് വിളിക്കുന്നത്. ഇന്ത്യൻ ഭരണഘടന പ്രകാരം സംസ്ഥാനങ്ങളുടെ ഒരു യൂണിയനാണ് നമ്മുടെ രാജ്യം. ഫെഡറേഷന്റെ രൂപമുള്ള, ഏകീകൃത സ്വഭാവമുള്ള ഒരു രാഷ്ട്രമാണ് ഇന്ത്യ. ഇന്ത്യയിൽ കേന്ദ്രഭരണത്തിന് കീഴിൽ സംസ്ഥാന സർക്കാരുകളും അവയ്ക്ക് കീഴിൽ ജില്ലാ പഞ്ചായത്ത് സംവിധാനങ്ങളും ഉണ്ട്. ജില്ലാ പഞ്ചായത്തിന് കീഴിൽ ബ്ലോക്ക് പഞ്ചായത്ത് അതിനു കീഴിൽ ഗ്രാമ പഞ്ചായത്ത് / മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നീ തദ്ദേശ ഭരണ സംവിധാനങ്ങളും ഉണ്ട്. വിവിധ സർക്കാറുകൾ തമ്മിൽ ഭരണം നടത്തേണ്ടതും നികുതി പിരിക്കേണ്ടതുമായ വിഷയങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ കൃത്യമായി വിഭജിച്ചിട്ടുണ്ട്.

ഇന്ന് മറ്റ് ചില ഭരണ രീതികൾ കൂടി പ്രചാരത്തിലുണ്ട്. സിറ്റി സ്റ്റേറ്റ് ആയ സിംഗപ്പൂർ, മൊറോക്കൊ എന്നിവ ഒറ്റ ഗവണ്മെന്റ് മാത്രമുള്ള പൂർണ്ണമായും കേന്ദ്രീകൃത ഭരണരീതി പിന്തുടരുന്നു. ചൈന, ഈജിപ്ത്, ഫ്രാൻസ്, ഇറ്റലി, ജപ്പാൻ, കൊറിയ, തുടങ്ങിയ രാജ്യങ്ങൾ പ്രവിശ്യകൾ ഉള്ള ഏകീകൃതമായ (unitary system) ഭരണ രീതി ആണ് പിന്തുടരുന്നത്. ഈ രണ്ട് ഭരണ രീതികളിലും നികുതി പിരിക്കാനും ഭരണം നടത്താനും ഉള്ള അവകാശം അവരുടെ ഭരണഘടന അനുസരിച്ച് ഏറെക്കുറെ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായിരിക്കും. പഴയ യു എസ് എസ് ആർ, ഇപ്പോളത്തെ യൂറോപ്യൻ യൂണിയൻ, യുണൈറ്റഡ് നേഷ്യൻസ് എന്നിവ പിന്തുടരുന്നത് കോൺഫെഡറൽ ഭരണ രീതി ആണ്. ഈ ഭരണക്രമം അനുസരിച്ച് കേന്ദ്രം പ്രവിശ്യാ സർക്കാറുകളുടെ ഏജന്റ് ആയാണ് പ്രവർത്തിക്കുന്നത്. ഈ ഭരണക്രമം പിന്തുടരുന്ന ഭരണഘടന അനുസരിച്ച് ഭരണം നടത്താനും നികുതി പിരിക്കാനും അവകാശം പ്രവിശ്യാ സർക്കാരുകൾക്ക് ആയിരിക്കും.

## ഇൻഡ്യൻ ഭരണഘടനയും കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങളും

വിവിധതലങ്ങളിലുള്ള സർക്കാരുകൾക്കിടയിൽ അധികാരങ്ങൾ പങ്കുവയ്ക്കുന്നതിന് കൃത്യമായ വ്യവസ്ഥകൾ ഇന്ത്യയുടെ ഭരണഘടന തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയുടെ ഏഴാം പട്ടികയിൽ യൂണിയൻ ലിസ്റ്റ്, സംസ്ഥാന ലിസ്റ്റ്, കൺകറണ്ട് ലിസ്റ്റ് എന്നിങ്ങനെ പാർലമെന്റിന്റെയും സംസ്ഥാന നിയമനിർമാണ സഭകളുടെയും അധികാരം ലിസ്റ്റ് ചെയ്തിട്ടുണ്ട്. യൂണിയൻ ഗവണ്മെന്റിന്റെ അധികാരങ്ങളായ വിദേശബന്ധങ്ങൾ രാജ്യ രക്ഷ തുടങ്ങിയവ യൂണിയൻ ലിസ്റ്റിൽപെടുന്നവയാണ്. സംസ്ഥാനങ്ങളുടെ അധികാരങ്ങളായ ക്രമസമാധാനം പ്രാഥമിക വിദ്യാഭ്യസം തുടങ്ങിയവ സ്റ്റേറ്റ് ലിസ്റ്റിലുംപ്പെടുന്നു. ഇരു സർക്കാരുകളും സംയുക്തമായി കയ്യാളുന്ന മേഖലകൾ കൺകറന്റ് ലിസ്റ്റിൽ ആണ് ഉൾപ്പെടുത്തി വിശദീകരിച്ചിരിക്കുന്നത്. പിന്നീട് ഭരണഘടനാ ഭേദഗതിയിലൂടെ പ്രാദേശിക സർക്കാരുകളുടെ ചുമതലകൾ വ്യക്തമാക്കി പഞ്ചായത്തി രാജ് നാഗരപാലികാ ബില്ലും നിയമമാക്കി. ഇതിന്റെ അടിസ്ഥാനത്തിലാണ് ത്രിതല പഞ്ചായത്തുകൾ നിലവിൽ വന്നത്.

വികസനത്തിനായി രാജ്യത്തിലെ വിഭവങ്ങൾ വിതരണം ചെയ്യുമ്പോൾ ഇന്ത്യയിലെ യൂണിയൻ സർക്കാരും സംസ്ഥാന സർക്കാരുകളും തമ്മിൽ വലിയ അന്തരം ഉണ്ടാകുമെന്ന് ഭരണഘടനാ ശില്പികൾ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. നികുതി പിരിക്കാനുള്ള മേഖലകളും ചിലവ് നടത്താനുള്ള ബാധ്യതകളും സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ വീതം വയ്ക്കുമ്പോൾ ഇന്ത്യ പോലെ വിശാലമായ ഒരു രാജ്യത്ത് തീർച്ചയായും ഈ അസമത്വം സാമൂഹിക അസമത്വത്തിലേക്ക് നയിക്കും എന്ന് അവർ മനസ്സിലാക്കിയിരുന്നു. ആ അസമത്വം പരിഹരിക്കാൻ ആണ് ധനകാര്യ കമ്മീഷനുകൾ എന്ന ആശയം കൊണ്ടുവന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 280 പ്രകാരം ഇന്ത്യൻ പ്രസിഡന്റ് നിയമിക്കുന്ന കമ്മീഷനാണ് ധനകാര്യ കമ്മീഷൻ. പങ്കുവയ്ക്കേണ്ടുന്ന നികുതി കൂടയിൽ (ഡിവിസിബിൾ പൂൾ) കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും വിഹിതം നിശ്ചയിക്കുക (വെർട്ടിക്കൽ ഡവലൂഷൻ), അങ്ങിനെ സംസ്ഥാനങ്ങൾക്ക് ലഭിച്ച വിഹിതം വിവിധ സംസ്ഥാനങ്ങൾക്കിടയിൽ വിതരണം നടത്തുന്നതിനു (ഹോറിസോണ്ടൽ ഡവലൂഷൻ) വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുക , കേന്ദ്രത്തിൽ നിന്ന് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളുടെ വിതരണത്തിന് മേൽ

നോട്ടം വഹിക്കുക എന്നിവയൊക്കെ ധനകാര്യ കമ്മീഷനുകളുടെ ഭരണഘടനാപരമായ ചുമതലകൾ ആണ്.

വിഭവങ്ങളുടെ ഹോറിസോൺടൽ ഡവലൂഷൻ നടത്തുന്നതിനായി രാജ്യത്തെ എല്ലാ സംസ്ഥാനങ്ങൾക്കും ഗുണകരമാകുന്ന വിധത്തിൽ ഉള്ള മാനദണ്ഡങ്ങൾ ആണ് ധനകാര്യ കമ്മീഷനുകൾ കൈക്കൊള്ളാറുള്ളത്. ഓരോ മാനദണ്ഡത്തിനും അതിന്റെ പ്രാധാന്യത്തിന് അനുസരിച്ച് ഉള്ള വെയിറ്റ് നൽകിയിട്ടുണ്ടാവും. ഓരോ അഞ്ചു വർഷത്തേക്കും നിയമിക്കപ്പെടുന്ന ധനകാര്യ കമ്മീഷനുകൾ അവർക്ക് നൽകിയിരിക്കുന്ന പരിഗണനാ വിഷയങ്ങളുടെ (ടേംസ് ഓഫ് റഫറൻസിന്റെ) അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇതുവരെ രാജ്യത്ത് പതിനഞ്ചു ധനകമ്മീഷനുകളാണ് നിയമിക്കപ്പെട്ടിട്ടുള്ളത്. പതിനാറാം ധനകമ്മീഷന്റെ ചെയർമാൻ അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ധനും നീതി ആയോഗിന്റെ മുൻ ചെയർമാനും ആയ അരവിന്ദ് പനഗേറിയ ആണ്. പതിമൂന്നാം ധനകാര്യ കമ്മീഷൻ മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ വരെ സംസ്ഥാനങ്ങൾക്ക് ലഭിച്ച കേന്ദ്ര വിഹിതം പങ്കുവയ്ക്കാൻ അതാത് ധന കമ്മീഷനുകൾ അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങളും അവയുടെ വെയിറ്റും താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്.

## എന്താണ് ഫിസ്കൽ ഫെഡറലിസം ?

റിച്ചാർഡ് മസ്ഗ്രേവ് (1959) എന്ന അമേരിക്കന് സാമ്പത്തിക വിദഗ്ധൻ ആണ് ആദ്യമായി ഫിസ്കൽ ഫെഡറലിസം വാക്ക് ഉപയോഗിച്ചത്. ഈ ആശയം മുകളിൽ സൂചിപ്പിച്ച എല്ലാ (ഏകീകൃത, ഫെഡറൽ, കോൺഫെഡറൽ) ഭരണ ക്രമങ്ങൾക്കും ബാധകമാണ്: സർക്കാരിന്റെ വിവിധ തലങ്ങൾ ആയ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സർക്കാർ പ്രവർത്തനങ്ങളുടെയും സാമ്പത്തിക ബന്ധങ്ങളുടെയും വിഭജനം ആണ് ഫിസ്കൽ ഫെഡറലിസം എന്ന് ലളിതമായി നിർവചിക്കാം. ഒരു ഫെഡറൽ സംവിധാനത്തിൽ കേന്ദ്ര സർക്കാർ നികുതി കാര്യക്ഷമമായി സംസ്ഥാനങ്ങൾക്ക് വീതിച്ചു നല്കുന്നതിലൂടെ രാജ്യത്തെ വിവിധ പ്രദേശങ്ങൾ തമ്മിലുള്ള സാമ്പത്തിക സാമൂഹിക വികസന അസമത്വം കുറയ്ക്കാൻ സാധിക്കും. സമ്പത്തിന്റെ പുനർവിതരണവും സാമ്പത്തിക സന്തുലിതാവസ്ഥ ഉറപ്പുവരുത്തലും ഫെഡറൽ സർക്കാരിന്റെയും വിഭവങ്ങളുടെ വിന്യാസം സംസ്ഥാനങ്ങളുടെയും ചുമതല ആയിരിക്കും എന്നും മസ്ഗ്രേവ് വ്യക്തമാക്കുന്നു. ജനങ്ങളുടെ സാമൂഹികവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾ പ്രാദേശിക തലത്തിൽ അവരവരുടെ പ്രശ്നങ്ങളുമായി പൊരുത്തപ്പെടുന്ന തരത്തിൽ കൈകാര്യം ചെയ്യണമെന്ന് വിശ്വസിക്കുന്ന സാമൂഹിക സംഘടനയുടെ തത്വമാണ് സബ്സിഡിയറിറ്റി എന്ന് അറിയപ്പെടുന്നത്. സംസ്ഥാന സർക്കാറുകൾ ആണ് യൂണിയൻ സർക്കാരിനെ അപേക്ഷിച്ച് പ്രാദേശിക സർക്കാറുകൾ എന്നതിനാൽ ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങളേയും പ്രകൃതി ദുരന്തങ്ങളെയും ആരോഗ്യ രംഗത്തെ അടിയന്തിര സാഹചര്യങ്ങളെയും നേരിടേണ്ടത് ജനങ്ങളുമായി കൂടുതൽ അടുത്ത നിൽക്കുന്ന സംസ്ഥാന സർക്കാറുകൾ ആണ്. എന്നാൽ സംസ്ഥാനങ്ങൾ ചിലവ് നിയന്ത്രിച്ച് ധനകാര്യ അച്ചടക്കം ഉറപ്പുവരുത്തണം എന്നാണ് ചില പണ്ഡിതരുടെ അഭിപ്രായം.

സംസ്ഥാനങ്ങളുടെ ചിലവ് നിയന്ത്രിക്കുന്നതിലൂടെ കൂടുതൽ ധനകാര്യ അച്ചടക്കം കൊണ്ടുവരണമെന്ന് ശഠിക്കുന്ന നമ്മുടെ നാട്ടിലെ ചില പണ്ഡിതരുടെ അഭിപ്രായങ്ങളെ ഖണ്ഡിക്കുന്നതാണ് ആർ ബി ഐ 2013 ൽ പ്രസിദ്ധീകരിച്ച ഒരു പഠനം. സംസ്ഥാനങ്ങളുടെ റവന്യൂ ചിലവ് ഒരു ശതമാനം വർദ്ധിച്ചാൽ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ അത് 0.60 ശതമാനം വർദ്ധനവ് ഉണ്ടാക്കും എന്നാണ് ഈ പഠനം പറയുന്നത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ റവന്യൂ ചിലവ് ഒരു ശതമാനം വർദ്ധിച്ചാൽ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ അത് 0.19 ശതമാനം വർദ്ധനവ് മാത്രമേ ഉണ്ടാക്കുകയുള്ളൂ. എന്നാൽ സംസ്ഥാനങ്ങളുടെ മൂലധന ചിലവിൽ ഉണ്ടാകുന്ന ഒരു ശതമാനം വർദ്ധന മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ 2.13 ശതമാനം വർദ്ധനവ് ഉണ്ടാക്കും. കേന്ദ്രത്തിന്റെ കാര്യത്തിൽ മൂലധന ചിലവ് ഒരു ശതമാനം കൂടിയാൽ ആഭ്യന്തര ഉല്പാദനം 0.39 ശതമാനമേ കൂടുകയുള്ളൂ. (Rajeev Jain and Prabhat Kumar, 2013). അതായത് മൊത്തം ആഭ്യന്തര ഉല്പാദനത്തെ സ്വാധീനിക്കാൻ കേന്ദ്രത്തിന്റെ റവന്യൂ – മൂലധന ചിലവുകളെ അപേക്ഷിച്ച് കൂടുതൽ കാര്യക്ഷമമായ റവന്യൂ – മൂലധന ചിലവുകൾ സംസ്ഥാനങ്ങൾ നടത്തുന്നവ ആണ് എന്നാണ് കണ്ടെത്തൽ. സംസ്ഥാനങ്ങൾ ചിലവ് വർദ്ധിപ്പിക്കേണ്ടതിന്റെ അവശ്യകതയാണ് ഈ പഠനങ്ങൾ കാണിച്ചു തരുന്നത്.

**പട്ടിക 1. ധന കമ്മീഷൻ മാനദണ്ഡങ്ങളും വെയിറ്റും**

| ധന കമ്മീഷൻ (15) 2020-2025 | | ധന കമ്മീഷൻ (14) 2015-2020 | | ധന കമ്മീഷൻ (13) 2010-2015 | |
|---|---|---|---|---|---|
| മാനദണ്ഡം | വെയിറ്റ് (%) | മാനദണ്ഡം | വെയിറ്റ് (%) | മാനദണ്ഡം | വെയിറ്റ് (%) |
| വിഹിതം | 41 | വിഹിതം | 42 | വിഹിതം | 32 |
| ജനസംഖ്യ | 15 | ജനസംഖ്യ | 17.5 | ജനസംഖ്യ -1971 | 25 |
| ഭൂവിസ്തൃതി | 15 | ജനസംഖ്യാ മാറ്റം | 10 | ഭൂവിസ്തൃതി | 10 |
| വനവിസ്തൃതി | 10 | വരുമാന വിടവ് | 50 | ധനകാര്യ വിടവ് | 47.5 |
| വരുമാന വിടവ് | 45 | ഭൂവിസ്തൃതി | 15 | ധനകാര്യ അച്ചടക്കം | 17.5 |
| നികുതിപിരിവ് | 2.5 | വനവിസ്തൃതി | 7.5 | | |
| ജനസംഖ്യ നിയന്ത്രണം | 12.5 | | | | |
| ആകെ | 100 | | 100 | | 100 |

**കേന്ദ്രത്തിൽ നിന്നും സംസ്ഥാന ങ്ങൾക്ക് എങ്ങനെയൊക്കെയാണ് പണം ലഭിക്കുന്നത്?**

നാലു രീതിയിലാണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് പണം ലഭിക്കുന്നത്. ഒന്നാമത്തേത് , ധനകാര്യ കമ്മീഷന്റെ തീർപ്പ് പ്രകാരം പങ്കുവയക്കേണ്ടുന്ന നികുതി കൂടയിൽ നിന്നുള്ള സംസ്ഥാന വിഹിതം ആണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഈ കാര്യത്തിൽ തീരുമാനമെടുക്കും. ഇതിനെ വെർടിക്കൽ ഡെവലൂഷൻ എന്നാണ് പറയുന്നത്. ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനനത്തിൽ സംസ്ഥാനങ്ങൾക്ക് കിട്ടിയ വിഹിതം അവർക്കിടയിൽ വിതരണം ചെയ്യുന്നതും ധനകമ്മീഷന്റെ തീർപ്പ് പ്രകാരമാണ്. ഇതിനെ ഹോറിസോൺടൽ ഡെവലൂഷൻ എന്ന് പറയുന്നു. ആവശ്യം (need)\, സമത്വം (equity), കാര്യക്ഷമത (efficiency) എന്നീ പൊതു തത്ത്വങ്ങളിൽ അധിഷ്ഠിതമായ മാനദണ്ഡങ്ങൾ ആണ് സ്വീകരിക്കപ്പെടുക. ഉദാഹരണത്തിന് 15-ാം ധന കമ്മീഷൻ 45% വെയിറ്റ് സമത്വം (വരുമാന വിടവ്) 40 ശതമാനം ആവശ്യം (ജനസംഖ്യ, വിസ്തൃതി, വന വിസ്തൃതി) 15 ശതമാനം കാര്യക്ഷമത (ജനസംഖ്യ, നിയന്ത്രണം, നികുതി പിരിവ് ) എന്നിങ്ങനെയാണ് സ്വീകരിച്ചത്.

രണ്ടാമതായി കേന്ദ്ര ധനകാര്യ കമ്മീഷന്റെ തീർപ്പ് പ്രകാരമുള്ള ചില ഗ്രാന്റുകൾ ആണ്. ഉദാഹരണമായി നികുതി വിഹിതം സംസ്ഥാനങ്ങളുമായി പങ്കു വച്ചതിനുശേഷം സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന റവന്യൂ കമ്മി പരിഹരിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് കേന്ദ്രം നൽകുന്ന ഗ്രാൻഡ് ഇൻ എയ്ഡ് ആണ് പോസ്റ്റ് റവന്യൂ ഡെഫിസിറ്റ് ഗ്രാൻഡ്. ഇത് സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി പരിഹരിക്കാൻ വേണ്ടി കേന്ദ്രം സംസ്ഥാനങ്ങൾക്ക് ഭരണഘടന അനുസൃതമായി നല്കുന്ന വിഹിതം ആണ്. ഇത് തുടരുന്നതിന് കേന്ദ്രം വിമുഖത കാട്ടുന്നു. 15 -ാം ധനകാര്യ കമ്മീഷനോട് റവന്യൂ ഗ്രാന്റ് തുടരണോ എന്ന് തീരുമാനിക്കാൻ ആവശ്യപ്പെടുകയാണ് കേന്ദ്ര സർക്കാർ ചെയ്തത്. ഈ ഇനത്തിൽ കേരളത്തിന് ലഭിക്കുമായിരുന്ന തുകയും പൂർണമായി നല്കിയിട്ടുമില്ല.

മൂന്നാമതായി ഭരണഘടന അനുസൃതമായി നൽകുന്ന മേൽ സൂചിപ്പിച്ച ഗ്രാന്റുകൾക്ക് പുറമേ കേന്ദ്രസർക്കാരിന്റെ വിവേചന അധികാരം ഉപയോഗിച്ച് നൽകുന്ന ഗ്രാൻഡുകളും ഉണ്ട്. മുൻപ് ആസൂത്രണ കമ്മീഷൻ നിലനിന്നിരുന്ന കാലത്ത് നൽകിയിരുന്ന അത്തരം ഗ്രാൻഡുകളിൽ സംസ്ഥാനങ്ങൾക്ക് അഭിപ്രായപ്രകടനം നടത്താനുള്ള സാഹചര്യം നിലനിന്നിരുന്നു. പണ്ട് കേന്ദ്ര ബഡ്ജറ്റിന്റെ 30 ശതമാനം പ്ലാൻ ഫണ്ട് ആയിരുന്നു. കേന്ദ്ര ആസൂത്രണ കമ്മീഷൻ പിരിച്ചുവിടുകയും നീതി ആയോഗ് എന്ന സംവിധാനം നിലവിൽ വരുകയും ചെയ്തു തോടുകൂടി ഇത്തരം ഗ്രാന്റുകളിൽ അഭിപ്രായം പറയാനുള്ള സംസ്ഥാന സർക്കാരുകളുടെ അവസരം നഷ്ടപ്പെട്ടിരിക്കുകയാണ്. കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുമായി ചേർന്ന് കേന്ദ്രാവിഷ്കൃത പദ്ധതികൾ ആയി സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ കേന്ദ്ര വിഹിതം ഇത്തരം ഗ്രാൻഡുകൾക്ക് ഉദാഹരണമാണ്.

നാലാമതായി പൂർണമായും കേന്ദ്ര ധനസഹായത്തോടുകൂടി സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന കേന്ദ്ര ആവിഷ്കൃത പദ്ധതികൾ ആണ്. പി എം കിസാൻ, വിള ഇൻഷുറൻസ് സ്കീം, റീജണൽ കണക്റ്റിവിറ്റി സ്കീം, പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് സ്കീം ഉദാഹരണങ്ങളാണ്. 2015 16 കാലയളവിൽ 521,000 കോടി ആയിരുന്ന ഇത്തരം പദ്ധതികളുടെ ചിലവുകൾ 2022 23 കാലയളവിൽ 1468000 കോടി രൂപയായി വർദ്ധിച്ചു. ഇത്തരം പദ്ധതികളുടെ വിതരണത്തിന്റെ

നല്ലൊരു പങ്കും ബിജെപിയോ ബി ജെപിയോട് ചേർന്ന് നിൽക്കുന്ന രാഷ്ട്രീയ പാർട്ടികളോ ഭരിക്കുന്ന സംസ്ഥാനങ്ങൾക്കാണ് ലഭിച്ചിരിക്കുന്നത്. 2015-2016 ബഡ്ജെറ്റിൽ, മേൽ സൂചിപ്പിച്ച മൂന്നും നാലും ഗ്രാൻഡുകളുടെ ഘടനയിൽ സമൂലമായ മാറ്റം കേന്ദ്രസർക്കാർ വരുത്തി.

### പങ്കുവയ്ക്കേണ്ട നികുതിക്കൂട (divisible pool)

എന്താണ് വെർടിക്കൽ ഡെവലൂഷൻ, എന്താണ് ഹോറിസോൻടൽ ഡെവലൂഷൻ എന്നിവ മനസ്സിലാക്കണമെങ്കിൽ പങ്കുവയ്ക്കേണ്ട നികുതിക്കൂട (divisible pool) എന്നാൽ എന്താണ് എന്ന് മനസ്സിലാക്കണം. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രം സമാഹരിക്കുന്ന മൊത്തം നികുതി വരുമാനത്തിന്റെ ഒരു ഭാഗം സംസ്ഥാനങ്ങളുമായി പങ്കുവെക്കേണ്ടതുണ്ട്. ഇതിനെ വെർടിക്കൽ ഡവലൂഷൻ എന്നാണ് പറയുക. സംസ്ഥാനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന മൊത്തം (ഗ്രോസ്) നികുതി വരുമാനത്തിൽ നിന്നും സെസ്സും സർചാർജ്ജും നികുതി പിരിക്കാൻ ആവശ്യമായ ചെലവും കുറച്ചു കഴിഞ്ഞാൽ ലഭിക്കുന്നതാണ് പങ്കുവെക്കേണ്ട നികുതിക്കൂട. അത് എത്രയാണെന്ന് തീരുമാനിക്കുന്നത് അഞ്ചു വർഷ കാലയളവിലേക്ക് നിയമിക്കപ്പെടുന്ന ധനകാര്യ കമ്മീഷനുകൾ ആണ്. മുൻപ് കോർപ്പറേഷൻ ടാക്സുകളും കസ്റ്റംസ് ഡ്യൂട്ടിയും പൂർണമായും യൂണിയൻ ആയിരുന്നു കയ്യടക്കിയിരുന്നത്. 2000 ത്തിനു മുൻപ് വരുമാന നികുതിയും എക്സൈസ് ഡ്യൂട്ടിയും സംസ്ഥാനങ്ങളുമായി പങ്കുവെച്ചിരുന്നു. ധനകാര്യ കമ്മീഷൻ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആയിരുന്നു സെസ്സുകളും സർചാർജുകളും ഇക്കാലത്ത് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണമോ വേണ്ടയോ എന്ന് തീരുമാനിച്ചിരുന്നത്. 2000 യിൽ ഒരു ഭരണഘടന ഭേദഗതിയെ തുടർന്ന് കേന്ദ്രസർക്കാരിന്റെ എല്ലാ നികുതി വരുമാനവും പങ്കുവെക്കേണ്ട നികുതിക്കൂടയിൽ ചേർക്കപ്പെട്ടു. പക്ഷേ സെസ്സുകളും സർചാർജ്ജുകളും ഭരണഘടനയുടെ 270, 271 വകുപ്പുകൾ പ്രകാരം ഈ പങ്കുവെക്കേണ്ട നികുതി കൂടയുടെ പുറത്ത് സൂക്ഷിക്കപ്പെട്ടു.

ഏതെങ്കിലും ഒരു പ്രത്യേക ചിലവ് നടത്തുന്നതിനുള്ള വിഭവസമാഹരണം നടത്താൻ ഹ്രസ്വ കാലയാളവിലേക്കായി പിരിക്കുന്ന നികുതിയാണ് സെസ്സുകൾ. ആദായ നികുതിക്കും കോർപ്പറേറ്റ് നികുതിക്കും മുകളിൽ ചുമത്തുന്ന നികുതികൾ ആണ് സർച്ചാർജ്ജുകൾ. ചില മേഖലകളിൽ നിന്നുമാത്രം പിരിച്ചെടുക്കുന്നവ ആയതിനാൽ ഇവയെ പങ്കുവയ്ക്കേണ്ട കൂടയിൽ ഉൾപ്പെടുത്താറില്ല. ഹ്രസ്വകാലത്തേക്ക് എന്നു പറഞ്ഞ് ചുമത്തുന്നവയാണെങ്കിലും ഒരിക്കൽ പ്രാബല്യത്തിൽ വരുത്തിയാൽ പിന്നീട് ഈ നികുതികൾ കേന്ദ്രം പിൻവലിക്കാറുമില്ല. സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത നികുതിയാണ് സെസ്സുകളും സർച്ചാർജ്ജുകളും എന്ന് സൂചിപ്പിച്ചുവല്ലോ. ധനകാര്യ കമ്മീഷൻ കൂടുതൽ നികുതിവിഹിതം സംസ്ഥാനങ്ങൾക്ക് കൊടുക്കാൻ മുതിരുമ്പോൾ കൂടുതൽ സെസ്സ് ചുമത്തി പങ്കുവയ്ക്കേണ്ട നികുതി കൂടയുടെ വലുപ്പം കുറയ്ക്കാൻ ആണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കേണ്ടതില്ലാത്ത സെസ്സിന്റെയും സർച്ചാർജിന്റെയും മൊത്തം വരുമാനം കഴിഞ്ഞ 12 വർഷത്തിനിടയിൽ 3 ഇരട്ടി വളർന്നു. ഒന്നാം യുപിഎ സർക്കാരിന്റെ കാലത്ത് മൊത്തം നികുതി വരുമാനത്തിന്റെ 11.5 ശതമാനം ആയിരുന്നു സർച്ചാർജിൽ നിന്നും സെസ്സിൽ നിന്നും ഉള്ള വരുമാനം. രണ്ടാം യു പി എ സർക്കാരിന്റെ കാലത്ത് ഇത് 12.6% ആയി വർധിച്ചു. മോഡി സർക്കാരിന്റെ ആദ്യ വർഷം സെസ്സിൽ നിന്നും സർചാർജിൽ നിന്നുമുള്ള വരുമാനം മൊത്തം നികുതി വരുമാനത്തിന്റെ 13.5 ശതമാനം ആയി. 2022-23 ൽ 17.1% ആയി വളർന്നു. ഇപ്പോൾ ഈ തുക മൊത്തം നികുതി വരുമാനത്തിന്റെ 23 ശതമാനത്തിൽ അധികമാണ്. ഒരു രാജ്യം ഒരു നികുതി എന്ന കാഴ്ചപ്പാടിൽ ജി എസ് ടി നടപ്പിലാക്കുന്നതോടു കൂടി അതുവരെ നിലനിന്ന സെസ്സ്, സർച്ചാർജ് എന്നിവ ഇല്ലാതാകും എന്ന് കരുതപ്പെട്ടിരുന്നു. അങ്ങനെ സംഭവിച്ചില്ല എന്ന് മാത്രമല്ല പുതിയ സർച്ചാർജ്ജുകളും സെസ്സുകളും ചുമത്തപ്പെടുകയും ചെയ്തു.

സ്ഥാനങ്ങളുടെ വിൽപ്പന നികുതിയുടെ പരിധിയിൽ പെടുന്ന പെട്രോളിനും ഡീസലിനും കേന്ദ്രം ചുമത്തുന്ന സെസ്സ് കേന്ദ്ര-സംസ്ഥാന പാതകളും പശ്ചാത്തല സൗകര്യങ്ങളും വികസിപ്പിക്കാനുള്ളതാണ് എന്നാണ് ആദ്യം പറഞ്ഞിരുന്നത്. എന്നാൽ 2018 ൽ സെൻട്രൽ റോഡ് ഫണ്ടിനെ പുനർനാമകരണം ചെയ്ത് സർക്കാരിന്റെ ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രച്ചറൽ ഫണ്ട് ആക്കി മാറ്റി. അതോടു കൂടി സി ആർ ഇ എഫിന് കീഴിൽ വരുന്ന ഫണ്ട് കേന്ദ്രസർക്കാരിന്റെ വിനിയോഗിക്കാം എന്ന സ്ഥിതി സംജാതമായി. പങ്കുവയ്ക്കേണ്ട നികുതിക്കൂടയുടെ വലുപ്പം കുറയുന്നതിന് സെസ്സും സർചാർജ്ജും കാരണമായി. ഇതിങ്ങനെ തുടർന്നാൽ കാലക്രമേണ ധനകാര്യ കമ്മീഷന്റെ പ്രസക്തി തന്നെ നഷ്ടമാകുന്ന സ്ഥിതി ഉണ്ടായേക്കാം. പരിഹാരമായി കേന്ദ്രത്തിന് ചുമത്താൻ ആകുന്ന സെസ്സിനും സർചാർജജിനും ധനകാര്യ കമ്മീഷൻ ഒരു പരിധി നിശ്ചയിക്കണം എന്നാണ് രംഗരാജനും ശ്രീവാസ്തവയും അഭിപ്രായപ്പെട്ടത്. ഉദാഹരണമായി മൊത്തം നികുതി വരുമാനത്തിന്റെ 5% ആണ് ഏറ്റവും അനുയോജ്യമായ പരിധി. ഈ പരിധി കേന്ദ്ര സർക്കാർ ലംഘിച്ചാൽ നഷ്ടപരിഹാരം എന്ന നിലയിൽ പങ്ക് വയ്ക്കേണ്ട നികുതികൂടയിൽ നിന്നുള്ള സംസ്ഥാനങ്ങളുടെ വിഹിതം ഉയർത്തി സംസ്ഥാനങ്ങളുടെ നഷ്ടം നികത്താൻ ധനകാര്യ കമ്മീഷൻ നടപടി എടുക്കണം എന്നാണ് അവരുടെ നിർദേശം. 2009-10 മുതൽ 2023-24 വരെ 36.6 ലക്ഷം കോടി രൂപ സെസ്സ് - സർചാർജിനത്തിൽ കേന്ദ്ര ഗവൺമെന്റ് കൈക്കലാക്കിയിട്ടുണ്ട്. 2024-25 കാലയളവിൽ 5.5 ലക്ഷം കോടി രൂപ ഈ ഇനത്തിൽ കൈക്കലാ

ക്കാം എന്നാണ് കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നത് എന്ന് ബഡ്ജറ്റ് വായിച്ചാൽ മനസ്സിലാകും. ഈ തുക പരിപൂർണ്ണമായി കേന്ദ്രസർക്കാരിന് വിനിയോഗിക്കാനാകും.

പതിമൂന്നാം ധനകമ്മീഷന്റെ തീർപ്പ് പ്രകാരം പങ്കുവെക്കേണ്ട നികുതി കൂടയുടെ 32% ആയിരുന്ന സംസ്ഥാനങ്ങൾക്ക് നല്കിയ വിഹിതം. ഇത് 42% ആയി പതിനാലാം ധന കമ്മീഷൻ വർധിപ്പിച്ചു. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 കാലയളവിൽ പങ്കുവയ്ക്കേണ്ട നികുതിക്കൂടയുടെ 41% സംസ്ഥാനങ്ങൾക്ക് നൽകണമെന്ന തീർപ്പ് കല്പിച്ചു. അങ്ങിനെ ലഭിക്കുമ്പോൾ കേരളത്തിന് ലഭിക്കുന്നത് ഈ 41 ശതമാനത്തിന്റെ 1.925 ശതമാനം മാത്രമാണ്.

2021-2026 കാലയളവിൽ കേന്ദ്ര സർക്കാരിന്റെ മൊത്തം നികുതി വരവ് 135.2 ലക്ഷം കോടി രൂപയായിരിക്കും എന്നാണ് 15 -ാം ധനകമ്മീഷൻ കണക്കാക്കുന്നത്. കേന്ദ്ര സെസ്സും സർച്ചാർജ്ജും നികുതി പിരിവിനുള്ള ചിലവുകളും കുറച്ചുകിട്ടുന്ന പങ്കുവയ്ക്കേണ്ടുന്ന നികുതിക്കൂട 10.3 ലക്ഷം കോടി രൂപ ആയിരിക്കും. സംസ്ഥാനങ്ങൾക്കുള്ള വിഹിതം 41 ശതമാനം അതായത് 42.2 ലക്ഷം കോടി രൂപയാണ്. 10. 33 ലക്ഷം കോടി രൂപ ഗ്രാന്റ് ആയി അനുവദിച്ചു. അതായത് മൊത്തം 52.33 ലക്ഷം കോടി രൂപ സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിതമായി ലഭിച്ചു. ഇത് ഇന്ത്യയുടെ മൊത്തം നികുതി വരുമാനത്തിന്റെ 38.7 ശതമാനം മാത്രമേ വരൂ.

### മോഡി സർക്കാർ ധനകാര്യ രംഗത്ത് കൊണ്ടുവന്ന മാറ്റങ്ങൾ

കേന്ദ്ര സംസ്ഥാന ധനകാര്യ ബന്ധങ്ങളെ ആഴത്തിൽ സ്വാധീനിക്കുന്ന ഒട്ടേറെ മാറ്റങ്ങളാണ് 2014 അധികാരമേറ്റതിനു ശേഷം മോഡി സർക്കാർ കൊണ്ടുവന്നിട്ടുള്ളത്. അവ ഏതൊക്കെയാണ് എന്ന് നോക്കാം. ഒന്നാമതായി 2015 ജനുവരിയിൽ കേന്ദ്ര ആസൂത്രണ കമ്മീഷൻ നിർത്തലാക്കി പകരം നീതി ആയോഗ് എന്ന ഒരു സംവിധാനം രൂപീകരിച്ചു. രണ്ടാമതായി ഭരണഘടനാ ഭേദഗതി വരുത്തിക്കൊണ്ട് ചരക്കുസേവന നികുതി രാജ്യത്ത് നടപ്പിലാക്കി. 2017 ജൂലൈയിലാണ് ചരക്കുസേവന നികുതി ഇന്ത്യയിൽ നടപ്പിലാക്കുന്നത്. മൂന്നാമതായി പതിനാലാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് 2015 – 16 മുതൽ സംസ്ഥാനങ്ങളിലേക്ക് കൂടുതൽ വിഭവങ്ങൾ പങ്കുവയ്ക്കുവാൻ ആരംഭിച്ചു. പതിമൂന്നാം ധനകമ്മീഷന്റെ തീർപ്പ് പ്രകാരം പങ്കുവെക്കേണ്ട നികുതി കൂടയുടെ 32% ആയിരുന്ന വിഹിതം അതിന്റെ 42% ആയി പതിനാലാം ധന കമ്മീഷൻ വർധിപ്പിച്ചു. പതിനാലാം ധനകാര്യ കമ്മീഷന്റെ തീർപ്പ് പ്രകാരമുള്ള പങ്കുവെക്കേണ്ട നികുതി കൂടയുടെ 42% സംസ്ഥാനങ്ങൾക്ക് നൽകുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത ക്രമീകരിക്കാൻ സംസ്ഥാനങ്ങൾക്ക് യൂണിയൻ ഗവൺമെന്റ് നൽകുന്ന ഗ്രാൻഡുകൾ ഉടച്ചുവാക്കാൻ 2015-16 കേന്ദ്ര ബഡ്ജറ്റിൽ യൂണിയൻ സർക്കാർ തീരുമാനിച്ചു.

കേന്ദ്ര പിന്തുണയോടു കൂടി സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് കേന്ദ്രസർക്കാർ നൽകുന്ന ഗ്രാൻഡുകളിൽ മൂന്നു തരത്തിലുള്ള മാറ്റം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു. ഒന്നാമതായി ചില പദ്ധതികൾക്കുള്ള കേന്ദ്രസഹായം പരിപൂർണ്ണമായി സർക്കാർ പിൻവലിച്ചു. 39 പദ്ധതികൾക്കാണ് കേന്ദ്ര ധനസഹായം പരി പൂർണമായി നിർത്തലാക്കിയത്. രണ്ടാമതായി 20 പദ്ധതികൾക്കുള്ള കേന്ദ്രത്തിന്റെ ധന വിനിയോഗ രീതിയിൽ മാറ്റം വരുത്തി. അത്തരം പദ്ധതികളിൽ സംസ്ഥാനങ്ങൾ ഇനി കൂടുതലായി പണം ചിലവാക്കേണ്ടതാണ് എന്ന് തീരുമാനിച്ചു. 20 പദ്ധതികൾക്ക് കീഴിലുള്ള ഉപ പദ്ധതികളും കൂടി കണക്കിലെടുത്താൽ പദ്ധതികളുടെ എണ്ണം 54 ആകും. മൂന്നാമതായി 34 പദ്ധതികൾക്ക് യൂണിയൻ സർക്കാരിന്റെ വിഹിതം മുൻപ് ഉള്ളതുപോലെതന്നെ തുടരാൻ തീരുമാനിച്ചു. ഈ മാറ്റങ്ങളുടെ ഫലമായി മൊത്തം ചിലവിന്റെ 10 ശതമാനമോ 25 ശതമാനമോ സംസ്ഥാനം വഹിച്ചിരുന്ന പദ്ധതികൾക്ക് ഇപ്പോൾ ശരാശരി 40 ശതമാനം തുക സംസ്ഥാനം വഹിക്കേണ്ട സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിച്ചേർന്നു. തനതു വരുമാനത്തിൽ നിന്നും ഈ തുക സംസ്ഥാനങ്ങൾ കണ്ടെത്തേണ്ട അവസ്ഥ സംജാതമായി.

14 -ാം ധനകാര്യ കമ്മീഷൻ കാലയളവിൽ ധനകമ്മീഷന്റെ മൊത്തം ട്രാൻസ്ഫറിൽ ഗ്രാന്റുകളുടെ പങ്ക് 12 ശതമാനം ആയിരുന്നത് 15 -ാം ധനകാര്യ കമ്മീഷൻ കാലയളവിൽ 20 ശതമാനം ആയി വർദ്ധിച്ചു. എന്നാൽ കടുത്ത വ്യവസ്ഥകളിന്മേലാണ് പല ഗ്രാന്റുകളും നല്കപ്പെട്ടത്. 14 -ാം ധനകമ്മീഷന് വരെ ഗ്രാന്റ് ഉപയോഗിക്കുന്നതിന് ഉദാരമായ മാർഗ്ഗ നിർദേശങ്ങൾ ആയിരുന്നു ഉണ്ടായിരുന്നത്. എന്നാൽ 15 -ാം ധനകമ്മീഷന് വളരെ കർശനമായ മാർഗ്ഗരേഖയാണ് ഗ്രാന്റ് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിരിക്കുന്നത്. ഈ മാർഗ്ഗ രേഖകളിൽ പലതും കേരളം പോലെയുള്ള സംസ്ഥാനങ്ങൾ ഇപ്പോൾത്തന്നെ ആർജിച്ച് കഴിഞ്ഞവ ആണ്. 13-ാം ധനകമ്മീഷൻ കാലയളവ് വരെ പ്രാദേശിക പ്രശ്നങ്ങൾ നേരിടാൻ സ്റ്റേറ്റ് സ്പെസിഫിക്ക് ഗ്രാന്റ് നല്കിയിരുന്നു. 14-ാം ധന കമ്മീഷൻ കാലയളവിൽ എ ഗ്രാന്റ് നല്കിയിട്ടില്ല. 15-ാം ധനകമ്മീഷൻ കേരളത്തിന് ഈ ഇനത്തിൽ 1500 കോടി രൂപ നല്കണം എന്ന് ശുപാർശ ചെയ്തിരുന്നു. പ്രാദേശിക പ്രശ്നങ്ങളെ നേരിടാൻ സെൻട്രൽ സെക്ടർ പദ്ധതികൾ വഴിയും സെൻട്രലി സ്പോൺസെറെഡ് സ്കീമുകൾ വഴിയും വേണ്ട ജാഗ്രത പുലർത്തുന്നുണ്ട് എന്നു പറഞ്ഞ് കേന്ദ്രം ഈ നിർദേശം സ്വീകരിച്ചില്ല. സെൻട്രൽ സെക്ടർ സ്കീമുകൾ വഴി നേരിട്ടാണ് കേന്ദ്രം പദ്ധതികൾ നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാറുകൾക്ക് പ്രസ്തുത ഫണ്ടുകളിൽ അഭിപ്രായം പറയാനുള്ള യാതൊരു സാഹചര്യവുമില്ല.

### കേരളത്തിന്റെ സവിശേഷ സാഹചര്യം

ഇതര ഇൻഡ്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക ഭൂപടത്തിൽ കേരളത്തിന് സവിശേഷമായ ഒരു സ്ഥാനമാണ് ഉള്ളത്. ഈ സവിശേഷ സാഹചര്യം വിഭവങ്ങളുടെ വിതരണത്തിൽ മാനദണ്ഡം ആകേണ്ടതാണ്. എന്നാൽ ഇന്ന് സംസ്ഥാനത്തിന്റെ ഉയർന്ന സാമൂഹിക സാമ്പത്തിക വികസനം നിലനിർത്തുന്നതിനും മുന്നോട്ട് കൊണ്ടുപോകുന്നതിനും ധനപ്രതിസന്ധി ഒരു വിലങ്ങു തടിയായി മാറുകയാണ്. ഇത് എങ്ങനെയാണ് എന്ന് നോക്കാം

മാനവിക സൂചികയിൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഒന്നാം സ്ഥാനത്താണ്. സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് കുറഞ്ഞ ദാരിദ്ര്യവും ഉയർന്ന വിദ്യാഭ്യാസവും ജീവിത നിലവാരവും സംസ്ഥാനത്തിന് നേടാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 63.74 ലക്ഷം (18%) ആളുകൾ പ്രതിമാസം 1600 രൂപ ക്ഷേമ പെൻഷൻ കൈപ്പറ്റുന്നവർ ആണ്. ഏകദേശം 900 കോടി രൂപയാണ് ഇതിനായി സർക്കാർ ചിലവാക്കുന്നത്. ഇതിൽ കേന്ദ്ര സർക്കാർ 200, 300, 500 രൂപ നിരക്കിൽ 8.46 ലക്ഷം പേർക്ക് മാത്രമാണ് പെൻഷൻ നല്കുന്നത്. കേരളത്തിലെ ഗ്രാമീണ അവിദഗ്ധ തൊഴിലാളികളുടെ പ്രതിദിന വേതനം ഇന്ത്യൻ ശരാശരിയേക്കാൾ ഏറെ മുകളിലാണ്. പൊതു ആരോഗ്യ സംവിധാനത്തിന്റെ ഉന്നമനത്തിനും പരിപാലനത്തിനും മറ്റുമായി മൊത്തം ചിലവിന്റെ 9.8% ആണ് സംസ്ഥാന സർക്കാർ ചിലവാക്കുന്നത്. 83 തൊഴിൽ മേഖലകളിൽ മിനിമം കൂലി ഉറപ്പുവരുത്തിയും 29 തൊഴിലാളി ക്ഷേമ ബോർഡുകൾ രൂപീകരിച്ചും കേരളം തൊഴിലാളി ക്ഷേമം ഉറപ്പുവരുത്തുന്നു.

പൊതു വിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിവരണം എന്നീ മേഖലകളിൽ കേരളത്തിലെ ഭരണകൂടങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തിയ ഇടപെടലുകളും ഭൂപരിഷ്കരണം പോലെയുള്ള പുനർവിതരണ നടപടികളും ആണ് കേരളത്തിന് ഉയർന്ന മാനവിക വികസന സൂചികകൾ നേടികൊടുത്തത്. ഉയർന്ന ആയുർദൈർഘ്യം (75 വയസ്സ്), കുറഞ്ഞ ശിശു മരണ നിരക്ക് (കേരളത്തിൽ 6/1000; ഇന്ത്യയിൽ ഇത് 41/1000 ആണ്.), കുറഞ്ഞ മാതൃമരണനിരക്ക്, ഉയർന്ന സാക്ഷരത (94%), ഉയർന്ന പോഷകാഹാര ലഭ്യത തുടങ്ങി ഒട്ടേറെ സാമൂഹ്യ സൂചകങ്ങളിൽ കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെക്കാൾ മുന്നിലാണ്. ഇന്ത്യയുടെ ഇതര പ്രദേശങ്ങളിലേതുപോലെയുള്ള ദാരിദ്ര്യമോ കുട്ടികളിലെ പോഷകാഹാരക്കുറവോ അസമത്വമോ കേരളത്തിൽ കാണാൻ ആകില്ല. ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ ശരാശരി സ്കൂൾ വിദ്യാഭ്യാസ കാലയളവ് വെറും നാലുവർഷമാണെങ്കിൽ കേരളത്തിൽ അത് ഒൻപത് വർഷമാണ്. കേരളത്തിന്റെ മാനവിക വികസന സൂചികകൾ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ, അമേരിക്ക, ബ്രിട്ടൻ തുടങ്ങിയരാജ്യങ്ങളുടേതിന് തുല്യമാണ്. ഇതാണ് കേരള വികസന മാതൃക എന്ന് അറിയപ്പെടുന്നത്. എന്നാൽ കേരളത്തിലെ ആദിവാസി സമൂഹം, തീരദേശ നിവാസികൾ, മത- ഭാഷാ -മറ്റു ന്യൂനപക്ഷങ്ങൾ തുടങ്ങിയ ജനവിഭാഗങ്ങൾക്കിടയിൽ അവികസനവും അവസരക്കുറവും നിലനിൽക്കുന്നു എന്ന കാര്യം വിസ്മരിച്ചുകൊണ്ട് കേരളത്തെ നമ്പർ വൺ ആയി ആഘോഷിക്കുന്നത് ശരിയല്ല. മുഖ്യധാരാ വികസനത്തിൽ നിന്നും കാലാകാലങ്ങളായി അകറ്റി നിർത്തപ്പെട്ട പാർശ്വവത്കൃതരായ ജനവിഭാഗങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ട്. അങ്ങനെയുള്ള പാർശ്വവത്കൃത ജനവിഭാഗങ്ങളെ വികസനത്തിന്റെ ഭാഗമാക്കേണ്ടത് അനിവാര്യമാണ്. അതിനായി തദ്ദേശ വികസന സ്ഥാപനങ്ങൾക്ക് നിർണ്ണായകമായ ഇടപെടൽ നടത്താനാകും. വരുന്ന കാലത്ത് കൂടുതൽ വിഭവങ്ങൾ ലഭിച്ചാലെ കേരളവികസനമാതൃകയുടെ നേട്ടങ്ങൾ നിലനിർത്തികൊണ്ട് അതിന്റെ കോട്ടങ്ങൾ പരിഹരിച്ച് മുന്നോട്ട് പോകാനാകൂ.

കേരളത്തിലെ അതിദരിദ്രരായ 64006 കുടുംബങ്ങളെ കണ്ടെത്തി അവരെ അതിദാരിദ്ര്യത്തിൽ നിന്നും കരകയറ്റാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. 2024 ബഡ്ജറ്റിൽ ധനമന്ത്രി പ്രഖ്യാപിച്ചത് 49.7 ശതമാനം കുടുംബങ്ങളും അതിദാരിദ്ര്യത്തിൽ നിന്നും മുക്തരായി എന്നാണ്. 2025 നവംബറോടുകൂടി 64006 കുടുംബങ്ങളെയും അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കാൻ വേണ്ടിയുള്ള പദ്ധതിക്കായി 50 കോടി രൂപ 2024 ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഈ സർക്കാരിന്റെ കാലത്ത് മേൽ സൂചിപ്പിച്ച സാമൂഹിക നേട്ടങ്ങൾക്ക് പുറമെ സാമൂഹിക രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇക്കാര്യം മാധ്യമങ്ങളും വലതുപക്ഷവും അംഗീകരിക്കുന്നില്ല എങ്കിലും വസ്തുതകൾ തെളിവാണ്. സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി കേരളം മാറിയത് ഇക്കാലത്താണ്. സമ്പൂർണ്ണ വൈദ്യുതീകരണം, സുഭിക്ഷ കേരളം പദ്ധതിയുടെ ഫലമായി കാർഷിക രംഗത്ത് വന്നിരിക്കുന്ന മാറ്റങ്ങൾ തുടങ്ങി ഏറെ പുരോഗതി ഉണ്ടായത് ഈ സർക്കാരിന്റെ കാലത്താണ്. ഏറ്റവും നല്ല ഭരണ നിർവഹണത്തിനുള്ള അംഗീകാരം ഈ സർക്കാരിനെ തേടി എത്തുകയുണ്ടായി. സ്കൂളുകൾ ഹൈടെക് ആയി, പൊതുജന ആരോഗ്യ സംവിധാനങ്ങൾ വികസിച്ചു, വീടില്ലാത്ത രണ്ടര ലക്ഷത്തിൽ പരം കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി വഴി വീട് ലഭിച്ചു, സൗജന്യ ഭക്ഷ്യ കിറ്റുകൾ, മുടങ്ങാതെ വിതരണം ചെയ്ത പെൻഷൻ, തുടങ്ങിയവ വഴി ജനങ്ങൾക്കിടയിൽ വരുമാന ശോഷണം ഉണ്ടാകാതെ നിലനിർത്തി.

എന്നാൽ ഈ ഉയർന്ന സാമൂഹിക സാമ്പത്തിക വികസനം ഇപ്പോൾ സംസ്ഥാനത്തിന്റെ വികസനത്തിന് വിലങ്ങുതടിയാകുന്ന അവസ്ഥയാണ് സംജാതമായിരിക്കുന്നത്. സംസ്ഥാനത്തിനുള്ള വിഹിതം

വിതരണം ചെയ്യുന്നതിന് ധന കമ്മീഷനുകൾ സ്വീകരിക്കുന്ന വിവിധങ്ങളായ മാനദണ്ഡങ്ങളെ പറ്റി മുകളിൽ സൂചിപ്പിച്ചുവല്ലോ ഈ മാനദണ്ഡങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് സംസ്ഥാനത്തിന്റെ ജനസംഖ്യയാണ്. പതിമൂന്നാം ധനകാര്യ കമ്മീഷൻ വരെ 1971 ലെ ജനസംഖ്യ കണക്കെടുപ്പാണ് മാനദണ്ഡമായി സ്വീകരിച്ചിരുന്നത് . കുടുംബാസൂത്രണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിയ സംസ്ഥാനങ്ങൾക്ക് ധന കമ്മീഷൻ വഴി ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ കുറവ് വരാതിരിക്കാനാണ് 1971 അടിസ്ഥാനമാക്കിയ മാനദണ്ഡം നിശ്ചയിച്ചത്. പതിനാലാം ധനകാര്യ കമ്മീഷൻ 1971 ലെ ജനസംഖ്യ മാനദണ്ഡമായി സ്വീകരിച്ചുവെങ്കിലും 2011ലെ ജനസംഖ്യ കണക്ക് പ്രകാരം ചില സംസ്ഥാനങ്ങൾക്ക് വെയിറ്റേജ് നൽകാൻ തീരുമാനിച്ചു. 2017ൽ രൂപീകൃതമായ പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2011ലെ ജനസംഖ്യ കണക്ക് പ്രകാരം വിഭവ വിതരണം നടത്താനാണ് തീർപ്പു കൽപ്പിച്ചത് . 1971– 2011 കാലയളവിൽ ജനസംഖ്യാ നിയന്ത്രണത്തിൽ വലിയ നേട്ടം കൈവരിച്ച കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് ഇത് കനത്ത തിരിച്ചടിയായി മാറി. 1971 ൽ മൊത്തം ഇൻഡ്യൻ ജനസംഖ്യയുടെ 3.93 ശതമാനം ആണ് കേരളത്തിന്റെ ജനസംഖ്യ. ആരോഗ്യരംഗത്തെ പുരോഗതിയും മികച്ച കുടുംബാസൂത്രണ പ്രവർത്തനങ്ങളും വഴി 2011 ഓടുകൂടി കേരളത്തിന്റ ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 2.84 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഗുജറാത്ത് രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളുടെ ജനസംഖ്യാ ഷെയർ ഈ കാലയളവിൽ വർദ്ധിക്കുകയാണ് ചെയ്തത്. ഈ കാര്യം കണക്കിലെടുത്ത് ജനസംഖ്യാ നിയന്ത്രണം എന്ന ഒരു മാനദണ്ഡം ഉൾച്ചേർത്തു എങ്കിലും കേരളം പോലെ ജനസംഖ്യാ നിയന്ത്രണത്തിൽ ഏറെ പുരോഗതി ആർജിച്ച സംസ്ഥാനങ്ങൾക്ക് 1971 ന് പകരം 2011 ജനസംഖ്യ ഉപയോഗിച്ചത് രണ്ടു തരത്തിൽ ദോഷകരമായി മാറി. 1971 മുതൽ 2011 വരെയുള്ള 40 വർഷക്കാലയളവിൽ കേരളത്തിന്റെ ജനന നിരക്ക് ക്രമമായി കുറച്ചു കൊണ്ടുവരാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ഒന്നാമതായി 15 ശതമാനം വെയിറ്റ് ഉള്ള ജനസംഖ്യ എന്ന മാനദണ്ഡപ്രകാരം കേരളത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതത്തിൽ കുറവ് വന്നു. രണ്ടാമതായി വരുമാന വിടവ് (45 % വെയിറ്റ് ) എന്ന മാനദണ്ഡപ്രകാരം കേരളത്തിന് ലഭിക്കേണ്ട വിഭാഗത്തിൽ വിഹിതത്തിൽ കുറവ് വരുന്നതിനും ജനസംഖ്യയിൽ വന്ന ഈ കുറവ് കാരണമായിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രതിശീർഷ വരുമാനമുള്ള (പ്രതിശീർഷ വരുമാനം = മൊത്തം ആഭ്യന്തര ഉൽപാദനം/ ജനസംഖ്യ ) സംസ്ഥാനമാണ് ഹരിയാന. ഓരോ സംസ്ഥാനത്തിന്റെയും പ്രതിഷേധ വരുമാനത്തിൽ നിന്ന് ഹരിയാനയുടെ പ്രതിശീർഷ വരുമാനത്തിലേക്കുള്ള വ്യത്യാസമാണ് വരുമാന വിടവ് എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ വിടവ് കൂടുതൽ ആണെങ്കിൽ ആ സംസ്ഥാനത്തിന് ഈ മാനദണ്ഡപ്രകാരം കൂടുതൽ വിഭവം ലഭിക്കും. കേരളത്തിന്റെ കാര്യത്തിൽ പ്രതിശീർഷ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകാൻ ഒരു കാരണം ജനസംഖ്യയിൽ വന്ന കുറവാണ് . കാരണം പ്രതിശീർഷ വരുമാനം എന്നത് മൊത്തം ആഭ്യന്തര ഉൽപാദനം / ജനസംഖ്യ എന്ന രീതിയിലാണല്ലോ കണക്കാക്കുന്നത്. കേരളത്തിന്റെ പ്രതിശീർഷ വരുമാനം ഇന്ത്യയിലെ പ്രതിശീർഷ വരുമാന കണക്കിലെ ഏറ്റവും മുന്നിൽ നിൽക്കുന്ന ഹരിയാനയുടെ പ്രതിശീർഷ വരുമാനത്തോട് ഏറെ അടുത്തു നിൽക്കുന്നു. വരുമാനവിടവ് കാര്യമായി ഇല്ല എന്നത് കൊണ്ട് തന്നെ സംസ്ഥാനത്തിന്റെ വിഹിതത്തിൽ കുറവുണ്ടാകുന്നു.

ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നു വിഭിന്നമായി കേരളം ഇന്ന് നേരിടുന്നത് രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ ആണ്. ഉദാഹരണമായി 2030 ഓടു കൂടി കേരള ജനസംഖ്യയിൽ 60 വയസ്സു കഴിഞ്ഞവരുടെ എണ്ണം മൊത്തം ജനസംഖ്യയുടെ 30 ശതമാനം ആകുമെന്ന് ( 2011 സെൻസസ് പ്രകാരം 12.6 %) നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പ്രവചിച്ചിട്ടുണ്ട്. ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തിനും ഈ അവസ്ഥ ഇല്ല. 2030 ഓടു കൂടി വയോജനങ്ങളുടെ മാനസികവും ശാരീരികവുമായ ഉന്നമനത്തിനായി നമുക്ക് മികച്ച പൊതു ആരോഗ്യ സാമൂഹിക സംവിധാനങ്ങൾ ഒരുക്കണം. ജനങ്ങളുമായി ഏറെ അടുത്ത തദ്ദേശ ഭരണ സംവിധാനങ്ങൾക്ക് കൂടുതൽ വിഭവങ്ങൾ നല്കി മികവുറ്റ സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാനാകും. അതിനായി പ്രാദേശിക ഭരണകൂടങ്ങൾക്ക് വിഭവങ്ങൾ വിതരണം ചെയ്യണം. കേരളത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ അധ്വാന ശേഷി ഫലപ്രദമായി ഉപയോഗിക്കണമെങ്കിൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ കാര്യക്ഷമമാക്കണം. അതിനായി അർഹതപ്പെട്ട വിഭവങ്ങൾ കേന്ദ്രത്തിൽ നിന്നും നമുക്ക ലഭിക്കണം. തനത് വിഭവസമാഹരണം കൊണ്ട് മാത്രം ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള വിഭവ ശേഷി നമുക്കില്ല.

### ധന ഉത്തരവാദിത്വ നിയമവും കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങളും

ധനകാര്യ അച്ചടക്കത്തിന്റെ പേരു പറഞ്ഞു കൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ ചിലവുകൾ വെട്ടിക്കുറക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ സർക്കാർ ധൂർത്ത് നടത്തുന്നു എന്നാണ് ഒരുകൂട്ടം സാമ്പത്തിക വിദഗ്ധരും പ്രതിപക്ഷവും ആരോപിക്കുന്നത്. എന്നാൽ വലതുപക്ഷ ധന മൗലിക വാദത്തിന്റെ വീക്ഷണ കോണിൽ നിന്നു നോക്കിയാൽ പോലും കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റ് അത്യന്തം കാര്യക്ഷമമാണ്. 2021-22 കാലയളവിൽ ആഭ്യന്തര ഉല്പാദനത്തിന്റെ 2.23 ശതമാനം ആയിരുന്ന റവന്യൂ ഡെഫിസിറ്റ് 2022-23 ൽ 0 .88 ശതമാനം ആയി കുറയ്ക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. 2021-22 ൽ 3.99

ശതമാനം ആയിരുന്ന ധനകമ്മി 2.44 ശതമാനം ആയി കുറയ്ക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ധന ഉത്തര വാദിത്ത നിയമം (FRBM act) അനു ശാസിക്കുന്നത് ധനകമ്മി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3.5 ശതമാനം ആയി കുറയ്ക്കണം എന്നാണ് എന്നോർക്കണം.

കേരളത്തിന്റെ റവന്യൂ ചിലവ് ആണ് ധന പ്രതിസന്ധിയുടെ ഏക കാരണം എന്നാണ് ചില ധനവിദഗ്ധരും പ്രതിപക്ഷവും ധരിച്ചു വച്ചിരിക്കുന്നത്. ഈ ചിലവു കൾ നിയന്ത്രിക്കലാണ് ധനപ്രതി സന്ധി പരിഹരിക്കാൻ ഉള്ള ഏക മാർഗ്ഗം എന്ന് അവർ ഉറച്ചു വിശ്വ സിക്കുന്നു. നമുക്ക് കണക്കുകൾ നോക്കാം. കേരളത്തിന്റെ റവന്യൂ ചിലവിന്റെ 25.5 ശതമാനം ആണ് ശമ്പളമായി നല്കുന്നത്. ഇതിൽ 65 ശതമാനവും വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷ, കുടുംബക്ഷേമ രംഗത്ത് പണിയെ ടുക്കുന്ന സർക്കാർ ജോലിക്കാർക്ക് നല്കുന്ന ശമ്പളം ആണ്. ഈ ശമ്പളം പറ്റുന്ന 59 ശതമാനം ജോ ലിക്കാരും വിദ്യാഭാസം (46.75 %) ആരോഗ്യം (12.91 %) എന്നീ പ്രധാന സാമൂഹിക പശ്ചാത്തല സൌകര്യ മേഖലയിൽ ജോലി ചെയ്യുന്നവരാണ്. അതായത് കേ രളത്തിന്റെ ഉയർന്ന സാമൂഹിക സുരക്ഷാ – മനുഷ്യ വിഭവശേഷി വികസനത്തിന്റെ മൂലധന ചിലവാ ണ് ഈ ഉയർന്ന റവന്യൂ ചിലവ്. കേരളത്തിന്റെ ഉയർന്ന സാമൂഹിക സാമ്പത്തിക വികസനത്തിന്റെ നെടുംതൂണായ ഈ മേഖലകളിലെ ജോലിക്കാരുടെ എണ്ണം ചുരുക്കുന്ന ത് / അവരുടെ ശമ്പളം കുറയ്ക്കുന്നത് കേരളം ആർജിച്ച നേട്ടങ്ങളുടെ

## ജി എസ് ടി

ചരക്ക് ഉപയോഗിക്കുന്ന സം സ്ഥാനത്തെ അടിസ്ഥാനമാക്കി ഉപഭോക്താക്കളിൽ നിന്ന് ഈടാ ക്കുന്ന ഒരു പരോക്ഷ നികുതി യാണ് ജി എസ് ടി. നേരത്തെ എക്സൈസ് തീരുവ പോലെയുള്ള നികുതികൾ ഉൽപ്പന്നം ഉണ്ടാ ക്കുന്ന ഫാക്ടറി സൈറ്റിൽ വച്ച് തന്നെ കൊടുക്കേണ്ടതായിരുന്നു. അതായത് ഒരു ഉൽപ്പന്നം ഉണ്ടാ ക്കുന്നിടത്ത് തന്നെ നികുതി നൽകണം. എന്നാൽ ജിഎസ്ടി സംവിധാനത്തിൽ അതിന്റെ അവസാന ഉപഭോഗം നടക്കുന്ന സ്ഥലത്താണ് നികുതി നല്കേണ്ട ത്. ജി എസ്ടി ഒരു മൂല്യ വർദ്ധിത നികുതിയാണ്. വസ്തുക്കളിലും സേവനങ്ങളിലും ഒരേസമയം ചുമത്തുന്ന ഭരണഘടനാ പിൻബ ലമുള്ള ഒരു വാറ്റ് സംവിധാനം ആണ് ജി എസ്ടി. 2017 ജൂലൈ ഒന്നിന് ഭരണഘടന ഭേദഗതി യിലൂടെ ഇന്ത്യയിൽ ജി എസ് ടി പ്രാബല്യത്തിൽ വന്നു. ജിഎസ്ടി നടപ്പാക്കുന്നതുമൂലം സംസ്ഥാനങ്ങൾക്ക് നികുതി നഷ്ടം ഉണ്ടാവുകയില്ല എന്നും ഇനി അഥവാ ഉണ്ടായാൽ തന്നെ കേന്ദ്രം നഷ്ടപരിഹാരം നൽകിക്കൊള്ളുണമെന്നും ഉറപ്പു നൽകി കൊണ്ടാണ് ജി എസ് ടി സംവിധാനം നടപ്പിലാക്കിയത്. ജി എസ് ടി ഒരു റവന്യൂ ന്യൂട്രൽ നികുതിയാണ് എന്നാണ് വാദി ക്കപ്പെട്ടത് ജിഎസ്ടി നടപ്പിലാക്കു ന്നതോടുകൂടി സംസ്ഥാനങ്ങളുടെ യും കേന്ദ്രത്തിന്റെയും നികുതി വരുമാനം വർദ്ധിക്കും എന്ന വാദവും ഉന്നയിക്കപ്പെട്ടു

സംസ്ഥാനങ്ങൾ അവരുടെ വരു മാനത്തിന്റെ 52.8 % ത്യജിക്കാൻ തയ്യാറായത് കൊണ്ടാണ് ഇന്ത്യ യിൽ ജി എസ് ടി നടപ്പിലായത്. കേന്ദ്രത്തെ സംബന്ധിച്ച് ജി എസ് ടി നടപ്പിലാക്കിയത് മൂലം 47% മാത്രമേ റെവന്യൂ നഷ്ടം ഉണ്ടാകുന്നുള്ളൂ. പല കമ്മീഷനു കളും 50-50 എന്ന രീതിയിലുള്ള വരുമാന നഷ്ടത്തിന്റെ ഒരു സമ വാക്യം മുന്നോട്ടുവച്ചു എങ്കിലും യൂണിയൻ അത് അംഗീകരിച്ചി ല്ല. പകരം അഞ്ചുവർഷത്തേക്ക് പ്രതിവർഷം 14% ജി എസ് ടി വരുമാന വളർച്ച സംസ്ഥാന ങ്ങൾക്ക് കേന്ദ്രം ഉറപ്പ് നല്കി. എന്നാൽ അഞ്ചുവർഷത്തേക്ക് മാത്രം ജി എസ് ടി നഷ്ടപരി ഹാരം നിജപ്പെടുത്തുകയും 2022 ൽ അത് നിർത്തലാക്കുകയും ചെയ്തു. ബി ജെ പി ഭരിക്കുന്ന സംസ്ഥാനങ്ങൾ ഉൾപ്പടെ ജി എസ് ടി നഷ്ടപരിഹാരം നിർത്ത ലാക്കരുത് എന്ന് ആവർത്തിച്ചു ആവശ്യപ്പെട്ടെങ്കിലും കേന്ദ്രം അത് തുടരാൻ തയ്യാറായില്ല. ജി എസ് ടി നഷ്ടപരിഹാരം നിർത്തലാക്കിയത് മൂലം കേരള ത്തിന് 18000 കോടി രൂപയാണ് നഷ്ടമാകുന്നത്. വാറ്റ് നികുതി യിൽ ബഹുഭൂരിപക്ഷം വസ്തു ക്കളുടെയും നികുതി റേറ്റ് 14.5 ശതമാനം ആയിരുന്നു. ജി എസ് ടി നടപ്പിലാക്കിയപ്പോൾ അത് 9 ശതമാനം ആയി കുറയുകയാണ് ഉണ്ടായത്.

ജി എസ് ടി കൗൺസിൽ രൂപീ കരിക്കുമെന്നും പ്രസ്തുത കൗൺ സിലിൽ സംസ്ഥാനങ്ങൾക്ക് വോട്ടിംഗ് അവകാശം ഉണ്ടായി രിക്കുമെന്നും ഉള്ള നിർദ്ദേശവും സംസ്ഥാനങ്ങൾ സ്വീകരിച്ചു. എന്നാൽ യഥാർത്ഥത്തിൽ ഇത് കേന്ദ്രസർക്കാരിന് വീറ്റോ പവർ നൽകുകയാണ് ചെയ്തത് . “ഒരു ഇന്ത്യ ഒരു നികുതി” എന്ന പേരിലാണ് 2017ൽ ചരക്കുസേ വന നികുതി കൊണ്ടുവരുന്നത്. പക്ഷേ അതിന്റെ ഫലമായി പോലും സെസ്സുകളും സർചാർ ജുകളും ഇല്ലാതായില്ല. പുതിയ സർചാർജുകളും സെസ്സുകളും നിരന്തരം ചുമത്തപ്പെട്ടു. പഴയ സർചാർജുകളും സെസ്സുകളും ചര ക്കുസേവന നികുതിക്ക് പുറത്ത് വീണ്ടും നിലകൊണ്ടു. 2021-22 ലാണ് അഗ്രികൾച്ചറൽ ഇൻഫ്രാ സ്ട്രക്ഷൻ ഡെവലപ്മെന്റ് സെസ്സ് ചുമത്തപ്പെടുന്നത്.

കടയ്ക്കൽ കത്തിവയ്ക്കുന്നതിന് സമാനമാണ്.

മറ്റൊരു കണക്ക് നോക്കാം. സർക്കാർ ചിലവിന്റെ 12 ശതമാനത്തോളം ചിലവാണ് കേരളം 2022-23 കാലയളവിൽ വിദ്യാഭ്യാസത്തിന് മാറ്റിവച്ചത്. 2020 ലെ പുതിയ വിദ്യാഭ്യാസ നയത്തിൽ കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുന്നത് മൊത്തം ചിലവിന്റെ 10 ശതമാനം വിദ്യാഭ്യാസത്തിന് നീക്കിവയ്ക്കാനാണ്. ആ നേട്ടം കേരളം ഇന്നേ കൈവരിച്ചിരിക്കുന്നു. എന്നാൽ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് ഏകദേശം 2 ശതമാനം മാത്രമാണ് സർക്കാർ ചിലവ്. ഇത് 10 ശതമാനത്തോളം വർധിപ്പിക്കണം. ഈ വർദ്ധന കമ്മി വർധിപ്പിക്കും. 16 -ാം ധന കമ്മീഷന് പോസ്റ്റ് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് തുടരാൻ തീരുമാനിച്ചാൽ മാത്രമേ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ തുടക്കമിട്ട പരിഷ്കാരങ്ങൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകാനും പുതിയ വികസനം സാധ്യമാക്കാനും പറ്റുകയുള്ളൂ.

## കേരളത്തിന്റെ തനത് വിഭവസമാഹരണം

കേരളം നികുതി പിരിക്കുന്നില്ലേ? അതിൽ നിന്നും പണം ചിലവാക്കിക്കൂടേ? പിന്നെ എന്തിനാണ് എല്ലാ കാര്യത്തിനും കേന്ദ്രത്തിനെ സമീപിക്കുന്നത് അല്ലെങ്കിൽ കുറ്റം പറയുന്നത്? എന്നൊക്കെയാണ് പ്രതിപക്ഷത്തിന്റെ ചോദ്യം. നികുതി വിഹിതമായും ഗ്രാന്റ് എന്ന രീതിയിലും സംസ്ഥാനത്തിന് പണം ലഭിക്കുന്നത് സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ അവകാശം ആണ്. അത് യൂണി

**ചിത്രം 1. കേരളത്തിന്റെ തനത് വരുമാനത്തിന്റെ ഘടന (2011-2022)**



യൻ സർക്കാരിന്റെ ഔദാര്യം അല്ല. വിഭവ വിതരണത്തിൽ ഭരണഘടനാപരമായ ഉത്തരവാദിത്വം യൂണിയൻ സർക്കാർ നിറവേറ്റാത്തതിനാൽ ആണ് വിമർശിക്കുന്നത്. കേരളത്തിന്റെ തനത് വരുമാനത്തെ സംബന്ധിച്ച് കൃത്യമായ ഒരു രൂപരേഖ ലഭിച്ചാലേ മുകളിൽ പരാമർശിച്ച ചോദ്യത്തിന് ഉത്തരം നല്കാൻ ആവുകയുള്ളൂ. ഇത് പരിശോധിക്കാം.

സംസ്ഥാന ജി എസ് ടി, വില്പന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ, സംസ്ഥാന എക്സൈസ് തീരുവ, വാഹന നികുതി, ഭൂനികുതി, മറ്റ് നികുതികൾ എന്നിവ ചേർന്നത് ആണ് സംസ്ഥാനത്തിന്റെ തനത് വരുമാനം. 2011-12 മുതൽ 2021-22 വരെയുള്ള കേരളത്തിന്റെ തനത് വരുമാനത്തിന്റെ ഘടനയിൽ വരുന്ന മാറ്റം മനസ്സിലാക്കാൻ താഴെകൊടുത്തിരിക്കുന്ന ചിത്രം ഉപകരിക്കും. 2017 വരെ വില്പന നികുതിയായിരുന്നു കേരളത്തിന്റെ മൊത്തം തനത് വരുമാനത്തിന്റെ 79 ശതമാനം. എന്നാൽ 2017 ജൂലൈയിൽ ജി എസ് ടി നടപ്പിലാക്കിയത്തോടുകൂടി വില്പന നികുതിയുടെ പങ്ക് 39 ശതമാനം

**2017 ജൂലൈ യിൽ ജി എസ് ടി നടപ്പിലാക്കിയത്തോടുകൂടി വില്പനനികുതിയുടെ പങ്ക് 39 ശതമാനം ആയി കുറഞ്ഞു. മറ്റ് നികുതികൾ - വാഹന നികുതി, സ്റ്റാമ്പ് രജിസ്ട്രേഷൻ ഭൂനികുതി തുടങ്ങിയവ- വലിയ മാറ്റമില്ലാതെ നിലനിലകുകയും ചെയ്യുന്നു. അതായത് സംസ്ഥാനങ്ങളുടെ തനത് വരുമാനത്തിന്റെ ഘടനയിൽ നിർണയകമായ മാറ്റം ഈ പത്തു വർഷത്തിനിടയിൽ ഉണ്ടാക്കിയ ഒരേ ഒരു ഘടകം ജി എസ് ടി മാത്രമാണ്.**

ആയി കുറഞ്ഞു. മറ്റ് നികുതികൾ - വാഹന നികുതി, സ്റ്റാമ്പ് രജിസ്ട്രേഷൻ ഭൂനികുതി തുടങ്ങിയവ- വലിയ മാറ്റമില്ലാതെ നിലനിലകുകയും ചെയ്യുന്നു. അതായത് സംസ്ഥാനങ്ങളുടെ തനത് വരുമാനത്തിന്റെ ഘടനയിൽ നിരണായകമായ മാറ്റം ഈ പത്തു വർഷത്തിനിടയിൽ ഉണ്ടാക്കിയ ഒരേ ഒരു ഘടകം ജി എസ് ടി മാത്രമാണ്.

നേരത്തെ കേരളം നികുതി പിരിച്ചിരുന്നു. ഇപ്പോഴുള്ള അലംഭാവം കാരണമാണ് ചിലവിനുള്ള പണം ലഭിക്കാത്ത പ്രതിസന്ധി ഉടലെടുത്തത് എന്നും ഒരു വാദവും ഉന്നയിക്കപ്പെടുന്നുണ്ട്. ഈ വാദം പരിശോധിക്കാൻ ചിത്രം 2 കാണുക. കേരളത്തിന്റെ മൊത്തം തനത് വരുമാനത്തിന്റെ 2011 -12 മുതൽ 2020-21 വരെയുള്ള പ്രതിവർഷ വളർച്ചയുടെ ഏറ്റക്കുറച്ചിലുകൾ ആണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. കോവിഡ് പ്രതിസന്ധിയുടെ കാലത്ത് സംസ്ഥാനത്തിന്റെ തനത് വരുമാനത്തിന്റെ വളർച്ച നെഗറ്റീവ് ആകുന്നതായി നമുക്ക് കാണാം. എന്നാൽ തനത് വരുമാന വളർച്ചയിൽ വലിയ വർദ്ധനയാണ് പിന്നീട് കാണുന്നത്. 2021-22 കാലയളവിൽ 22 ശതമാനവും 2022-23 കാലയളവിൽ 23 ശതമാനവും വളർച്ചയാണ് കേരളത്തിന്റെ തനത് വരുമാനത്തിൽ കാണാൻ സാധിക്കുന്നത്.

**ചിത്രം 2 കേരളത്തിന്റെ തനത് വരുമാനത്തിന്റെ പ്രതിവർഷ വളർച്ചാനിരക്ക് (2011-2021)**



നികുതി റേറ്റ് കൂട്ടി സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിച്ചു കൂടെ എന്ന് ന്യായമായും സംശയം തോന്നാം. കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ 55 ശതമാനം കേന്ദ്ര വിഹിതമാണ്. ബീഹാർ യു പി പോലെയുള്ള സംസ്ഥാനങ്ങളുടെ വിഹിതം 60 ശതമാനത്തിലും മുകളിലാണ് എന്ന് ഓർക്കണം. കേരളത്തിന് ലഭിക്കുന്ന 55 ശതമാനത്തിൽ 29 ശതമാനം ജി എസ് ടി വിഹിതമാണ് . 26 ശതമാനം നികുതി വിഹിതവും മറ്റ് ഗ്രാന്റുകളും ആണ്. ഈ ഷെയറും കുറഞ്ഞു വരികയാണ്. അതായത് ഒരു ഭാഗത്ത് സെസ്സും സർച്ചാർജ്ജും പങ്കുവയ്ക്കേണ്ട നികുതി കൂടയുടെ വലുപ്പം കുറയ്ക്കുന്നു . മറുഭാഗത്ത് മോഡി സർക്കാർ ധനകാര്യ രംഗത്ത് കൊണ്ടുവന്ന മാറ്റങ്ങൾ കാരണം നികുതി വിഹിതവും ഗ്രാന്റുകളും കുറയുന്നു. മോട്ടോർവാഹന നികുതിയും മറ്റും മൊത്തം വരുമാനത്തിന്റെ വളരെ ചെറിയ ഭാഗം മാത്രമാകയാൽ അത് വർധിപ്പിച്ച് സംസ്ഥാനത്തിന്റെ വരുമാനം വർധിപ്പിക്കാൻ ആവുകയില്ല. പെട്രോളിനും ഡീസലിനും ലോട്ടറിക്കും മദ്യത്തിനും മറ്റുമുള്ള നികുതി വർദ്ധനവും സാധാരണക്കാരെ ബാധിക്കുമെന്നതിനാൽ പ്രായോഗികമല്ല.

### കടം എടുക്കുന്നതിന് കേന്ദ്രസർക്കാർ പരിധി നിശ്ചയിക്കുന്നു.

മുൻപ് സൂചിപ്പിക്കപ്പെട്ടത് പോലെ കുടുംബങ്ങളുടെ സാമ്പത്തിക യുക്തി വച്ച് സർക്കാരിന്റെ കടമെടുപ്പിനെ വിശകലനം ചെയ്ത് കേരളത്തിലെ ജനങ്ങൾക്കിടയിൽ

**കേരളത്തിൽ കടപ്പേടി കൃഷി ചെയ്യുന്ന മാധ്യമങ്ങളും വലതുപക്ഷ സാമ്പത്തിക വിദഗ്ധരും സൗകര്യപൂർവ്വം വിട്ടുകളയുന്നത് 1980 നു ശേഷം കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ ഉണ്ടായിട്ടുള്ള വളർച്ചയാണ്.**

വലിയ ഭീതി നിർമ്മിക്കുന്നതിൽ ചില വലതുപക്ഷ സാമ്പത്തിക വിദഗ്ധരും മാധ്യമങ്ങളും ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നാൽ ഒരു സമ്പദ് വ്യവസ്ഥക്ക് ഉൾക്കൊള്ളാൻ സാധിക്കുന്ന കടത്തെ സംബന്ധിച്ച് സാമ്പത്തിക ശാസ്ത്രത്തിൽ ഒട്ടേറെ പഠനങ്ങൾ ഉണ്ട്. ഒരു രാജ്യത്തിന് സ്വീകരിക്കാൻ കഴിയുന്ന കടത്തിന്റെ ഏറ്റവും പ്രധാന സൂചകമായി ഈ പഠനങ്ങളിൽ ഉപയോഗിക്കുന്നത് കട ആഭ്യന്തര ഉൽപാദന അനുപാതമാണ്. ലോക ബാങ്കിന്റെ ലോക വികസന സൂചകങ്ങൾ എന്ന സ്ഥിതിവിവര കണക്ക് പ്രകാരം പ്രമുഖ സമ്പദ് വ്യവസ്ഥകളുടെ 2017-2021 കാലത്തെ ശരാശരി കട-ആഭ്യന്തര ഉല്പാദന അനുപാതം അമേരിക്ക 117.87%, ഫ്രാൻസ് 111.47%, ജപ്പാൻ 244.43%, സിംഗപ്പൂർ 136.11%, എന്നിങ്ങനെയാണ്. രാജ്യങ്ങളിലെ ഉയർന്ന ആഭ്യന്തര ഉൽപാദനം ഉയർന്ന രീതിയിൽ കടമെടുക്കാൻ ഈ രാജ്യങ്ങൾക്ക് സഹായകമാവുന്നു. കേരളത്തിൽ കടപ്പേടി കൃഷി ചെയ്യുന്ന മാധ്യമങ്ങളും വലതുപക്ഷ സാമ്പത്തിക വിദഗ്ധരും സൗകര്യപൂർവ്വം വിട്ടുകളയുന്നത് 1980 നു ശേഷം കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ ഉണ്ടായിട്ടുള്ള വളർച്ചയാണ്. 2016-17 മുതൽ 2022-23 വരെയുള്ള മൊത്തം ആഭ്യന്തര ഉല്പാദന വളർച്ച താഴെ ഗ്രാഫിൽ കൊടുത്തിരിക്കുന്നു. 2010 മുതൽ 2022 വരെയുള്ള കാലയളവിൽ 10.10% ശരാശരി വാർഷിക വളർച്ചാ നിരക്ക് ആണ് കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ ഉണ്ടായത്.

**ചിത്രം 3 : കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദന വളർച്ചാ നിരക്ക് (2016-2022)**



ഭരണഘടനയുടെ 293 അനുഛേദം സംസ്ഥാനങ്ങളുടെ കടമെടുപ്പിനെ സംബന്ധിച്ചുള്ളതാണ്. ഈ അനുഛേദം പുതിയ രീതിയിൽ വ്യാഖ്യാനം ചെയ്തു കേരളത്തിന്റെ അറ്റ കടമെടുപ്പിന് കേന്ദ്രം പരിധി നിശ്ചയിച്ചു. കേന്ദ്രത്തിന്റെ വ്യാഖ്യാനം അനുസരിച്ച് ഭരണഘടനയുടെ 293 അനുഛേദം സംസ്ഥാനങ്ങളുടെ പൊതു അക്കൗണ്ടിൽ ഉള്ള കടമെടുക്കലും കൂടി ഉൾപ്പെടും എന്നതാണ്. ട്രഷറി നിക്ഷേപങ്ങളും സെക്യൂരിറ്റി നിക്ഷേപങ്ങളും ചെറിയ സേവിങ് നിക്ഷേപങ്ങളും ഫണ്ടും ഉൾപ്പെടുന്നതാണ് പൊതു അക്കൗണ്ട്. സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ ഉൾപ്പെടുന്നതല്ല ഇതിനുപുറമേ കേരളത്തിലെ പശ്ചാത്തല സൗകര്യ വികസനത്തിന് ബഡ്ജറ്റിനു പുറത്ത് വിഭവസമാഹരണം നടത്തുന്നതിനായി രൂപവൽക്കരിച്ച കിഫ്ബി വഴി കടമെടുത്ത തുകയും കൂടി ചേർത്ത് കേരളത്തിന്റെ കടമെടുപ്പ് പരിധി നിശ്ചയിക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തത്.

സംസ്ഥാന സർക്കാരുകളുടെ കടമെടുക്കാനുള്ള പരിധി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ മൂന്ന് ശതമാനമായി കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയുടെ 293 അനുച്ഛേദം 3 പ്രകാരം കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകിയതോ കേന്ദ്രം ഗ്യാരണ്ടി നിന്ന് സംസ്ഥാനങ്ങൾ എടുത്തതോ ആയ ഏതെങ്കിലും ലോൺ ബാക്കി നിൽക്കുന്ന എങ്കിൽ പ്രസ്തുത സംസ്ഥാനങ്ങൾക്ക് കേന്ദ്ര അനുമതിയോടെ അല്ലാതെ പുതിയ വായ്പകൾ എടുക്കാൻ സാധിക്കുകയില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഭരണഘടന നിഷ്കർഷ ഉപയോഗിച്ച് സംസ്ഥാനങ്ങളുടെ കടമെടുക്കൽ ശേഷിയെ തടയാൻ കേന്ദ്രസർക്കാർ പരമാവധി ശ്രമിക്കുന്നു. കേന്ദ്ര ധന കമ്മീഷന്റെ യും കേന്ദ്രസർക്കാരിന്റെയും നിർബന്ധത്തിനു വഴങ്ങി ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും വലതുപക്ഷ ധനമൗലികവാദത്തിന്റെ പ്രതീകമായ ധന ഉത്തരവാദിത്വ നിയമം പാസാക്കിയിട്ടുണ്ട് ഈ



ധന ഉത്തരവാദിത്വ നിയമപ്രകാരം ഫിസ്കൽ കമ്മിമൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 3 ശതമാനമായി നിജപ്പെടുത്തിയിരിക്കണം. സ്വയം അടിച്ചേൽപ്പിച്ച ഈ ധന ഉത്തരവാദിത്വം സംസ്ഥാനങ്ങളുടെ മേൽ വായ്പ നിയന്ത്രണം ഏർപ്പെടുത്താൻ കേന്ദ്രത്തിന് ഒരു ഊന്നുവടിയാകുന്നു. എന്നാൽ അതേസമയം ധന ഉത്തരവാദിത്ത നിയമം പാർലമെൻറിൽ പാസാക്കി യിട്ടുണ്ട് എങ്കിലും സന്ദർഭങ്ങളിലും കേന്ദ്രത്തിന്റെ കമ്മി മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 5%- 6% വും കടന്നുപോകുന്ന സ്ഥിതിയും നമുക്ക് കാണാനാകും. ഉദാഹരണത്തിന് 2024-25 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ കേന്ദ്രത്തിന്റെ ധന കമ്മി മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 5.8% ആണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീലങ്കയെയും പാകിസ്താനെയും പോലെ കേരളവും കടക്കെണിയിൽ/ സാമ്പത്തിക പ്രതിസന്ധിയിൽ ആകാൻ കിഫ്ബി കാരണമാകുമെന്നാണ് കേരളത്തിലെ മാധ്യമങ്ങളുടെ മറ്റൊരു പ്രധാന കണ്ടെത്തൽ. ശ്രീലങ്കയും പാകിസ്ഥാനും സ്വതന്ത്ര പരമാധികാര രാജ്യങ്ങളാണ്. ഈ രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി ഉരുത്തിരിഞ്ഞു വന്നത് ഈ പ്രദേശങ്ങളിലെ ഭൗമ രാഷ്ട്രീയ സാഹചര്യങ്ങളുടെയും രാഷ്ട്രങ്ങൾ തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളുടെയും പരിണിത ഫലമായിട്ടാണ്. ഇക്കാര്യങ്ങളെ പാടെ വിസ്മരിച്ച കൊണ്ടാണ് കേരളത്തിന്റെ ധനകാര്യ പ്രതിസന്ധി




ഈ രാജ്യങ്ങളിലെ സാമ്പത്തിക
പ്രതിസന്ധിയോട് ചില മാധ്യമ
ങ്ങളും പ്രതിപക്ഷവും താരതമ്യം
ചെയ്യുന്നത്. ശ്രീലങ്കയിലെ വ്യാ
പാര പ്രതിസന്ധി ആ രാജ്യത്തെ
വിദേശനാണ്യ പ്രതിസന്ധിയിലേ
ക്ക് നയിച്ചു . അവശ്യസാധനങ്ങ
ളുടേത് അടക്കം സാധനങ്ങളുടെ
ഇറക്കുമതി കുറച്ചുകൊണ്ട് ഈ
വിദേശ നാണയ പ്രതിസന്ധി പരി
ഹരിക്കാൻ ശ്രീലങ്കൻ സർക്കാർ
ശ്രമിച്ചത് നാട്ടിൽ അവശ്യസാധന
ങ്ങളുടെ ലഭ്യതക്കുറവിലേക്കും കടു
ത്ത വിലക്കയറ്റത്തിലേക്കും നയി
ച്ചു. കൂടാതെ കാർഷിക രംഗത്ത്
അത്യാവശ്യമായ ചില രാസ കീട
നാശിനികൾ ഉപയോഗിക്കുന്നത്
പാടെ നിരോധിക്കുന്നത് വഴി
വലിയ കാർഷിക പ്രതിസന്ധിയി
ലേക്ക് രാജ്യം എത്തിച്ചേർന്നു. 20
16ൽ ഇന്ത്യയിൽ നടപ്പിലാക്കിയ
നോട്ടു നിരോധനം പോലെ ഒരു
തുഗ്ലക്ക് പരിഷ്കാരമായിരുന്ന ശ്രീല
ങ്കയുടെ കാർഷിക രംഗത്തെ സമൂ
ലമായി നശിപ്പിച്ച രാസ കീടനാ
ശിനി നിരോധനം. റഷ്യ ഉക്രൈൻ
യുദ്ധത്തിന്റെ ഫലമായി പാകി
സ്ഥാൻ സമ്പത്ത് വ്യവസ്ഥയിൽ
ഊർജ്ജമേഖലയിൽപ്പെട്ട മിക്ക
വസ്തുക്കൾക്കും ഉയർന്ന വിലക്കയ
റ്റം ഉണ്ടായി ഇതോടൊപ്പം സമ്പദ്
വ്യവസ്ഥയിൽ സംഭവിച്ച രാജ
സ്ഥാനിൽ സംഭവിച്ച പ്രളയവും മറ്റു
പ്രകൃതിക്ഷോഭങ്ങളും രാജ്യത്തെ
സാമ്പത്തിക പ്രതിസന്ധിയിലേ
ക്ക് നയിച്ചു. കേന്ദ്രസർക്കാരിന്റെ
നിബന്ധനങ്ങൾക്ക് വിധേയമായി
മാത്രം കടമെടുക്കാൻ സാധിക്കു
ന്ന ഒരു പ്രവിശ്യാ സർക്കാരാണ്
കേരളത്തിലുള്ളത്. ഈ പ്രവിശ്യ
സർക്കാരിന്റെ കടമെടുപ്പ് കാരണം
സംസ്ഥാനം മേൽ സൂചിപ്പിച്ച രാ
ജ്യങ്ങളിലെ സാമ്പത്തിക പ്രതിസ
ന്ധിക്ക് സമാനമായ സ്ഥിതിയിലേ
ക്ക് നീങ്ങും എന്ന് പ്രചരിപ്പിക്കുന്ന
ത് ഗൂഢമായ രാഷ്ട്രീയ ലക്ഷ്യങ്ങൾ
മുന്നിൽ കണ്ടുകൊണ്ടാണ്.

### ഉപ സംഹാരം

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തി
ന് എതിരെ ഉയർന്നുവന്ന ദേശീയ
പ്രസ്ഥാനത്തിന്റെ ഭാഗമായി
ഉരുത്തിരിഞ്ഞ ഫെഡറൽ കാഴ്ച
പ്പാടിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന
നടപടികളുമായാണ് ഇപ്പോൾ
കേന്ദ്രസർക്കാർ മുന്നോട്ടു പോയി
ക്കൊണ്ടിരിക്കുന്നത്. ശക്തമായ
സംസ്ഥാനങ്ങളും ശക്തമായ
കേന്ദ്രവും എന്ന കാഴ്ചപ്പാടിന്
പകരം ഭരണ രംഗത്തും ധനകാര്യ
രംഗത്തും അമിത കേന്ദ്രീകരണം
നടത്തുന്ന പ്രവണതയാണ് മോഡി
സർക്കാരിന്റേത്. ഫ്യൂഡൽ സമൂ
ഹങ്ങളിലെ അടിമ-ഉടമ ബന്ധ
മാണ് സംസ്ഥാനങ്ങളും കേന്ദ്രവും
തമ്മിൽ നിലനില്ക്കുന്നത് എന്നതാ
ണ് മോഡി സർക്കാരിന്റെ ഭാവം.
ഈ ഏകാധിപത്യ പ്രവണതയെ
തള്ളിപ്പറയാൻ കേരളത്തിലെ
പ്രതിപക്ഷവും മാധ്യമങ്ങളും തയ്യാ
റാകുന്നില്ല. ചുമതലകൾ മുഴുവൻ
സംസ്ഥാനങ്ങൾക്കും ധന മെച്ചം
മുഴുവൻ കേന്ദ്രത്തിനും എന്ന
തലതിരിഞ്ഞ പിന്തിരിപ്പൻ ഫെ
ഡറൽ കാഴ്ചപ്പാട് തിരുത്തുന്ന വി
ധത്തിലുള്ള ശക്തമായ ജനകീയ
പ്രക്ഷോഭം ഉയർന്നു വരണം. മേൽ
സൂചിപ്പിച്ച വസ്തുതകളെ അടിസ്ഥാ
നമാക്കി 16 -ാം ധനകാര്യ കമ്മീഷ
ന് മുന്നിൽ കേരളത്തിന്റെ ആവശ്യ
ങ്ങളെ താഴെ കൊടുത്തിരിക്കുന്ന
വിധത്തിൽ ക്രോഡീകരിക്കാം.

ഇന്ത്യയുടെ മൊത്തം നികുതി
വരുമാനത്തിന്റെ 50% സംസ്ഥാന
ങ്ങൾക്ക് നൽകാനുള്ള നടപടികൾ
16 -ാം ധന കമ്മീഷൻ സ്വീകരി

ക്കണം. വെർടിക്കൽ ഡിവലൂഷൻ ഷെയർ 41 ശതമാനത്തിൽ നിന്നു 60 ശതമാനത്തിലേക്ക് വർധിപ്പിക്കണം.

ആവശ്യം, സമത്വം എന്നീ മേഖലകളിലെ മാനദണ്ഡങ്ങൾ ആണ് പലപ്പോഴും കേരളത്തിന് പ്രതികൂലമായി മാറുന്നത്. ഈ മാനദണ്ഡങ്ങളുടെ വെയിറ്റ് കാലോചിതമായി പരിഷ്കരിക്കണം.

വികേന്ദ്രീകൃതാസൂത്രണം ഏറ്റവും കാര്യക്ഷമമായി നടപ്പാക്കിയ സംസ്ഥാനം, പൊതു മേഖലയിലും സിവിൽ സർവ്വീസിലും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് ജോലി നല്കിയ സംസ്ഥാനം, മികച്ച ഭരണനിർവഹണം തുടങ്ങി പല നിലകളിലും കാര്യക്ഷമത പുലർത്തിയ സംസ്ഥാനമാണ് കേരളം. കാര്യക്ഷമത എന്ന വിഭാഗത്തിൽ പുതിയ മാനദണ്ഡങ്ങൾ സ്വീകരിക്കാൻ 16 -ാം ധന കമ്മീഷൻ തയ്യാറാകണം.

കാര്യക്ഷമത എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ജനസംഖ്യാ നിയന്ത്രണത്തിനുള്ള സംസ്ഥാനങ്ങളുടെ വെയിറ്റ് 12.5 യിൽ നിന്നു 25 % ആക്കണം.

രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ അനുഭവിക്കുന്ന സംസ്ഥാനങ്ങൾക്ക് അവരുടെ ഭാവി വികസന പ്രശ്നങ്ങൾ നേരിടാനുള്ള തയ്യാറെടുപ്പിനുള്ള വിഭവങ്ങൾ വിതരണം ചെയ്യുന്ന വിധത്തിൽ മാനദണ്ഡങ്ങൾ സ്വീകരിക്കണം.

ജനസംഖ്യാ മാനദണ്ഡ പ്രകാരം വിഹിതം അനുവദിക്കാൻ 16 -ാം ധന കമ്മീഷൻ 1971 ലെ ജനസംഖ്യാ കണക്കുകൾ അടിസ്ഥാനമാക്കണം.

വരുമാന വിടവിനുള്ള മാനദണ്ഡത്തിന്റെ വെയിറ്റ് 45 ശതമാനത്തിൽ നിന്നും 20 ശതമാനം ആയി കുറയ്ക്കണം .

13 -ാം ധനകമ്മീഷന് ശേഷം നിർത്തലാക്കിയ സ്റ്റേറ്റ് സ്പെസിഫിക്ക് ഗ്രാന്റ് തുടർന്നും സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ 16 -ാം ധനകാര്യ കമ്മീഷൻ സ്വീകരിക്കണം.

റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 16 -ാം ധനകമ്മീഷൻ കാലയളവിൽ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കണം

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം അടക്കമുള്ള അധിക സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് സ്പെഷ്യൽ ഗ്രാന്റുകൾ നല്കാൻ കേന്ദ്രം തയ്യാറാകണം.

സംസ്ഥാനങ്ങൾക്ക് വേണ്ട രീതിയിൽ ഗ്രാന്റ് ചിലവഴിക്കാൻ സാധിക്കണം. മാത്രമല്ല ധനകമ്മീഷൻ വഴി നല്കുന്ന ഗ്രാന്റുകൾ മൊത്തം വരുമാനത്തിന്റെ എത്ര അനുപാതമായി നല്കണം എന്ന് 16 -ാം ധനകമ്മീഷൻ തീരുമാനം എടുക്കണം.

സെൻട്രലി സ്പോൺസേർഡ് സ്കീം വഴിയുള്ള പദ്ധതികളിലെ കേന്ദ്ര വിഹിതം 70% മുതൽ 75 % വരെ വർദ്ധിപ്പിക്കണം

കേന്ദ്രം നേരിട്ട് നടപ്പാക്കുന്ന പദ്ധതികളിൽ സംസ്ഥാനാണ സർക്കാരിനെ മറികടന്ന് വ്യാപകമായ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുന്ന പ്രവണത അവസാനിപ്പിക്കണം.

കേന്ദ്രത്തിന്റെ കേരളത്തോടുള്ള ധന അടിയന്തരാവസ്ഥ പരിഹരിക്കാൻ ജനകീയ സമ്മർദ്ദം ശക്തമാക്കിയെ തീരൂ. വയനാട്ടിലെ ദുരന്ത മുഖത്തുപോലും മനുഷ്യത്വപരമായ പരിഗണന കാണിക്കാത്ത കേന്ദ്ര സർക്കാരിനെതിരെ ശക്തമായ ജനരോഷം ഉയരണം. ജനരോഷത്തെ ഭയന്നിട്ടാണ് തമിഴ്നാട്ടിലും മറ്റും ദുരന്തമുണ്ടായ ഉടൻ തന്നെ കേന്ദ്രം സഹായവുമായി ഓടി എത്തിയത്. കേന്ദ്രം ഉടയോനും സംസ്ഥാനങ്ങൾ അടിയാളരും എന്ന കേന്ദ്ര മനോഭാവത്തിൽ മാറ്റമുണ്ടാകണമെങ്കിൽ ശക്തമായ ജനകീയ സമരം ഉയർന്നു വരണം.

അവലംബം

കേരളാ ഇക്കോണമി (വിവിധ മാസങ്ങൾ) സ്രോതസ്സ് https://www.gift.res.in/index.php/publish/publish_list/13/Kerala-Economy

സാമ്പത്തിക റിവ്യൂ (വിവിധ വർഷങ്ങൾ) സംസ്ഥാന ആസൂത്രണ കമ്മീഷൻ ശ്രോതസ്സ് (https://spb.kerala.gov.in/en).

ഗോപകുമാർ മുകുന്ദൻ (2023) നമ്മുടെ കീശയിൽ എത്തുണ്ട് , ചിന്ത പബ്ലിഷേർസ്.

State finances (Various issues) Reserve Bank of India

T.M. Thomas Isaac, Lekha Chakraborty, R. Mohan (2019), Challenges to Indian Fiscal Federalism, Leftword Books, New Delhi.

M. Govinda Rao, CENTRAL TRANSFERS TO STATES IN INDIA REWARDING PERFORMANCE WHILE ENSURING EQUITY, NITI Ayog, New Delhi.

Fidha S Fatima & Hridya P V (2024), Is India's fiscal federalism under threat? Issues in resource transfers , GIFT, Thiruvananthapuram.

K J Joseph & N Ramalingam (2020), Why the States shall not compromise on GST compensation?, GIFT, Thiruvananthapuram.

D.K. Srivastava (2022), INTERGOVERNMENTAL FISCAL RELATIONS IN INDIA: TIME FOR THE NEXT GENERATION OF REFORMS, CENTRE FOR PUBLIC FINANCE MADRAS SCHOOL OF ECONOMICS Gandhi Mandapam Road Chennai.

Raut, Dirghau and Raju, Swati (2019), Size of Expenditure Multipliers for Indian States: Does the Level of Income and Public Debt Matter? MPRA Working Paper.

Esha Swaroop (2021) Estimation of Expenditure Multiplier for India

Rajeev Jain and Prabhat Kumar (2013), Size of Government Expenditure Multipliers in India: A Structural VAR Analysis, RBI Working Paper Series - 7

**അർച്ചന പി.ജെ.**
ശ്രീനാരായണകോളേജ്, കൊല്ലം

# എം ആർ സി
# കാലത്തിന്റെ തിളക്കമേറിയ അടയാളപ്പെടുത്തൽ

1929-ൽ തൃശ്ശൂർ കോലഴി ക്കടുത്ത് പോട്ടോരിൽ ഒരു കർഷക കുടുംബത്തിലായിരുന്ന എം.ആർ.സി. ജനിച്ചത്. കമ്മ്യൂണിസ്റ്റ് പ്രവർത്തകനും ചരിത്രപണ്ഡിതനും അധ്യാപകനുമായിരുന്ന പ്രൊഫ. എം.ആർ. ചന്ദ്രശേഖരൻ എന്ന എം.ആർ.സി. 1956-ൽ കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിലായിരുന്ന എം.ആർ. സി. ആദ്യമായി അധ്യാപകനായി ജോലിയിൽ പ്രവേശിക്കുന്നത്. കൊടകര നാഷണൽ ഹൈസ്കൂളിൽ അദ്ദേഹം അധ്യാപകനായി ജോലിചെയ്ത് വരുമ്പോഴാണ് ഉന്നതവിദ്യാഭ്യാസമേഖലയിലേക്ക് കടന്നുവരുന്നത്. 1965 മുതൽ 1989 വരെയുള്ള കാലയളവിൽ പയ്യന്നൂർ കോളേജിലാണ് അധ്യാപകനായി പ്രവർത്തിച്ചത്. മലയാളമായിരുന്ന അദ്ദേഹത്തിന്റെ ഐച്ഛിക വിഷയം. അതിനാൽ മലയാള അധ്യാപകനായി തന്നെയാണ് ജോലി ചെയ്തത്.

ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ കെ പി സി ടി എ)യുടെ സ്ഥാപക നേതാക്കളിൽ ഒരാളാണ് അദ്ദേഹം. 1973, 74 എന്നീ വർഷങ്ങളിൽ എ കെ പി സി ടി എയുടെ സെക്രട്ടറിയായിരുന്നു അദ്ദേഹം. 1975, 1976, 1982, 1983 വർഷങ്ങളിൽ സംഘടനയുടെ സംസ്ഥാന പ്രസിഡന്റുമായി. അദ്ദേഹത്തിന്റെ നേതൃത്വം സംഘടനയ്ക്ക് ഊർജ്ജവും കരുത്തും നൽകി. വിവിധ സ്ഥാപനങ്ങളിൽ വിവിധ സേവന വ്യവസ്ഥകളിൽ ജോലിചെയ്തിരുന്ന അധ്യാപകർക്ക് തങ്ങളുടെ അവകാശങ്ങൾ നേടിക്കൊടുക്കുന്നതിനും അവരെ ഒരുമിച്ച് നിർത്തി സംഘടന ശക്തിപ്പെടുത്തുന്നതിനുമുള്ള ദീർഘകാല ശ്രമങ്ങളുടെ ഫലമായിട്ടാണ് എ കെ പി സി ടി എ രൂപംകൊണ്ടത്. ഇഎംഎസ് സർക്കാറിനെതിരെ വിമോചന സമരം അരങ്ങേറിയ സമയത്ത് കേരളത്തിലെ ഭൂരിഭാഗം കാമ്പസുകളും സമരകേന്ദ്രങ്ങളായി മാറി. മാനേജ്മെന്റുകളുടെ പ്രതികൂലമായ നിലപാടുകൾക്കെതിരെ പുരോഗമന അധ്യാപക വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ സമരത്തിനിറങ്ങി. എംആർസിയും മുണ്ടശ്ശേരിയും അതിന്റെ നേതൃസ്ഥാനത്തുണ്ടായിരുന്നു.

പുരോഗമന കലാസാഹിത്യ സംഘത്തിന്റെ പ്രമുഖ വക്താക്കളിലൊരാളാണ് എം.ആർ.സി. പുരോഗമന ഇടതുപക്ഷ ചിന്തകളിൽ ഊന്നിയ രചനകളാണ് ഏറെയും അദ്ദേഹത്തിന്റേതായുള്ളത്. ദേശാഭിമാനി സ്റ്റഡി സർക്കിൾ കെട്ടിപ്പടുക്കുന്നതിലും എംആർസിയുടെ പങ്ക് വളരെ വലുതായിരുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ സെനറ്റ്, സിൻഡിക്കേറ്റ് അംഗം, മലയാളം സർവ്വകലാശാല, അക്കാദമിക് കൗൺസിൽ, സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ, നിർവ്വാഹക സമിതി അംഗം എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. പുരോഗമന സാഹിത്യസംഘവും ശാസ്ത്രസാഹിത്യപരിഷത്തും നിർവീര്യമായ ഘട്ടത്തിലാണ് എം.ആർസി. കേരള സാഹിത്യസമിതി രൂപീകരിച്ചത്. മലയാളത്തിന്റെ വിപ്ലവകവി ശ്രീ.



വയലാർ രാമവർമ്മയും എംആർസിയുമായിരുന്നു സെക്രട്ടറിമാർ. ജോസഫ് മുണ്ടശ്ശേരിയുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച നവജീവൻ മാസികയുടെ എഡിറ്ററായി എംആർസി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ 'ഇന്നും ഇന്നലെയും' എന്ന നോവലിന് 2010ൽ കേരള സാഹിത്യ അക്കാദമിയുടെ നിരൂപണഗ്രന്ഥത്തിനുള്ള പുരസ്കാരം ലഭിച്ചു. മാതൃഭൂമിയുടെ സബ് എഡിറ്റർ ആയിരുന്നു. കൂടാതെ അൻപതിലധികം പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. 'മലയാളമണ്ണ്' എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപരായും എം.ആർ.സി. പ്രവർത്തിച്ചു.

നാല് പതിറ്റാണ്ടിലേറെ കമ്മ്യൂണിസ്റ്റുകാരനായിരുന്ന എം.ആർ.സി. പിന്നീട് കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ നിന്ന് അകന്നുപോയെങ്കിലും അദ്ദേഹത്തിന് അതിന് മുൻപോട്ടുള്ള ജീവിതയാത്രയിൽ വലിയ വില കൊടുക്കേണ്ടിവന്നു. എറണാകുളത്തെ സാന്ത്വനപരിചരണകേന്ദ്രത്തിൽ 2024 ഡിസംബർ 4ന് അദ്ദേഹം അന്തരിച്ചു.

**ഡോ. തോമസ് സ്കറിയ**
സെന്റ്. തോമസ് കോളജ്, പാലാ

# മൂന്നാംലോക ഫെമിനിസം

ഫെമിനിസം ഒരു ഏകവചനമോ ഏകീകൃതാശയമോ അല്ല . മറിച്ച് വൈവിധ്യമാർന്നതും ബഹുതലങ്ങളുള്ളതും സങ്കീർണ്ണവും പലപ്പോഴും വൈരുദ്ധ്യാത്മകവുമായ ആശയങ്ങളുടെ ഒരു ബഹുസ്വരസംയുക്തമാണ്. ഫെമിനിസത്തിന്റെ വിഷയങ്ങളിൽ വിവിധ സമീപനങ്ങളുണ്ട്. അത് ഏതെങ്കിലും ഒരു നിർവചനത്തിലേക്ക് എത്തിച്ചേരുന്നത് അത്ര എളുപ്പമല്ലെന്ന് അർപ്പിത മുഖോപാധ്യായ അഭിപ്രായപ്പെടുന്നു. ലിസ എസ് പ്രൈസ്, ഫെമിനിസം എന്നത് ഒരു വിശകലന രീതിയാണ്, ഒരു കാഴ്ചപ്പാട്, സ്ത്രീകളുടെ വീക്ഷണകോണിൽ നിന്ന് ലോകത്തെ നോക്കാനുള്ള ഒരു മാർഗം എന്ന് അതിനെ നിർവചിക്കുന്നു. ഫെമിനിസം ഗവൺമെന്റ് നയങ്ങൾ, ജനപ്രിയ സംസ്കാരം, പ്രവർത്തന രീതികൾ, ഉണ്മ എന്നിവയെ ചോദ്യം ചെയ്യുകയും പ്രത്യയശാസ്ത്രപരവും സ്ഥാപനപരവുമായ ഈ ആചാരങ്ങൾ സ്ത്രീകളുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നുവെന്ന് ചോദിക്കുകയും ചെയ്യുന്നുവെന്ന് രസകരമായി ആ നിർവചനത്തിന് ഒരനുബന്ധവും നൽകുകയുണ്ടായി.ഫെമിനിസത്തെ ബഹുവചനത്തിൽ മനസ്സിലാക്കേണ്ടതുണ്ടെന്ന് ആദ്യം മുതൽ അംഗീകരിക്കേണ്ടതുണ്ട് എന്ന നിലപാടാണ് അർപ്പിത മുഖോപാധ്യായയ്ക്കുള്ളത്. അതുകൊണ്ട് ഫെമിനിസമല്ല ഫെമിനിസങ്ങളാണ് ശരി എന്ന് അവർ പറഞ്ഞു വയ്ക്കുന്നു. 'ഫെമിനിസങ്ങൾ' തിരിച്ചറിയുന്നതിന് കൂടുതൽ ആധികാരികമായ ഒരു സമീപനമാണ് വേണ്ടത്. ഫെമിനിസങ്ങൾ സമൂഹത്തിലെ സ്ത്രീകളുടെ കീഴാളനിലയുടെ പ്രശ്നത്തെ അഭിസംബോധന ചെയ്യുകയും സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക വിവേചനങ്ങൾ ലഘൂകരിക്കുന്നതിനുള്ള വഴികളും രീതികളും തേടുകയും ചെയ്യുന്നു. എന്നാൽ ഈ കേന്ദ്ര പ്രശ്നത്തോടുള്ള സമീപനത്തിലെ വ്യത്യാസങ്ങൾ ഫെമിനിസങ്ങൾക്ക് അടിവരയിടുന്ന സങ്കീർണ്ണത, വൈവിധ്യം, വിഘടനം, വൈരുദ്ധ്യങ്ങൾ എന്നിവയ്ക്ക് കാരണമാകുന്നു. അക്കൂട്ടത്തിൽ പോസ്റ്റ് കൊളോണിയൽ, മൾട്ടി കൾച്ചറൽ ഫെമിനിസം സ്ത്രീകൾക്കിടയിൽ നിലനിൽക്കുന്ന വ്യത്യാസങ്ങൾ തിരിച്ചറിയാൻ ശ്രമിക്കുന്നു. അവർ സ്ത്രീ എന്ന വിഭാഗത്തിന്റെ ഏകീകൃത പുരാവൃത്തത്തെ അട്ടിമറിക്കുന്നു, ജാതി, വർഗം, വംശം, ലൈംഗികത എന്നിവയിലുടനീളമുള്ള സ്ത്രീ അനുഭവങ്ങളുടെ






വൈവിധ്യങ്ങൾക്ക് അടിവരയിടുന്നു. ഫെമിനിസത്തിന്റെ ഈ വൈവിധ്യവൽക്കരണം സ്ത്രീകളുടെ അടിച്ചമർത്തലിന്റെ സന്ദർഭങ്ങളിൽ ഊന്നിപ്പറയുന്നതിലൂടെ അവശ്യവാദത്തെയും വർഗീയതയെയും വെല്ലുവിളിക്കുന്നു. പ്രായം, മതം, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, ഗാർഹിക നില മുതലായവയിലെ വ്യത്യാസങ്ങൾ വിശകലനം ചെയ്യുന്നു.

ഫെമിനിസ്റ്റ് സിദ്ധാന്തത്തിനു ഒരു രാഷ്ട്രീയ മാനമുണ്ട് എന്നു മേരി ക്ലേജസ് ചൂണ്ടിക്കാണിക്കുന്നു. ആ രാഷ്ട്രീയ മാനം, ഏറ്റവും കുറഞ്ഞപക്ഷം, സ്ത്രീപുരുഷ അസന്തുലിതാവസ്ഥകളെക്കുറിച്ചുള്ള അവബോധം മാത്രമല്ല . നമ്മുടെ ലോകത്ത് നാം എങ്ങനെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നതിനെ രൂപപ്പെടുത്തുന്ന വിപരീത ദ്വന്ദ്വങ്ങളിലെ അസമത്വങ്ങൾ നടപ്പിലാക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന അധികാര അസന്തുലിതാവസ്ഥയെക്കുറിച്ചുള്ള അവബോധം കൂടി ഉൾക്കൊള്ളുന്നു. പുതിയ കാലത്ത് ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾ ഈ അസമത്വങ്ങൾ എങ്ങനെ പരിണമിച്ചു, അവ എങ്ങനെ പ്രവർത്തിക്കുന്നു എന്നും പരിശോധിക്കുന്നു. ഒരുപക്ഷെ ഏറ്റവും പ്രധാനമായും ഏറ്റവും പ്രസക്തമായും ഉള്ള കാര്യം അസമത്വങ്ങൾ എങ്ങനെ മാറ്റാം എന്ന ചർച്ചയാണ്. സാമൂഹിക അധികാരത്തിന്റെയും പദവിയുടെയും കൂടുതൽ തുല്യമായ ക്രമീകരണം സൃഷ്ടിക്കുന്നതിന് അവ എങ്ങനെ പരിവർത്തനപ്പെടുത്തണം എന്നതിനെക്കുറിച്ചുള്ള വിശകലനങ്ങളും ഫെമിനിസം നൽകുന്നു.

പോസ്റ്റ്കൊളോണിയൽ സിദ്ധാന്തത്തിലും പാശ്ചാത്യ ഫെമിനിസത്തിലും ചർച്ച ചെയ്യപ്പെടാത്ത പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനാണ് പോസ്റ്റ് കൊളോണിയൽ ഫെമിനിസ്റ്റ് സിദ്ധാന്തം ശ്രമിക്കുന്നത്. വെള്ളക്കാർ, മധ്യവർഗ്ഗക്കാർ, വിദ്യാഭ്യാസം നേടിയവർ, ഇംഗ്ലീഷ് സംസാരിക്കുന്നവർ തുടങ്ങിയ സ്ത്രീകളുടെ ആശങ്കകളിൽ നിന്നും വ്യത്യസ്തമായ ദേശീയ സാംസ്കാരിക സന്ദർഭങ്ങളിൽ നിന്നുള്ള സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇടപഴകുന്ന ഒരു മാറ്റത്തെ ഇത് അടയാളപ്പെടുത്തുന്നു. ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ ഈ ലോകം എല്ലാ സ്ത്രീകളെയും പ്രതിനിധീകരിക്കുകയോ സംസാരിക്കുകയോ ചെയ്യുന്ന വെള്ളക്കാരായ ഫെമിനിസ്റ്റുകളുടെ അവകാശവാദങ്ങളുടെ അധികാരത്തെയും ആധികാരികതയെയും ചോദ്യം ചെയ്യുന്നു. ലിംഗപരമായ ചോദ്യവുമായി ബന്ധപ്പെട്ട് പോസ്റ്റ് കൊളോണിയൽ സിദ്ധാന്തത്തിന്റെ പുനർരൂപകൽപ്പനയ്ക്കും ഇത് അവസരമൊരുക്കിയിട്ടുണ്ട്. പോസ്റ്റ്കൊളോണിയൽ ഫെമിനിസം, ഈ പ്രക്രിയയിൽ, മുഖ്യധാരാ ഫെമിനിസത്തിനോ പോസ്റ്റ് കൊളോണിയലിസത്തിനോ നേർക്കുള്ള ഒരു പ്രതിപക്ഷസമീപനം എന്ന നിലയിൽ മാത്രമല്ല, ആശയങ്ങളുടെയും മനോഭാവങ്ങളുടെയും ഒരു വ്യതിരിക്തമായ സംവിധാനമെന്ന നിലയിലും കടന്നുവരുന്നു. സ്ത്രീകളുടെ അടിച്ചമർത്തലിനെ സാർവത്രികമായി കാണുമ്പോൾത്തന്നെ വൈവിധ്യങ്ങളെ പരിഗണിക്കാത്ത പാശ്ചാത്യ ഫെമിനിസ്റ്റ് പ്രവണതയ്ക്കെതിരെ അപര (other) സ്ത്രീകളുടെ വ്യത്യസ്തതകളെയും വൈവിധ്യങ്ങളെയും സിദ്ധാന്തവൽക്കരിക്കുകയാണ് പോസ്റ്റ്കൊളോണിയൽ ഫെമിനിസം ലക്ഷ്യമിടുന്നത്.

അടിച്ചമർത്തലിന്റെ വിവിധ രൂപങ്ങളും അതിനെതിരായ സ്ത്രീ സമരങ്ങളും മനസ്സിലാക്കുന്നതിൽ 'മൂന്നാം ലോക' സ്ത്രീകളുടെ ഭൗതിക ചരിത്രങ്ങളുടെയും ജീവിതത്തിന്റെയും പ്രാധാന്യം ഗായത്രി ചക്രവർത്തി സ്പിവാക് ഊന്നിപ്പറയുന്നു. ഇത് സമകാലിക ഫെമിനിസ്റ്റ് വ്യവഹാരത്തിന്റെ പരിധി വിശാലമാക്കുന്നു. 'ഫ്രഞ്ച് ഫെമിനിസം ഇൻ ആൻ ഇന്റർനാഷണൽ ഫ്രെയിം' (1981), 'ഫെമിനിസം ആൻഡ് ക്രിട്ടിക്കൽ തിയറി' (1986) എന്നീ ലേഖനങ്ങളിൽ, ജൂലിയ ക്രിസ്റ്റേവ, ലൂസി ഇറിഗറേ, ഹെലൻ സിക്സൂസ് തുടങ്ങിയ ഫ്രഞ്ച് ഫെമിനിസ്റ്റുകളുടെ

സിദ്ധാന്തങ്ങൾക്ക്  പ്രസക്തമായ വ്യാഖ്യാനം മാത്രമല്ല, വിമർശനങ്ങളും സ്പിവാക് നൽകുന്നു. പുരുഷാധിപത്യം  ചരിത്രപരമായും പ്രത്യയശാസ്ത്രപരമായും സ്ത്രീകളെ കീഴ്പ്പെടുത്തുന്ന ഒരു ദ്വന്ദ്വ ഘടനയെ പ്രക്ഷേപിക്കാൻ/സ്ഥാപിക്കാൻ ശ്രമിക്കുന്നു. സ്പിവാക്, സ്ത്രീകളുടെയോ കീഴാളരുടെയോ തൊഴിലാളിവർഗത്തിന്റെയോ നിഷേധാത്മകമായ സ്റ്റീരിയോടൈപ്പിക്കൽ പ്രതിനിധാനങ്ങളെ അനുകരിക്കുന്ന ഒരു പ്രതി-തന്ത്രം നിർദ്ദേശിക്കുന്നു. 'സ്ട്രാറ്റജിക് എസെൻഷ്യലിസം' എന്നാണ് അവർ ഇതിനെ വിളിക്കുന്നത്. 'അവശ്യവാദത്തെക്കുറിച്ചുള്ള ഫെമിനിസ്റ്റ് സംവാദത്തിൽ സ്പിവാക്കിന്റെ പ്രധാന സംഭാവന ലൈംഗിക വ്യത്യാസത്തിന്റെ വിഷയത്തിൽ നിന്ന് മൂന്നാം ലോകത്തിലെ സ്ത്രീകളും' 'ഒന്നാം ലോക'ത്തിലെ സ്ത്രീകളും തമ്മിലുള്ള സാംസ്കാരിക വ്യത്യാസത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് ശ്രദ്ധ മാറ്റുന്നതിലാണ്. ഫ്രഞ്ച് ഫെമിനിസം ഇൻ ആൻ ഇന്റർനാഷണൽ ഫ്രെയിമിൽ, 'മൂന്നാം ലോക' സ്ത്രീകളുടെ അനുഭവങ്ങളിൽ ഇടപെടുന്ന/ വ്യാഖ്യാനിക്കുന്ന പാശ്ചാത്യ ഫെമിനിസ്റ്റുകളുടെ പ്രവണതയെ അവർ നിരാകരിക്കുന്നു. മഹാശ്വേതാദേവിയുടെ  സ്തനദായിനിയുടെ ഉദാഹരണം അവർ നൽകുന്നു, ദരിദ്രയായ ഒരു കീഴാള സ്ത്രീയാണ് യശോദ. കുട്ടികളെ പോറ്റുന്നതിനായി മറ്റു കുട്ടികൾക്കു മുലപ്പാൽ കൊടുത്തു ഒടുവിൽ സ്തനാർബുദം പിടിച്ചു മരിക്കുന്ന യശോദയുടെ കഥയാണ് സ്തനദായിനി. ഇതൊരു വക്ഷോജകഥയാണ്. ഈ കഥ സ്പിവാക് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. അവളുടെ  മുലപ്പാലും പ്രത്യുൽപാദനശരീരവുമാണ്, ഉന്നതസവർണ്ണരുടെ   പോഷണത്തിനായി ചൂഷണം ചെയ്യപ്പെടുന്നത്. ഒരു വശത്ത്, സവർണ്ണ ജാതിയിലെ കുട്ടികളുടെ പോഷണത്തിനും മറുവശത്ത് അവളുടെ ഭർത്താവിന്റെ നിലനിൽപ്പിനുമായി. അമ്മയാകുന്നത് കൂലിവേലയുടെ ഭാഗമാകുന്ന പ്രക്രിയകളുടെ ഒരു മാതൃകയാണ് യശോദ . അങ്ങനെയല്ലെന്ന് അവകാശപ്പെടുന്ന പാശ്ചാത്യ ഫെമിനിസ്റ്റുകളുടെ സമസ്തരക്ഷണ വാദങ്ങളെ സ്പിവാക് വെല്ലുവിളിക്കുന്നു. ജോലിയുടെ വീക്ഷണകോണിൽ നിന്ന് മൂല്യസിദ്ധാന്തത്തെ നിസ്സാരമാക്കുകയും അമ്മയെ ജോലിയായി കണക്കാക്കുമ്പോൾ അമ്മയെ വിഷയിയായി അവഗണിക്കുകയും ചെയ്യുന്ന പാശ്ചാത്യ മാർക്സിസ്റ്റ് ഫെമിനിസത്തിന്റെ ആ വശത്തെ യശോദയെ മുൻനിർത്തി സ്പിവാക് ചോദ്യം ചെയ്യുന്നു.  ഒരു വശത്ത് തദ്ദേശീയ പുരുഷാധിപത്യത്തിനും വിദേശ പുരുഷാധിപത്യ-സാമ്രാജ്യത്വത്തിനും ഇടയിൽ കുടുങ്ങിയ 'സ്വദേശി സ്ത്രീകൾ' ഇരട്ട ചൂഷണത്തിന് വിധേയരാകുന്നതായി സ്പിവാക് കണ്ടെത്തുന്നു.

പുരുഷന്മാരുടെയും സ്ത്രീകളുടെയും സ്വത്വത്തിന്റെ നിർമ്മിതി   സംസ്കാരം, ദേശീയത, വംശീയത, വർഗം, ചരിത്രപരമായ വ്യത്യാസങ്ങൾ എന്നിവയാൽ സ്വാധീനിക്കപ്പെടുന്നു. 'സ്ത്രീ' എന്ന സങ്കൽപ്പം, വർഗ, വംശം, ജാതി എന്നിവ പരിഗണിക്കാതെ എല്ലാ സ്ത്രീകളെയും ഉൾക്കൊള്ളുകയും നിർവചിക്കുകയും ചെയ്യുന്ന ഒരു മാതൃക പക്ഷേ, മൂന്നാം ലോക സ്ത്രീകളുടെ പ്രത്യേകതകളെ  ഒഴിവാക്കുന്നു.ചന്ദ്ര തൽപാഡെ മൊഹന്തി ഈ  പ്രവണതയെ വെല്ലുവിളിക്കുന്നു.മൂന്നാം ലോക സ്ത്രീയെ 'നിശബ്ദ' വിഷയിയായി പ്രതിനിധീകരിക്കുന്നത് അവളുടെ അപ



രത്വവും ശബ്ദമില്ലായ്മയുമായി ഒത്തുചേരുന്നു. തദ്ദേശീയരായ സ്ത്രീകൾ ഒന്നിലധികം വ്യവഹാരങ്ങളുടെ നാൽക്കവലയിൽ സ്ഥിതി ചെയ്യുന്നവരാണെന്നും അങ്ങനെ അവർക്ക് ഒന്നിലധികം കർത്തൃത്വങ്ങളുണ്ടെന്നും അവർ വാദിക്കുന്നു. പാശ്ചാത്യ ഫെമിനിസ്റ്റ് വ്യവഹാരത്തിന്റെ മൊത്തത്തിലുള്ള പ്രവണതകളെ മൊഹന്തി ചോദ്യം ചെയ്യുന്നു.പാശ്ചാത്യ ഫെമിനിസ്റ്റുകൾ വെളിപ്പെടുത്തിയ പുരുഷാധിപത്യത്തിന്റെ ഏകശിലാത്മകവും ഏകവചനാത്മകവുമായ ആശയത്തെക്കുറിച്ച് മൊഹന്തിക്ക് സംശയമുണ്ട്. അതാണ് 'മൂന്നാം ലോകവ്യത്യാസം' എന്ന സങ്കൽപ്പത്തിലേക്ക് നയിക്കുന്നത്. പാശ്ചാത്യ ഫെമിനിസ്റ്റുകൾ മൂന്നാം ലോക രാജ്യങ്ങളിലെ സ്ത്രീകളുടെ ജീവിതത്തെ സവിശേഷമാക്കുകയും "കോളനിവൽക്കരിക്കുകയും" ചെയ്യുന്നതിനു കണ്ടെത്തിയ ഒരു മാർഗമാണ് അത് എന്നു മൊഹന്തി സംശയിക്കുന്നു. അത് മൂന്നാം ലോക സ്ത്രീകളുടെ ജീവിതത്തിന്റെ വൈജാത്യത്തെ ഇല്ലാതാക്കുന്നു, ആർക്കുവേണ്ടിയാണ് സംസാരിക്കുന്നത് എന്ന പ്രശ്നം സങ്കീർണ്ണമാക്കുന്നു. അടിച്ചമർത്തപ്പെട്ട വിഭാഗത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നത് അവരുടെ ശബ്ദം സ്വായത്തമാക്കുന്നതുമായി തെറ്റിദ്ധരിക്കാനാവില്ല. രണ്ടാമത്തേത് ഒരു കോളനിവൽക്കരണം, രക്ഷാധികാരം/മാതൃത്വം എന്നിവയുള്ള മനോഭാവമാണ്. മൂന്നാം ലോക സ്ത്രീകളുടെ ചരിത്രം, സ്ഥാനം, അനുഭവങ്ങൾ എന്നിവയിലെ വ്യത്യാസങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഫെമിനിസ്റ്റ് ജ്ഞാനശാസ്ത്രത്തിന് അനുകൂലമായി മൊഹന്തി വാദിക്കുന്നു.ഫെമിനിസം വിത്തൗട്ട് ബോർഡേഴ്സ്: ഡീകോളനൈസിംഗ് തിയറി, പ്രാക്ടീസിങ്ങ് സോളിഡാരിറ്റി (2003) എന്ന കൃതിയിൽ മൊഹന്തി ആഗോള മുതലാളിത്ത പശ്ചാത്തലത്തിൽ സ്ത്രീകളുടെ അവസ്ഥ പരിശോധിക്കുന്നു. അവർ നിർദ്ദേശിക്കുന്ന ഫെമിനിസ്റ്റ് ചട്ടക്കൂട്, ഒരു നവ കൊളോണിയൽ ലോകത്തെ വംശീയവും സാമ്പത്തികവും രാഷ്ട്രീയവുമായ അസമത്വങ്ങളെ വരച്ചിടുന്നു. മുതലാളിത്തം ഒരു




പൗര-ഉപഭോക്തൃ ബന്ധം സൃഷ്ടിക്കുന്നു, അത് കീഴാള പൗരന്മാരുടെ വിലകുറഞ്ഞതും പലപ്പോഴും അദൃശ്യവുമായ അധ്വാനത്തെ ആശ്രയിച്ചിരിക്കുന്നു. ഇവിടെ, ഭിന്നലിംഗ സ്ത്രീത്വം, ഗാർഹികത, വിധേയത്വം എന്നിവയുടെ മാതൃകകൾ മൂന്നാം ലോക സ്ത്രീകളെ ദേശീയ സമ്പദ്വ്യവസ്ഥയിൽ നിലവാരമില്ലാത്ത ജോലികൾ ഏറ്റെടുക്കാൻ പ്രേരിപ്പിക്കുന്നു. ഈ കീഴാള നിലയും കുറഞ്ഞ ശമ്പളവും അംഗീകാരമില്ലാത്ത തൊഴിലാളികൾക്ക് പ്രബല വംശത്തിന്റെയും ലിംഗപദവിയുടെയും മൗലികാവകാശങ്ങൾ നിഷേധിക്കുന്നു. സാമ്പത്തികവും വംശീയവും രാഷ്ട്രീയവുമായ സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള തന്ത്രമെന്ന നിലയിൽ ഒരു ദേശാന്തര സ്ത്രീ ഐക്യദാർഢ്യത്തിനായാണ് മൊഹന്തി വാദിക്കുന്നത്.

കൊളോണിയൽ, പോസ്റ്റ് കൊളോണിയൽ സന്ദർഭങ്ങളിലെ സ്ത്രീകളുടെ പ്രാതിനിധ്യത്തെക്കുറിച്ചുള്ള വിശകലനത്തിൽ രാജേശ്വരി സുന്ദർ രാജൻ ഇന്ത്യൻ സ്ത്രീകളുടെ ഇമേജിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. പോസ്റ്റ് കൊളോണിയൽ സ്ത്രീ കർതൃത്വവും സ്ത്രീത്വവും ആലേഖനം ചെയ്ത രീതികൾ ദേശീയ സ്വത്വത്തെക്കുറിച്ചുള്ള ചർച്ചകളെ പ്രതിഫലിപ്പിക്കുന്നവെന്ന് അവർ തറപ്പിച്ചുപറയുന്നു. തദ്ദേശീയ സ്ത്രീ കർതൃത്വം ഇല്ലാത്തവളായി സ്റ്റീരിയോടൈപ്പ് ചെയ്യുന്നു, എന്നാൽ 'നാട്ടുകാരി' സ്ത്രീയുടെ ചരിത്രപരമായി ഇരയാക്കപ്പെട്ട കർതൃ സ്ഥാനം 'ബദൽ ആത്മനിഷ്ഠതകളുടെ ഭരണഘടനയ്ക്കുള്ള' ഒരു ഇടമായി പര്യവേക്ഷണം ചെയ്യാൻ കഴിയുമെന്ന് അവർ വാദിക്കുന്നു. കൊളോണിയൽ ഇന്ത്യയിൽ സ്ത്രീകളുടെ കർതൃത്വം കണ്ടെത്താൻ സതി നിർത്തലാക്കിയതിനെക്കുറിച്ചുള്ള ചർച്ചയെ രാജേശ്വരി സുന്ദർ രാജനും ലതാ മണിയും വിശകലനം ചെയ്തിട്ടുണ്ട്. സതിയെക്കുറിച്ചുള്ള ചർച്ചകളിൽ സ്ത്രീകളെ കർതൃസ്ഥാനത്തുനിന്നും മാറ്റുകയും ഇരകളായ് ചിത്രീകരിക്കുകയും ചെയ്യുന്നതിനെ ലതാ മണി വിമർശിക്കുന്നു.സതി ഒരു പ്രയോഗമെന്ന നിലയിൽ സ്ത്രീകളുടെയും പാരമ്പര്യത്തിന്റെയും ഇടകലർന്ന ഒരു പ്രതിസന്ധിയായി മാറി. വെള്ളക്കാരായ ഫെമിനിസ്റ്റുകൾ കറുത്തനിറമുള്ള സ്ത്രീകളെ അല്ലെങ്കിൽ മൂന്നാം ലോക സ്ത്രീകളെ അവരുടെ ജീവിതത്തിന്റെ ഒരു തലത്തിലേക്ക് (പ്രത്യുല്പാദനത്തിന്റെയും വീട്ടുജോലിയുടെയും മാതൃക) ചുരുക്കുകയും അവരുടെ സങ്കീർണ്ണമായ ചരിത്രം, വൈവിധ്യം, വിഷയ കർതൃസ്ഥാനം എന്നിവ അവഗണിക്കുകയും ചെയ്യുന്നു. കറുത്തനിറമുള്ള/മൂന്നാം ലോക സ്ത്രീകളുമായി താരതമ്യപ്പെടുത്തുമ്പോൾ, വെളുത്ത ഫെമിനിസ്റ്റുകൾ തങ്ങളെ സ്വയം വിമോചിതരായ പ്രജകളായി കാണുന്നു. പാശ്ചാത്യ ഫെമിനിസം ലിംഗവിവേചനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു, ലിംഗപരമായ മാനങ്ങളുള്ള വംശീയ പോരാട്ടങ്ങൾ പോലുള്ള മറ്റ് തരത്തിലുള്ള പോരാട്ടങ്ങളെ അവഗണിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകളുടെ താൽപ്പര്യങ്ങളും അനുഭവങ്ങളും പാശ്ചാത്യ ഫെമിനിസത്തിന്റെ ഈ ഒഴിവാക്കൽ സമീപനത്തെ വെല്ലുവിളിക്കുന്നുണ്ട്. എന്നാൽ, അവരുടെ ശബ്ദം മൂന്നാം ലോക രാഷ്ട്രങ്ങളിൽ പോലും മുഴങ്ങുന്നില്ല.

കെ പി ജയകുമാർ
എൻഎസ്എസ് കോളജ് ചേർത്തല

# വായനയുടെ പ്രതിസന്ധിയും പ്രതിസന്ധികളുടെ വായനയും

വി സി ഹാരിസിന്റെ ആദ്യകാല ലേഖനങ്ങളിൽ ഒന്നായ 'ചിഹ്നം- പ്രതിസന്ധി- വായന' തുടർച്ചകളുടെ-ഇടർച്ചകളുടെ പ്രതിസന്ധിയെക്കുറിച്ചുള്ള ആലോചനകളാണ് പങ്കുവെയ്ക്കുന്നത്. 'ഒരു കേന്ദ്രബിന്ദുവിൽ ഊന്നിക്കൊണ്ടുള്ള "സുരക്ഷിതമായ" വായനാരീതി പ്രശ്നവൽക്കരിക്കപ്പെടുന്നു' എന്ന് എഴുത്തിന്റെയും വായനയുടെയും സുരക്ഷയെക്കുറിച്ച് ഹാരിസ് മുന്നറിയിപ്പ് നൽകുന്നു. ഒ വി വിജയന്റെ ഗുരുസാഗരം എന്ന നോവലിന്റെ സൂക്ഷ്മ പാരായണത്തിലൂടെ ഹാരിസിന്റെ ചിന്ത സുരക്ഷയുടെ ഇടങ്ങളെയും ഇടപാടുകളെയും ആഴത്തിൽ അപായപ്പെടുത്തുന്നു. അത് വായനയുടെ പ്രതിസന്ധിയോ അനിശ്ചിതത്വമോ അനിർവചനീയതയോ മാത്രമല്ല അനേക പാഠങ്ങളിലെ കാണാപ്പാഠങ്ങളെക്കുറിച്ചുള്ള ഉത്കണ്ഠാകുലമായ അന്വേഷണമാണ്. ബൗദ്ധികവും സർഗാത്മകവുമായ അനിശ്ചിതത്വങ്ങളിലേയ്ക്കുള്ള സാഹസിക സഞ്ചാരങ്ങളാണ് ഹാരിസിന്റെ 'എഴുത്തും പറച്ചിലും'. എവിടെയെങ്കിലും ചെന്നുപറ്റുക എന്ന സുരക്ഷയെ അനിശ്ചിതത്വം കൊണ്ടാണ് അദ്ദേഹം പ്രതിരോധിച്ചത്.

ഹാരിസ് ഒരേസമയം ചരിത്രവും ഓർമ്മയുമാണ്. അഥവാ ചരിത്രവൽക്കരിക്കപ്പെട്ട ഓർമ്മ. വ്യക്തിയുടെ ഓർമ്മയിൽ നിന്ന് ചരിത്രം മാഞ്ഞുപോവുകയോ മായ്ക്കപ്പെടുകയോ ചെയ്യേക്കാവുന്ന സന്ദർഭങ്ങളെക്കുറിച്ചുള്ള ഉൽകണ്ഠകളായിരുന്നു ഡോ ഹാരിസിന്റെ ആത്മകഥ. ഓരോ വ്യക്തിയും ചരിത്രം ആലേഖനം ചെയ്ത ശരീരമാണ്. അതിനിർണ്ണായകമായ ഈ ശരീര നിലയെ, നിലപാടുകളെ, ചരിത്രത്തിന്റെ വടുക്കളെ കാലം എങ്ങനെയെല്ലാം മാറ്റിയെഴുതാം എന്ന അന്വേഷണം ആത്മകഥയ്ക്ക് നിരവധി വർഷങ്ങൾക്ക് മുമ്പ് ഹാരിസ് നടത്തുന്നുണ്ട്. ഗുരുസാഗരത്തിന്റെ പാരായണത്തിൽ വ്യക്തിയിൽ നിന്ന് വാർന്നുപോകുന്ന ചരിത്രം തളംകെട്ടിനിൽക്കുന്ന കാലത്തിന്റെ നിഗൂഢമായ ആനന്ദത്തെക്കുറിച്ചാണ് ഹാരിസ് അന്വേഷിക്കുന്നത്. നോവൽ നിരൂപണം എന്നതിലപ്പുറം എഴുത്തിനെ, അതിന്റെ ദിവ്യത്വത്തെ ചൂഴ്ന്ന് നിൽക്കുന്ന ആതീത പാഠങ്ങളുടെ രാഷ്ട്രീയ വിവക്ഷകളിലാണ് ഹാരിസ് സ്പർശിക്കുന്നത്.



ചരിത്രം അഴിച്ചുമാറ്റിയ ഉടൽ എന്ന വൈയക്തികാനുഭൂതിയിൽ സ്വയം മിത്തായി പരിണമിക്കുന്ന പാത്ര നിർമ്മിതിയിലൂടെ വിജയന്റെ ഗുരുസാഗരം ചെന്നുപറ്റുന്ന ആകാശങ്ങളെ ഭൂമിയിലേയ്ക്ക് വലിച്ചുതാഴ്ത്തുകയായിരുന്നു ഡോ. ഹാരിസ്. ചിന്നേട്ടന്റെ അനുജൻ എന്ന പദവിയിൽ അഭിരമിക്കുന്ന കുഞ്ഞുണ്ണിയ്ക്ക് കമ്യൂണിസത്തിന്റെ ചരിത്രവും അറിവും ആ ഒറ്റ ഉടലിൽ നിന്നുണ്ടായി അതിൽതന്നെ ഒതുങ്ങി നിൽക്കുന്ന ഒന്നാണെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ചരിത്ര നിരപേക്ഷമായ വൈയക്തികത ക

ഞ്ഞുണ്ണിയെ അക്ഷമനും അവിവേകിയുമാക്കി മാറ്റുന്നു. റഷ്യൻ പത്രപ്രവർത്തകനുമായുള്ള സംവാദം കയ്യാങ്കളിയിലെത്തുന്ന സന്ദർഭം ഈ അവിവേകത്തിന്റെ കേവല പ്രകടനമായല്ല മറിച്ച് നോവൽ ഗതിയെ പൊടുന്നനെ തടഞ്ഞുനിർത്തുന്ന ആഖ്യാനതന്ത്രമായാണ് ഹാരിസ് നിരീക്ഷിക്കുന്നത്. കമ്യൂണിസമെന്നാൽ കുഞ്ഞുണ്ണിക്ക് വ്യക്തിപരം മാത്രമാകയാൽ കൽക്കത്തയിൽ വെച്ച് ഒരു യുവ വിപ്ലവകാരിയുമായി സംസാരിക്കുന്ന ഘട്ടത്തിലും ചിന്നേട്ടൻ ഉയർന്നു വരുന്നുണ്ട്. വൈയക്തികതയിൽ നിന്നോ ഗോത്രസ്മൃതികളിൽ നിന്നോ ഊർജ്ജം വലിച്ചെടുത്ത് ചരിത്രത്തെ മുറിച്ചുകടക്കുന്നതിനോ മറച്ചുപിടിക്കുന്നതിനോ വേണ്ടിയുള്ള ആഖ്യാതാവിന്റെ ഉൽക്കടമായ അഭിവാഞ്ഛ "അവിവേകത്തിന്റെയും അക്ഷമയുടെയും" നിസ്സാരമെന്നു തോന്നാവുന്ന ബോധപൂർവ്വമോ അല്ലാത്തതോ ആയ സന്ദർഭങ്ങളെ സൃഷ്ടിക്കും. അത് എഴുത്തിന്റെ ഇടർച്ച മാത്രമല്ലെന്നും ചരിത്രത്തിന്റെ പ്രകമ്പനങ്ങളെ മറി കടക്കാനുള്ള കുതറലാണ്.

ഇതിന് വിപരീതമായ ഒരു സന്ദർഭം എന്ന നിലയിലാണ് നോവലിലെ ഓൾഗയുടെ ഉപകഥ ഹാരിസ് പരിശോധിക്കുന്നത്. "ചെക്കുകാരിയായ ഓൾഗയുടെ ജിപ്സി പാരമ്പര്യം പ്രാഗ് വസന്തത്തിന്റെ ദുരന്തത്തെ ആവാഹിച്ചെടുക്കാനുള്ള ഒരുപാധിയായി ഉപയോഗിക്കപ്പെടുന്നു. ഇവിടെ വ്യക്തിഗതാനുഭവങ്ങൾ മാത്രമല്ല ഗോത്ര സ്മൃതികളും ചരിത്രത്തിന്റെ നിഷേധ ഭാവത്തെ ഉൾക്കൊള്ളുവാൻ വെമ്പുന്നു." വൈയക്തികതയിലേയ്ക്ക് ആഞ്ഞുനിൽക്കുന്ന ഓൾഗയുടെ സ്വഗതാഖ്യാനം ചെക്കുകാരുടെ രാഷ്ട്രീയ ദുരന്തത്തെ പ്രാചീനമായ ഗോത്രസ്മൃതികളിൽ കൊണ്ടുചെന്നു കെട്ടുന്നു. അങ്ങനെ "ഓൾഗയും ചിന്നേട്ടന്റെയും കുഞ്ഞുണ്ണിയുടെയും അമ്മയുടെയും കൂടെപ്പിറപ്പുകളാവുന്നു" എന്ന് ഹാരിസ് നിരീക്ഷിക്കുന്നു. ഈ സാഹോദര്യത്തെ ചൂഴുന്ന ഘടകങ്ങൾ എന്തൊക്കെയാണ്? നിരാസത്തിന്റെയും ആത്മാന്വേ




**എഴുത്തും പറച്ചിലും**
**(ലേഖനങ്ങൾ)**
**വി സി ഹാരിസ്**
**പേജ്: 374 വില: 400 രൂപ**
**വി സി ഹാരിസ് സ്മാരകസമിതി**

ഷണത്തിന്റെയും അനുഭൂതികളെ സ്പർശിക്കുന്ന കുഞ്ഞുണ്ണിയെന്ന കഥാപാത്ര വിസ്തൃതിയുടെ ആകാശത്തെയാണ് ഹാരിസ് ഭൂമിയോളം താഴ്ത്തി കെട്ടുന്നത്. "വൈയക്തികതയിലും പ്രാചീനമായ ഗോത്ര സ്മൃതികളിലും കുരുങ്ങിക്കിടക്കുന്ന നോവലിന്റെ ബോധമണ്ഡലം ചരിത്രത്തിന്റെ ഉൺമയെ അവഗണിക്കുവാൻ കുഞ്ഞുണ്ണിയെ പ്രേരിപ്പിക്കുന്നു. കുഞ്ഞുണ്ണി ചരിത്രത്തെ നോക്കിക്കാണുന്നത് അശ്ലീലമായ ഒരു ഫലിതം എന്ന നിലയ്ക്കാണ്. ചരിത്ര വികാസങ്ങളുടെ കേവല സത്യങ്ങളിൽ നിന്ന് അയാൾ തിരിഞ്ഞോടുന്നു. വിപ്ലവ പ്രസ്ഥാനങ്ങളിൽ പങ്കാളികളാകുന്നവരുടെ സാത്വിക ഗുണങ്ങൾ വിപ്ലവത്തിനെതിരായുള്ള മിത്തിന്റെ നേട്ടത്തിനുവേണ്ടി അയാൾ ചൂഷണം ചെയ്യുന്നു." ചരിത്രത്തിലെ അതിതീവ്രമായ പ്രതിസന്ധികളെക്കുറിച്ചാണ് ഹാരിസ് പറഞ്ഞു വയ്ക്കുന്നത്. മനുഷ്യ ജീവിതം ആർജ്ജിച്ച അധ്വാനത്തിന്റെയും തൃഷ്ണയുടെയും പ്രതിരോധത്തിന്റെയും കാരുണ്യത്തിന്റെയും ദയയുടെയും അനുകമ്പയുടെയും തുറസുകളെ മിത്തിന്റെ നിഗൂഢതയിലേയ്ക്ക് മൊഴിമാറ്റുന്ന പാഠാവലികളെയാണ് ഹാരിസിന്റെ ചിന്ത അപനിർമ്മിക്കുന്നത്.

ഇതിനെ കൂടുതൽ വിശദമാക്കുന്നതിന് ഹാരിസ് നോവലിലെ താപസചന്ദ്രന്റെ കഥ ഉദാഹരണമായെടുക്കുന്നു. ആഢ്യയായ നീഹാരികാ ദീദിയുടെ വിപ്ലവകാരിയായ മകനാണ് താപസചന്ദ്രൻ. വർഗ ശത്രുവായ ജോലേദാർ, നിമായ സന്യാലിനെ വധിച്ച ശേഷം യുവാക്കൾ ജുഗലിന്റെ വീട്ടിൽ അഭയം തേടുന്നു. പായ തനിക്കു തന്ന് മൺതറയിൽ കിടന്നുറങ്ങുന്ന ജുഗലിന്റെ മകൾ ബുല്ലുവിനെ കണ്ട താപസചന്ദ്രന്റെ മനസ്സലിയുന്നു. വിപ്ലവത്തിന്റെ ചരിത്രപരമായ സാധൂകരണമായിരുന്നു കനിവിന്റെ ഈ സന്ദർഭം. എന്നാൽ, കിടന്നുറങ്ങുന്ന കന്യകയുടെ മാറിടം കണ്ട് അന്ധാളിക്കുന്ന ഋശ്യശൃംഗനായി താപസചന്ദ്രനെ മിത്തീകരിക്കുന്നതിലൂടെ അനുകമ്പയുടെ രാഷ്ട്രീയ സന്ദർഭത്തെയും അത് സാധ്യമാക്കിയ ചരിത്രഗതിയെയും പുരാവൃത്ത ഗാംഭീര്യതയിലേയ്ക്ക് ആഖ്യാതാവ് മൊഴിമാറ്റുന്നു. മനുഷ്യരിൽ നിന്ന് ചരിത്രം അപഹരിക്കപ്പെടുന്ന സന്ദർഭമാണിത്. ചരിത്ര നിരാസത്തിന്റെയും പുരാവൃത്ത കേന്ദ്രീകരണത്തിന്റെയും പിൽക്കാലം ദയാരഹിതമായി എഴുതിയ ഒരാമുഖമായിരുന്നു താപസചന്ദ്രൻ എന്ന് വായിക്കാം. ഇവിടെ പാഠത്തിന്റെ സുരക്ഷിതത്വം തകരുകയും അർത്ഥങ്ങൾ നാനാവിധമാവുകയും കൃതിയുടെ ദിവ്യത്വം സംശയിക്കപ്പെടുകയും ചെയ്യുന്നു.

ബോധങ്ങളുടെ സ്ഥിരനിർമ്മിതിയെ സനാതനത്വത്തെ മറികടക്കുന്ന ചിന്തകളുടെ സമാഹാരമാണ് എഴുത്തും പറച്ചിലും. രണ്ട് ഭാഗങ്ങളായി 'വായനയുടെ അകംപുറം', 'കേൾവിയുടെ അകം പുറം' എന്നിങ്ങനെ സമാഹരിച്ചിരിക്കുന്ന ലേഖനങ്ങളിൽ ഡോ ഹാരിസ് പലപ്പോഴായി മലയാളത്തിൽ എഴുതിയ കണ്ടെടുക്കപ്പെട്ട എല്ലാ എഴുത്തുകളും അഭിമുഖങ്ങളും ഉൾപ്പെട്ടിരിക്കുന്നു.

# പ്രതിഷേധങ്ങൾ, പ്രതിരോധങ്ങൾ



























## പ്രതിഷേധങ്ങൾ, പ്രതിരോധങ്ങൾ













### ജനകീയ പ്രശ്നങ്ങൾ ഇന്ത്യൻ പാർലമെന്റിൽ

**പി. കരുണാകരൻ ആമുഖം: സീതാറാം യെച്ചൂരി**

സിപിഐഎം നേതാവും മുൻ എംപിയുമായിരുന്ന സ. പി. കരുണാകരൻ ഉത്തരമലബാറിന്റെ ശബ്ദമായി മൂന്ന് 'ടേം' ഇന്ത്യൻ പാർലമെന്റിൽ ഉണ്ടായിരുന്നു. ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തെയും ദേശചരിത്രങ്ങളെയും സാംസ്കാരിക രാഷ്ട്രീയത്തെയും ആഴത്തിൽ ബന്ധിപ്പിച്ചുകൊണ്ട് പാർലമെന്റിൽ അദ്ദേഹം ചെയ്ത തെരഞ്ഞെടുത്ത പ്രസംഗങ്ങളാണ് ഈ പുസ്തകം. നാടിന്റെ ഹൃദയസ്പന്ദനങ്ങളെ ഉൾക്കൊള്ളുന്ന ഈ പുസ്തകത്തിന് അവതാരിക എഴുതിയിട്ടുള്ളത് സ.സീതാറാം യെച്ചൂരി ആണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാനമായ പാർലമെന്റ് സംവിധാനത്തെ സൂക്ഷ്മമായും വിമർശനാത്മകമായും വിശകലനം ചെയ്യുന്ന പുസ്തകം.

**ചിന്ത പബ്ലിഷേഴ്സ്**
**വില : 380 രൂ**

## സ്മരണാഞ്ജലി


മലബാർ ക്രിസ്ത്യൻ കോളജ് അദ്ധ്യാപകനും എകെപിസിടിഎ സ്ഥാപകനേതാവും നിരൂപകനുമായിരുന്ന പ്രൊഫ. എം.ആർ.ചന്ദ്രശേഖരൻ


തൃശ്ശൂർ ശ്രീ കേരളവർമ്മ കോളജ് മുൻ പ്രിൻസിപ്പാളും എകെപിസിടിഎ നേതാവും ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകനുമായിരുന്ന പ്രൊഫ. പി.എസ്. നാരായണൻ


എകെപിസിടിഎ നേതാവും പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന കമ്മിറ്റി അംഗവും കേരള സാഹിത്യ അക്കാദമി, കേരള ലളിതകലാ അക്കാഡമി എന്നിവയുടെ ഭരണസമിതി അംഗവും നിരൂപകനുമായ പ്രൊഫ.പ്രയാർ പ്രഭാകരൻ


ചേർത്തല എസ്.എൻ കോളജ് സുവോളജി വിഭാഗം അദ്ധ്യാപികയും എകെപിസിടിഎ അംഗവുമായിരുന്ന പി.എസ്. വിദ്യ

## സംഘടനാ വാർത്തകൾ

# ഉന്നത വിദ്യാഭ്യാസരംഗത്തെ ഭിന്നശേഷി പരിപ്രേക്ഷ്യങ്ങൾ

അന്താരാഷ്ട്ര ഭിന്നശേഷി ദിനമായ ഡിസംബർ 3 ന എ കെ പി സി ടി എ സോഷ്യൽ വെൽഫെയർ ആൻഡ് ഡിഫറന്റ്ലി ഏബിൽഡ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്തെ ഭിന്നശേഷി പരിപ്രേക്ഷ്യങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഓൺലൈൻ പ്രഭാഷണപരമ്പര സംഘടിപ്പിച്ചു. പ്രസ്തുത സെമിനാർ മുൻ സംസ്ഥാന ഭിന്നശേഷി കമ്മീഷണർ ആയിരുന്ന ജസ്റ്റിസ് എസ്. എച്ച് പഞ്ചാപകേശൻ ഉദ്ഘാടനം ചെയ്തു.വർത്തമാനകാല സാമൂഹ്യ പരിസരങ്ങളിൽ ഭിന്നശേഷീസമൂഹം എപ്രകാരമാണ് അപരവത്കരണത്തിന വിധേയമായിരിക്കുന്നത് എന്നും അത്തരം പ്രതിസന്ധികളെ മറികടന്നുകൊണ്ട്, അവരുടെ അന്തസും അഭിമാനവും അവകാശവും നിയമപ്രകാരം സംരക്ഷിച്ചുകൊണ്ട്, പരിപൂർണ സമത്വം ഉറപ്പാക്കുക എന്നത് ഒരു സാമൂഹ്യ ഉത്തരവാദിത്തമാണെന്നും അദ്ദേഹം പറഞ്ഞു. ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവർ എന്ന നിലയിൽ ഇത്തരം നടപ്പുരീതികളെ ചോദ്യം ചെയ്യാനും ഭിന്നശേഷിയെ സ്വാഭാവികമായ ശാരീരിക വ്യതിയാനമായി കണക്കാക്കി സമഭാവനയോടെ അവരെക്കൂടി മുഖ്യധാരാസമൂഹത്തിന്റെ ഭാഗമായി പരിഗണിക്കാനുള്ള ഇടപെടലുകൾ നമ്മുടെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്നും സെമിനാർ ഉദ്ഘാടനം ചെയ്തു കൊണ്ട് അദ്ദേഹം ഓർമിപ്പിച്ചു.

തുടർന്ന് പൂർണശരീരം എന്ന മിഥ്യ : വികലമായ സാമൂഹ്യ സങ്കല്പങ്ങൾ എന്ന വിഷയം ഫാറൂഖ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. സി ഹബീബ് അവതരിപ്പിച്ചു. പൂർണശരീരം, സാധാരണ ശരീരം, എന്നിവയുടെ കർതൃത്വം നിർവഹിക്കാൻ കഴിയാത്ത ശരീരത്തെ സമൂഹം എക്കാലത്തും അപമാനവീകരിക്കപ്പെട്ട കർതൃസ്ഥാനങ്ങളിലേക്ക് പിന്തള്ളിയിരുന്ന ചരിത്രത്തെ വീണ്ടും വീണ്ടും ഓർത്തെടുത്തുകൊണ്ട് അത്തരം സോഷ്യൽ സ്റ്റിഗ്മയെ ഉന്മൂലനം ചെയ്യാനുള്ള ശ്രമങ്ങളിൽ പങ്കാളികളാവുക എന്ന ദൗത്യം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാണിച്ചു.

അതോടൊപ്പം ഡിസബിലിറ്റി എന്നത് എപ്രകാരമാണ് സാമൂഹ്യസൃഷ്ടി ആയത് എന്നും ഡിസബിലിറ്റി സമൂഹത്തോട് നീതി പുലർത്തുക എന്ന ഉത്തരവാദിത്തം നാം നിറവേറ്റണമെന്നും അദ്ദേഹം പറഞ്ഞു. ഭിന്നശേഷീസമൂഹത്തോട് സഹതാപപൂർവ്വമായ പെരുമാറ്റമല്ല മറിച്ച സഹാനുഭൂതിയോടെയുള്ള സമീപനമാണ് വേണ്ടത് എന്നും നാം മനസിലാക്കണം. ഡിസബിലിറ്റി എന്ന അവസ്ഥയെ ശാരീരിക വ്യതിരിക്ത എന്ന രീതിയിൽ നോർമലൈസ് ചെയ്യുമ്പോൾ മുഖ്യധാരാസമൂഹത്തിന്റെ ഭാഗമാണ് ഭിന്നശേഷി സമൂഹവും എന്ന രീതിയിൽ നോക്കിക്കാണാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

ഇതേ തുടർന്ന് ഉന്നതവിദ്യാഭ്യാസ മേഖലയും ഭിന്നശേഷീ സൗഹൃദ സമീപനങ്ങളും : പരിവർത്തന മാതൃകകൾ എന്ന വിഷയത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് അധ്യാപികയും ഡിസബിലിറ്റി അവകാശസംരക്ഷണപ്രവർത്തകയുമായ ഡോ ശാരദാദേവി സംസാരിച്ചു. ഡിസബിലിറ്റി സമൂഹത്തിന പുറത്തുള്ളവർ ഈ സമൂഹത്തിന്റെ അനുഭവങ്ങളെ പലപ്പോഴും അവഗണിക്കുന്ന അവസ്ഥയാണ് ഉള്ളത് എന്ന് ഡിസബിൾഡ് ആയ അവരുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വിശദീകരിച്ചു.




ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നത് ഭിന്നശേഷി അധ്യാപകർക്കും വിദ്യാർഥികൾക്കും വേണ്ടത്ര പരിഗണന കൊടുക്കാതെയാണ്. ഭൗതികവും അക്കാഡമികവുമായ എല്ലാ സൗകര്യങ്ങളും ക്രമീകരിച്ചിരിക്കുന്നതും മുഖ്യധാരാ സമൂഹത്തിന അനുയോജ്യമായ രീതിയിൽ തന്നെയാണ്. ഈ സാഹചര്യങ്ങൾ മാറ്റപ്പെടേണ്ടത് കാലത്തിന്റെ അനിവാര്യതയായി കണ്ടുകൊണ്ടുള്ള ശ്രമങ്ങൾ ഊർജിതമാകണമെന്നും അതിന വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടനകൾ ഏറ്റെടുക്കാൻ തയ്യാറാകാണാമെന്നും അവർ സൂചിപ്പിച്ചു.

വിഷയാവതരണങ്ങളെ തുടർന്ന് വിശദമായ ചർച്ചയും ഉണ്ടായിരുന്നു. ഈ യോഗത്തെ അഭിസംബോധന ചെയ്ത് ജനറൽ സെക്രട്ടറി ഡോ. ബിജുകുമാർ സംസാരിച്ചു. എ കെ പി സി ടി എ പുറത്തിറക്കിയ ഭിന്നശേഷീ നയത്തിന്റെ സംക്ഷിപ്ത രൂപം കൺവീനർ ഡോ. ശ്രീജ എസ് അവതരിപ്പിച്ചു. യോഗത്തിൽ ശ്രീ. മണി കെ.പി. സ്വാഗതവും ശ്രീ. സജീവ് സദാനന്ദൻ നന്ദിയും പറഞ്ഞു. ഏകദേശം 200 പേർ സെമിനാറിൽ പങ്കെടുത്തു.

## സംഘടനാ വാർത്തകൾ

# ഹൈക്കോടതി വിധി ലംഘിച്ച് സാങ്കേതിക സർവ്വകലാശാലയിൽ വൈസ് ചാൻസലറെ നിയമിച്ച ചാൻസലറുടെ നടപടി നിയമവിരുദ്ധം

കേരള ഹൈക്കോടതി ഇറക്കിയ സുപ്രധാന വിധി കാറ്റിൽ പറത്തി സാങ്കേതിക സർവ്വകലാശാലയിൽ ഇന്ന് വൈസ് ചാൻസലറെ നിയമിച്ച ചാൻസലറുടെ നടപടി നിയമവ്യവസ്ഥകളോടുള്ള വെല്ലുവിളിയാണെന്ന് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു.

ജനാധിപത്യ സംവിധാനമായ സംസ്ഥാന സർക്കാർ നൽകിയ പാനലിൽ നിന്ന് മാത്രമേ ചാൻസലർക്ക് ഒരാളെ വൈസ് ചാൻസലർ ആയി നിയമിക്കാൻ അധികാരമുള്ളൂ എന്ന നേരത്തേ ഇറങ്ങിയ ഹൈക്കോടതി വിധി ശരിവെച്ചുകൊണ്ട് ഡിവിഷൻ ബെഞ്ച് വീണ്ടും വ്യക്തത വരുത്തിയിരുന്നു. ഇത് കാറ്റിൽ പറത്തിക്കൊണ്ട് ഏകാധിപതിയായി വിലസുന്ന ചാൻസലർ ജനാധിപത്യസമൂഹത്തിന് അപമാനമാണ്. ഇതിനെതിരായി ശക്തമായ പ്രതിഷേധമുയർത്തണമെന്ന് അധ്യാപകരോടും പൊതുസമൂഹത്തോടും എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത്, ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ എന്നിവർ ആവശ്യപ്പെട്ടു.








ഉന്നതവിദ്യാഭ്യാസ സംരക്ഷണ സംഗമം എം. സ്വരാജ് ഉദ്ഘാടനം ചെയ്യുന്നു

## സംഘടനാ വാർത്തകൾ

# കാലിക്കറ്റ് സർവ്വകലാശാല സെനറ്റ്, സിൻഡിക്കേറ്റ് യോഗങ്ങൾ തടസ്സപ്പെടുത്തി ഭരണ സ്തംഭനം ഉണ്ടാക്കാനുള്ള വൈസ് ചാൻസലറുടെയും ഇടതു വിരുദ്ധ സഖ്യത്തിന്റെയും കുൽസിത ശ്രമങ്ങളെ തിരിച്ചറിയുക

കാലിക്കറ്റ് സർവകലാശാല സെനറ്റ് – സിൻഡിക്കേറ്റ് യോഗങ്ങൾ തുടർച്ചയായി സ്തംഭിപ്പിച്ചു കൊണ്ട് സർവ്വകലാശാലയ്ക്ക് എതിരായി അക്കാദമിക സമൂഹത്തിന്റെയും പൊതു സമൂഹത്തിന്റെയും വികാരമിളക്കി വിടാനുള്ള ദുഷ്ടലാക്കോടെ പ്രവർത്തിക്കുന്ന അക്കാദമിക വിരുദ്ധരെ തിരിച്ചറിയുകയും അവരെ ഒറ്റപ്പെടുത്തുകയും ചെയ്യണമെന്ന് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

സർവ്വകലാശാലയിൽ ജീവനക്കാരെ സ്ഥലം മാറ്റിയത് വൈസ് ചാൻസലറുടെ അമിതാധികാര പ്രയോഗത്തിന്റെ ഭാഗമാണെന്നും അത് പിൻവലിക്കണമെന്നും ഇന്ന് നടന്ന സെനറ്റ് യോഗത്തിൽ ഉന്നയിക്കാൻ ശ്രമിച്ച ഇടത് സെനറ്റ് അംഗത്തെയും അതിനെ പിന്താങ്ങിയ മറ്റ് അംഗങ്ങളെയും ഭീഷണിപ്പെടുത്താനും നടുത്തളത്തിൽ ഇറങ്ങി ബഹളം വയ്ക്കാനും ശ്രമിച്ച് വലത് സെനറ്റ് അംഗങ്ങൾ യോഗം അലങ്കോലപ്പെടുത്തിയത് പ്രതിഷേധാർഹമാണ്. ഇവർക്ക് പിന്തുണയുമായി മറ്റ് യുഡിഎഫ് സെനറ്റ് അംഗങ്ങളും ബിജെപി സെനറ്റ് അംഗങ്ങളും ഐക്യമുന്നണിയായി വന്നതോടെ ഇടതു വിരുദ്ധ സഖ്യത്തിന്റെ നീക്കം വ്യക്തമായി. ജനാധിപത്യപരമായ അവകാശം ഉപയോഗിച്ചുകൊണ്ട് സെനറ്റിൽ ഉന്നയിച്ച ഒരു വിഷയത്തെ ചർച്ചയിലൂടെ പരിഹരിക്കുന്നതിന് പകരം നടുത്തളത്തിൽ ഇറങ്ങി ബഹളം വയ്ക്കാൻ ആണ് ഇക്കൂട്ടർ ശ്രമിച്ചത്. അതേ സമയം വിഷയം ചർച്ച ചെയ്യാമെന്ന് പറയാനുള്ള ജനാധിപത്യ മര്യാദ പോലും യോഗത്തിൽ അധ്യക്ഷത വഹിച്ച വൈസ് ചാൻസലർ കാണിച്ചില്ല.

അതിനുപകരം തന്നെ പിന്താങ്ങുന്നവരുടെ പിന്തുണയോടെ യോഗം അലങ്കോലപ്പെടുത്താൻ കൂട്ടു നിൽക്കുകയാണ് വൈസ് ചാൻസലർ ചെയ്തത്. ജനാധിപത്യ പ്രക്രിയയുടെ ഭാഗമായി സർവ്വകലാശാലാ വേദികളിൽ ഒട്ടുമേ പ്രാതിനിധ്യം കിട്ടാതെ പോയവരും ചാൻസലറുടെ രാഷ്ട്രീയക്കളികളുടെ ഭാഗമായി പിൻവാതിലിലൂടെ സർവ്വകലാശാല സെനറ്റിലും തുടർന്ന് സിൻഡിക്കേറ്റിലും കയറി കൂടിയവരും ചേർന്ന് സർവ്വകലാശാലയുടെ അക്കാദമിക പ്രവർത്തനങ്ങൾ അട്ടിമറിച്ച് അതിലൂടെ സർവ്വകലാശാല ഭരണം പരാജയപ്പെട്ടെന്ന് വരുത്തിത്തീർത്ത് സർക്കാരിനും സർവ്വകലാശാലക്കും കളങ്കം ഏൽപ്പിക്കുകയാണ് ചെയ്യുന്നത്.

ഒരു ഭാഗത്ത് സംഘപരിവാറിന്റെ ചട്ടുകമായി പ്രവർത്തിക്കുന്ന ചാൻസലർ സർവ്വകലാശാലകളിൽ സ്ഥിരം വൈസ് ചാൻസലർമാരെ നിയമിക്കുന്നതിനുള്ള പ്രക്രിയയ്ക്ക് തുരങ്കം വയ്ക്കുന്നു. മറുഭാഗത്ത് ചാൻസലറും പ്രതിപക്ഷവും പ്രദാനം ചെയ്യുന്ന അവസരവാദ – ഇടത് വിരുദ്ധ സഖ്യം സർവ്വകലാശാലയുടെ അക്കാദമിക പ്രവർത്തനങ്ങളെ അട്ടിമറിച്ച് സർവ്വകലാശാലയെ തന്നെ തകർക്കാനുള്ള ശ്രമം നടത്തുന്നു. ഇത് രണ്ടിനും എതിരായി ജാഗ്രത പാലിക്കാനും പോരാടാനും അക്കാദമിക സമൂഹം മുന്നോട്ടു വരണമെന്ന് എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത്, ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ എന്നിവർ അഭ്യർത്ഥിച്ചു.




14th കൊച്ചിൻ ഹനീഫ മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റിയുടെ ഗാന രചനയ്ക്കുള്ള കലാനിപുണ അവാർഡ് ഇരിട്ടി എംജി കോളജ് അധ്യാപകനും കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റ് അംഗവുമായ പ്രമോദ് വെള്ളച്ചാലിന് ലഭിച്ചു. 'ഒരപാര കല്യാണ വിശേഷം' എന്ന സിനിമയിൽ ജാസി ഗിഫ്റ്റ് പാടിയ 'പെണ്ണുകെട്ടാൻ നേരമായി' എന്ന ഗാനവും 'ഒരു പൊൻ ചിമിഴിലെ അനുരാഗം' എന്ന ഗാനവും 'സ്വരം' എന്ന സിനിമയിലെ 'തരള ശ്രുതി മധുര ഹൃദയ ഗീതം എന്ന ഗാനവും പരിഗണിച്ചാണ് പുരസ്കാരം നൽകിയിട്ടുള്ളത്.

# സംഘടനാ വാർത്തകൾ



## കേരള സർവകലാശാലയിലെ ഗവേഷക സൗഹൃദപരം അല്ലാത്ത ഫീസ് വർദ്ധനവ് പിൻവലിക്കണം: എ കെ പി സി ടി എ

അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷണ കേന്ദ്രങ്ങളുടെ വാർഷിക അഫിലിയേഷൻ പുതുക്കുന്നതിനും അധ്യാപകർക്ക് ഗവേഷണം നടത്തുന്നതിനും കേരള സർവകലാശാല വൻ ഫീസ് ചുമത്താൻ തീരുമാനിച്ചത് ഗവേഷക സൗഹൃദപരം അല്ലാത്ത തീരുമാനമാണ്. കാലികമായ വർദ്ധനവ് എന്നതിനപ്പുറത്തേക്ക് വൻവർദ്ധനവാണ് തീരുമാനിച്ചിരിക്കുന്നത്. ഇത് ഗവേഷക സൗഹൃദപരമായി പുനഃ പരിശോധിക്കണമെന്നും വർദ്ധിപ്പിച്ച ഫീസ് പിൻവലിക്കണം എന്നും കേരള സർവകലാശാല അധികാരികളോട് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ( ഡോ) കെ ബിജുകുമാർ, വൈസ് പ്രസിഡന്റ് ആഷ പ്രഭാകരൻ, സംസ്ഥാന സെക്രട്ടറി ഡോ. സോജു എസ്, തിരുവനന്തപുരം ജില്ല സെക്രട്ടറി ഡോ.ജി എസ് സുമേഷ് എന്നിവർ സർവ്വകലാശാല രജിസ്ട്രാറെ കണ്ട് ഇത് സംബന്ധിച്ച നിവേദനം നൽകി.

## എ കെ പി സി ടി എ സ്ഥാപകദിനം ആചരിച്ചു



എ കെ പി സി ടി എ സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ഓഫീസിൽ ദിനാചരണവും പതാകയുയർത്തലും നടത്തി.

എ കെ പി സി ടി എ മുൻ ജനറൽ സെക്രട്ടറിയും, ഐഫക്റ്റോ മുൻ ദേശീയ സെക്രട്ടറിയും ആയ ഡോ സി പത്മനാഭൻ പതാകയുയർത്തി സംസാരിച്ചു. സംസ്ഥാന പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റുമാർ ആഷ പ്രഭാകരൻ, ഡോ മനോജ് ടി ആർ, സംസ്ഥാന സെക്രട്ടറി ഡോ സോജു എസ്, കൊല്ലം ജില്ലാ സെക്രട്ടറി ഡോ പ്രമോദ് എൻ, പത്തനംതിട്ട ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു, ആലപ്പുഴ ജില്ലാ സെക്രട്ടറി ഡോ ഫാറൂഖ് എസ്, സംസ്ഥാന സർവ്വീസ് സെൽ കൺവീനർ ഡോ സുഷമാ രാജ് ആർ വി എന്നിവർ സംസാരിച്ചു. എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ സ്വാഗതവും, തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ സുമേഷ് ജി എസ് നന്ദിയും പറഞ്ഞു.

## സംഘടനാ വാർത്തകൾ

# സെക്രട്ടേറിയറ്റ് മാർച്ചും ധർണയും




തൊഴിലെടുക്കുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും അവകാശ സംരക്ഷണത്തിനായി അതത് മേഖലകളിലെ സമരങ്ങൾ കൂടുതൽ ഐക്യപ്പെട്ട സമരങ്ങളായി വളരണമെന്ന് സി ഐ ടി യു ദേശീയ വൈസ് പ്രസിഡന്റും മുൻ മന്ത്രിയുമായ ജെ മേഴ്സിക്കുട്ടി അമ്മ പറഞ്ഞു. എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചും ധർണയും ഉദ്ഘാടനം ചെയ്യുകയായിരുന്നു ജെ മേഴ്സിക്കുട്ടി അമ്മ.

ദേശീയ വിദ്യാഭ്യാസനയത്തിന്റെ ചുവട് പിടിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഫെഡറലിസവും ജനാധിപത്യപരതയും സർവ്വകലാശാലകളുടെ സ്വയംഭരണാവകാശവും ഇല്ലായ്മ ചെയ്യുന്ന കേന്ദ്ര നയങ്ങൾ തിരുത്തുക, സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംവിധാനം പുന:സ്ഥാപിക്കുക, കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ തകർക്കുന്ന ജനാധിപത്യവിരുദ്ധത അവസാനിപ്പിക്കുക, 1.1.2016 മുതൽ 31.3.2019 വരെയുള്ള ഏഴാം യു ജി സി ശമ്പള പരിഷ്കരണ കുടിശ്ശിക കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഉടൻ അനുവദിക്കുക, എ ഐ സി ടി ഇ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുക, ക്ഷാമബത്ത 34% ൽ നിന്ന് 53% ആയി വർധിപ്പിക്കുക, ക്ഷാമബത്തയുടെ കുടിശ്ശിക തുക ഉടൻ സംസ്ഥാന സർക്കാർ അനുവദിക്കുക, എംഫിൽ - പി എച്ച് ഡി അഡ്വാൻസ് ഇൻക്രിമെന്റ് നിഷേധിക്കുന്ന കേന്ദ്ര സർക്കാർ നടപടി തിരുത്തുക, 1.1.2016 നും 2.11.2017 നും ഇടയിൽ പഴയ നിരക്കിൽ അഡ്വാൻസ് ഇൻക്രിമെന്റ് കൈപ്പറ്റിയവരുടെ ഏഴാം ശമ്പള ഫിക്സേഷൻ കാര്യത്തിൽ അടിയന്തിരമായി വ്യക്തത വരുത്തുക തുടങ്ങിയ 23 വിഷയങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ചും ധർണയും. എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു.

എഫ് എസ് ഇ ടി ഒ സംസ്ഥാന കമ്മിറ്റി അംഗവും എൻ ജി ഒ യൂണിയൻ സംസ്ഥാന സെക്രട്ടറിയുമായ പി സുരേഷ്, എഫ് യു ടി എ ജനറൽ സെക്രട്ടറി ഡോ. നസീബ് എസ്, എ കെ ജി സി ടി സംസ്ഥാന സെക്രട്ടറി ഡോ പ്രിൻസ് പി ആർ, കെ എൻ ടി ഇ ഒ സംസ്ഥാന സെക്രട്ടറി ഓസ്ബോൺ വൈ, കോൺഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ് അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി അജയ് ഡി എൻ, വിരമിച്ച അധ്യാപകരുടെ കൂട്ടായ്മ സാന്ത്വത്തിന്റെ സംസ്ഥാന ട്രഷർ പ്രൊഫ. ആർ. മോഹനകൃഷ്ണൻ, എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ മനോജ് ടി ആർ, സംസ്ഥാന സെക്രട്ടറി ഡോ സോജു എസ് എന്നിവർ സംസാരിച്ചു.

എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ സ്വാഗതവും, തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ സുമേഷ് ജി എസ് നന്ദിയും പറഞ്ഞു.



## സംഘടനാ വാർത്തകൾ

# എ കെ പി സി ടി എ വനിതാ കമ്മിറ്റി - ദ്വിദിന ക്യാമ്പ്

എ കെ പി സി ടി എ സംസ്ഥാന വനിതാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 7, 8 തീയ്യതികളിൽ ഏറ്റുമാനൂർ കാസ മരിയ സെന്ററിൽ നടക്കുന്ന ദ്വിദിന ക്യാമ്പ് അഖിലേന്ത്യ ജനാധിപത്യമഹിളാ




അസോസിയേഷൻ സംസ്ഥാന സെക്രട്ടറി അഡ്വ. സി. എസ്. സുജാത ഉദ്ഘാടനം ചെയ്തു.

വിദ്യാഭ്യാസമേഖലയിലെ വർഗ്ഗീയവത്കരണത്തിനും വരേണ്യവൽകരണത്തിനും എതിരെ അധ്യാപകർ ശബ്ദമുയർത്തണമെന്നും സംഘടനാ പ്രവർത്തനത്തിലൂടെ അധ്യാപക സമൂഹം അതിനു വേണ്ടി സ്വയം സജ്ജരാകണമെന്നും ഉദ്ഘാടന സമ്മേളനത്തിൽ അവർ പറഞ്ഞു.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റും വനിതാ കമ്മിറ്റി ചെയർപേഴ്സണും ആയ ആഷ പ്രഭാകരൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ ആമുഖഭാഷണം നടത്തി. ഏറ്റുമാനൂർ മുൻസിപ്പാലിറ്റി വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഡോ. ബീന എസ്, സംസ്ഥാന പ്രസിഡണ്ട് എ നിശാന്ത് എന്നിവർ സംസാരിച്ചു. സംസ്ഥാന വനിതാ കൺവീനർ ഡോ.ശ്രീജ.എസ് സ്വാഗതവും കോട്ടയം - ഇടുക്കി ജില്ലാ വനിതാ കൺവീനർ ഡോ. ഷീബ വി.ടി. നന്ദിയും പറഞ്ഞു.

ഡിജിറ്റൽ സാങ്കേതിക വിദ്യയും നിർമ്മിത ബുദ്ധിയും - പുതുകാല ക്ലാസ് മുറികളിൽ എന്ന വിഷയത്തിൽ ചലച്ചിത്ര സംവിധായിക വിധു വിൻസെന്റ് ക്ലാസ് എടുത്തു. സംസ്ഥാന സർവീസ് സെൽ കൺവീനർ ഡോ സുഷമാരാജ് ആർ വി അധ്യക്ഷത വഹിച്ചു. എം ജി സർവ്വകലാശാല വനിതാ കൺവീനർ ബിൻഷ ബി സ്വാഗതവും പത്തനംതിട്ട ജില്ലാ വനിതാ കൺവീനർ ഡോ പ്രിയ വി സേനൻ നന്ദിയും പറഞ്ഞു.

തിയറ്ററും ആയാസ രഹിത ജീവിതവും എന്ന വിഷയത്തിൽ കേരള സംഗീത നാടക അക്കാദമി അംഗം അഡ്വ എൻ എസ് താര ക്ലാസ്സെടുത്തു. കാലിക്കറ്റ് സർവ്വകലാശാല മേഖല വനിതാ കൺവീനർ ഡോ ജ്രൂബി വി പി അധ്യക്ഷത വഹിച്ചു. കണ്ണൂർ സർവ്വകലാശാല മേഖല വനിതാ കൺവീനർ ഡോ ലിജി കെ സ്വാഗതവും എ കെ പി സി ടി എ എറണാകുളം ജില്ലാ പ്രസിഡന്റ് ഡോ സീജ കെ ആർ നന്ദിയും പറഞ്ഞു.

തുടർന്ന് ഡോ റോസ് ലിജിയ വി എം നേതൃത്വം നൽകിയ തിയറ്റർ പെർഫോർമൻസും ക്യാമ്പ് അംഗങ്ങളുടെ കലാപരിപാടികളുമുണ്ടായി.

സമാപന ദിവസം വർഗീയത - സംസ്കാരം - അധിനിവേശം എന്ന വിഷയത്തിൽ അഭിനേത്രി ഗായത്രി വർഷ, ജെന്റർ - അധികാരം - രാഷ്ട്രീയം എന്ന വിഷയത്തിൽ കണ്ണൂർ സർവ്വകലാശാല ചരിത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ മാളവിക ബിന്നി എന്നിവർ ക്ലാസെടുത്തു. ക്യാമ്പിൽ 230 പ്രതിനിധികൾ പങ്കെടുത്തു.



## സംഘടനാ വാർത്തകൾ

# സെക്രട്ടേറിയറ്റ് മാർച്ചും ധർണയും; മാതൃഭൂമി ദിനപത്രം പ്രസിദ്ധീകരിച്ച വാർത്ത വസ്തുതാ വിരുദ്ധവും തെറ്റിദ്ധാരണ പരത്തുന്നതും: എ കെ പി സി ടി എ

എ കെ പി സി ടി എ ഇന്നലെ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിനേയും ധർണയേയും തുടർന്ന് മാതൃഭൂമി ദിനപത്രത്തിൽ ഇന്ന് പ്രസിദ്ധീകരിച്ച് വന്ന വാർത്ത തെറ്റിദ്ധാരണ പരത്തുന്നതും, വാസ്തവ വിരുദ്ധവും ആണെന്ന് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു. മാതൃഭൂമി ഇത് തിരുത്തി ഖേദം പ്രകടിപ്പിക്കണമെന്ന് സംഘടന ആവശ്യപ്പെട്ടു.

എ കെ പി സി ടി എ കഴിഞ്ഞ വർഷം നടത്തിയ വിവിധ സമരപരിപാടികളെ സംബന്ധിച്ച വാർത്ത മുമ്പ് ശ്രദ്ധിച്ചുവെന്നും, "ധനകാര്യ വകുപ്പ് മന്ത്രിക്കെതിരെ ഭാര്യ  സമരത്തിൽ" എന്നായിരുന്നു അന്ന് ചില മാധ്യമങ്ങളിലെ പ്രധാന വാർത്തയെന്നും, സമരത്തിന്റെ ഭാഗമായി എ കെ പി സി ടി എ ഉയർത്തിയ തൊഴിൽ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട ഗൗരവപ്പെട്ട മുദ്രാവാക്യങ്ങൾ അത് വഴി ചില മാധ്യമങ്ങൾ തമസ്കരിച്ചു എന്നും, സമരങ്ങളെ മാധ്യമങ്ങൾ കാണേണ്ടത് അങ്ങനെയാവരുതെന്നും സൂചിപ്പിച്ച് കൊണ്ടാണ്  ഉദ്ഘാടകയായ സി ഐ ടി യു ദേശീയ വൈസ് പ്രസിഡന്റും മുൻ മന്ത്രിയും ആയ ജെ മേഴ്സിക്കുട്ടി അമ്മ പ്രസംഗം ആരംഭിച്ചത്. 'ധനമന്ത്രിക്കെതിരെ  ഭാര്യ സമരത്തിൽ ഇറങ്ങേണ്ട അവസ്ഥയാണ് കേരളത്തിൽ' എന്നൊന്ന് അവർ പറഞ്ഞതേയില്ല. തുടർന്ന് അവർ സമരത്തിന്റെ 23 മുദ്രാവാക്യങ്ങൾ സംബന്ധിച്ച് ട്രേഡ് യൂണിയൻ നേതാവ് എന്ന നിലയിൽ വിശദമായി സംസാരിച്ചു.

എന്നാൽ, "ധനമന്ത്രിക്കെതിരെ ഭാര്യ സമരത്തിന് ഇറങ്ങുന്ന അവസ്ഥയാണ് കേരളത്തിൽ – മേഴ്സിക്കുട്ടി അമ്മ" എന്നാണ് ഇന്ന്  മാതൃഭൂമി ദിനപത്രം പ്രസിദ്ധീകരിച്ച വാർത്തയുടെ തലക്കെട്ട്. ഇത് വാസ്തവ വിരുദ്ധമാണ്. മാത്രമല്ല,  രാഷ്ട്രീയ വിവാദമുണ്ടാക്കുവാൻ ഉദ്ദേശിച്ച് കൂടിയാണ്. കേന്ദ്ര സർക്കാരും യു ജി സി യും ആയി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും, സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളും, അക്കൂട്ടത്തിൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളും ആയിരുന്നു സമരത്തിൽ.

നേരത്തേ എ കെ പി സി ടി എ സംസ്ഥാന വനിതാ കൺവീനർ എന്ന നിലയിലും, ഇപ്പോൾ സംസ്ഥാന വൈസ് പ്രസിഡണ്ട് എന്ന നിലയിലും ആണ് ആഷ പ്രഭാകരൻ എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ആഹ്വാനം ചെയ്ത സമരത്തിന്റെ ഭാഗമാകുന്നത്. സംഘടന ഓരോരുത്തർക്കും നൽകുന്ന ചുമതലകൾ ആണ് സമര സംഘടനാ പ്രവർത്തനത്തിൽ അതത് സമയങ്ങളിൽ ഓരോരുത്തരും നിർവ്വഹിക്കുന്നത്.

ജനാധിപത്യ പ്രക്രിയയുടെ ഭാഗമായി ജനങ്ങൾ നിയമസഭാ  സാമാജികൻ ആയി തെരഞ്ഞെടുത്ത ഒരാൾക്ക് അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രസ്ഥാനം നൽകിയ പാർലമെന്ററി ചുമതലയാണ് ധനകാര്യ വകുപ്പ് മന്ത്രി എന്ന സ്ഥാനം. ഇത് രണ്ടും അന്യോന്യം ബന്ധിപ്പിച്ച്  പ്രവർത്തനങ്ങൾ നടത്തുന്ന രീതി അല്ല എ കെ പി സി ടി എ യുടേത്. അത്  ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പ്രവർത്തന രീതിയുമല്ല.

ഇത് രണ്ടിനേയും ബന്ധിപ്പിക്കാൻ ശ്രമിച്ച് മാതൃഭൂമി വാർത്ത നൽകുന്നത് സർക്കാരിനേയും എ കെ പി സി ടി എ യേയും  പൊതു സമൂഹത്തിൽ ഇകഴ്ത്തിക്കാട്ടാനാണ്. സംഘടനാരംഗത്ത് പ്രവർത്തിക്കുന്നവരെ അവരുടെ ജീവിത പങ്കാളിയുടെ മേൽവിലാസത്തിൽ മാത്രം അടയാളപ്പെടുത്തുന്ന അത്യന്തം സ്ത്രീ വിരുദ്ധവും പരിഷ്കൃത സമൂഹത്തിന് യോജിക്കാത്തതും ആയ പ്രവൃത്തിയാണ് ഇത് വഴി മാതൃഭൂമി ചെയ്തത്.

ദേശീയ പ്രസ്ഥാനത്തിന്റെ കാലം തൊട്ട് മഹത്തായ പാരമ്പര്യം മുൻനിർത്തിയ ഈ മാധ്യമം ഈ നിലയിൽ വാർത്ത നൽകിയത് അങ്ങേയറ്റം പ്രതിഷേധമുളവാക്കുന്നതാണ്.

ഉദ്ഘാടന പ്രസംഗത്തിൽ ജെ മേഴ്സിക്കുട്ടി അമ്മ പറഞ്ഞതിനെ വളച്ചൊടിച്ച്  വാർത്തയും തലക്കെട്ടും  ദുരുദ്ദേശപരമായി പ്രസിദ്ധീകരിച്ച മാതൃഭൂമി ദിനപത്രം ഇതിൽ ഖേദം പ്രകടിപ്പിക്കണമെന്ന് എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത്, ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ എന്നിവർ ആവശ്യപ്പെട്ടു.






സർവകലാശാല സംരക്ഷണ സംഗമം – കാലിക്കറ്റ് സർവ്വകലാശാല




സർവകലാശാല സംരക്ഷണ സംഗമം – എം. ജി. സർവ്വകലാശാല




ഉന്നതവിദ്യാഭ്യാസ സംരക്ഷണ സംഗമം – കണ്ണൂർ സർവകലാശാല

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

1960-ലെ കെ.ജി.എസ്.എം.എ ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സാ ആനുകൂല്യങ്ങൾ മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്ന സാഹചര്യത്തിൽ തുടർന്നും നിയന്ത്രണങ്ങളോടെ അനുവദിക്കുന്നതിന് പൊതുമാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (ലോൺസ്) വകുപ്പ്**

**സ.ഉ.(അച്ചടി)നം.100/2024/ധന** **തിരുവനന്തപുരം, 22-11-2024**

പരാമർശം:- സ.ഉ.(അച്ചടി)നം.70/2022/ധന, തീയതി 23.06.2022

**ഉത്തരവ്**

സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും മെഡിസെപ്പ് എന്ന പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, പരാമർശത്തിലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള സാഹചര്യത്തിൽ, 1960-ലെ കെ.ജി.എസ്.എം.എ. (The Kerala Government Servants' Medical Attendance Rules,1960) ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സാ ആനുകൂല്യങ്ങളിൽ മെഡിസെപ്പ് പ്രാബല്യ തീയതി **(01.07.2022)** മുതൽ ഉചിതമായി തുടരേണ്ട ആനുകൂല്യങ്ങൾ തുടർന്നും അനുവദിക്കുന്നതിന് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ നിശ്ചയിച്ച് പൊതുമാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നു.

i) പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ആശുപത്രികളിൽ (Govt. Hospitals and Super Specialty Hospitals in Govt. sector in the State) മാത്രമായി 1960-ലെ കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരമുള്ള ഒ.പി. ചികിത്സ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിന് തുടർച്ചയായി, കെ.ജി.എസ്.എം.എ ചട്ടങ്ങൾ പ്രകാരം എംപാനൽ ചെയ്തിട്ടുള്ള സർക്കാരേതര ആശുപത്രികളിലെ ഒ.പി. ചികിത്സയ്ക്കും ഈ ആനുകൂല്യം അനുവദിച്ച് നൽകാവുന്നതാണ്.

ii) മെഡിസെപ്പിന്റെ പരിധിയിൽപ്പെടാത്ത, ആയുർവേദം, ഹോമിയോപ്പതി തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങളിലെ ചികിത്സകൾക്ക് കെ.ജി.എസ്.എം.എ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ ചികിത്സാ ആനുകൂല്യം മെഡിസെപ്പ് നിലവിൽ വന്നതിനുശേഷവും നിലവിലുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തുടർന്നും അനുവദിക്കുന്നതാണ്.

iii) സർക്കാർ ആശുപത്രികളിലും കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം എംപാനൽ ചെയ്തിട്ടുള്ള സർക്കാരേതര ആശുപത്രികളിലും കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം അനുവദനീയമായതും എന്നാൽ മെഡിസെപ്പിലെ ചികിത്സാ പാക്കേജുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ കിടത്തി ചികിത്സകൾക്ക് കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രാകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ (ചികിത്സാ ചെലവിന്റെ പ്രതിപൂരണവും പലിശരഹിത ചികിത്സാ അഡ്വാൻസും) മെഡിസെപ്പ് നിലവിൽ വന്നതിനുശേഷവും തുടർന്നും അനുവദിക്കുന്നതാണ്.

iv) കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം എംപാനൽ ചെയ്തിട്ടുള്ളതും എന്നാൽ മെഡിസെപ്പിൽ ചേർന്നിട്ടില്ലാത്തതുമായ ആശുപത്രികളിൽ ഈ ഉത്തരവ് തീയതിക്ക് മുൻപ് വരെ നടത്തിയ, കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം അനുവദനീയമായ കിടത്തി ചികിത്സകളുടെ ചെലവ് കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം പ്രതിപൂരണം ചെയ്തു നൽകാവുന്നതാണ്. കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം എംപാനൽ ചെയ്തിട്ടുള്ള സംസ്ഥാനത്തിന് പുറത്തെ ആശുപത്രികളിലെ ചികിത്സകൾക്കും ഈ ആനുകൂല്യം അനുവദനീയമാണ്. ഈ ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആനുകൂല്യം ഈ ഉത്തരവ് തീയതി മുതൽ ചുവടെ ഖണ്ഡിക എട്ടിന് വിധേയമായി പരിമിതപ്പെടുത്തുന്നു.

v) ജീവനക്കാരന്റെ മെഡിസെപ്പിലെ പ്രതിവർഷ ഇൻഷുറൻസ് പരിരക്ഷാ പരിധി അധികരിച്ച കാരണത്താൽ മെഡിസെപ്പിൽ നിന്നും ചികിത്സാ ആനുകൂല്യം ലഭ്യമാകാത്ത സാഹചര്യത്തിൽ കെ.ജി.എസ്.എം.എ ചട്ടങ്ങൾ പ്രകാരം എംപാനൽ ചെയ്തിട്ടുള്ളതോ മെഡിസെപ്പിൽ ഉൾപ്പെട്ടിട്ടുള്ളതോ ആയ സർക്കാർ – സർക്കാരേതര ആശുപത്രികളിൽ നടത്തിയ ചികിത്സകളുടെ ചെലവ് പ്രസ്തുത വസ്തുത വ്യക്തമാക്കിയിട്ടുള്ള മെഡിസെപ്പിൽ നിന്നുള്ള രേഖകളുടെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം പ്രതിപൂരണം ചെയ്തു നൽകാവുന്നതാണ്.

vi) ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ ചികിത്സകൾക്ക്, ടി ആശുപത്രി മെഡിസെപ്പിൽ എംപാനൽ ചെയ്യുന്നത് വരെ, കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണവും പലിശരഹിത ചികിത്സാ അഡ്വാൻസും അനുവദിക്കുന്നത് തുടരുന്നതാണ്.

vii) ഒരു ചികിത്സയ്ക്ക് ഒരേ സമയം മെഡിസെപ് ഇൻഷ്വറൻസ് പരിരക്ഷയും കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണവും പലിശരഹിത ചികിത്സാ അഡ്വാൻസ് ആനുകൂല്യവും അനുവദനീയമല്ല.

Viii) കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം അംഗീകരിക്കപ്പെട്ടതും എന്നാൽ മെഡിസെപ്പിൽ ചേർന്നിട്ടില്ലാത്തതുമായ ആശുപത്രികളിൽ ഈ ഉത്തരവ് തീയതി മുതൽ നടത്തുന്ന ഗുരുതരരോഗ ചികിത്സകളുടെ ((Liver transplantation, Bone marrow transplantation/Stem cell transplantation (related), Bone marrow Transplantation /stem cell transplantation (unrelated / Haploidentical), Cochlear implantation, renal implantation, Knee Joint Replacement , Total Hip replacement , Auditory brain Stem implant, isolated Heart /isolated lung implant, Hear lung transplant/Double lung transplant, cardiac resynchronization therapy(CRT with defibrilliator), ICD-Dual Chamber) ചികിത്സാ ചെലവിന്റെ പ്രതിപൂരണവും പലിശരഹിത ചികിത്സാ അഡ്വാൻസും അനുവദിക്കുന്നതിന്റെ അർഹത സംബന്ധിച്ച് ധനകാര്യ വകുപ്പ് കേസ് അടിസ്ഥാനത്തിൽ പരിശോധിച്ച് പ്രത്യേകമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.എം ജാഫർ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

**പകർപ്പ്:-**

അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
സെക്രട്ടറിയേറ്റിലെ വിവിധ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം

vi) ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ ചികിത്സകൾക്ക്, ടി ആശുപത്രി മെഡിസെപ്പിൽ എംപാനൽ ചെയ്യുന്നത് വരെ, കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണവും പലിശരഹിത ചികിത്സാ അഡ്വാൻസും അനുവദിക്കുന്നത് തുടരുന്നതാണ്.

vii) ഒരു ചികിത്സയ്ക്ക് ഒരേ സമയം മെഡിസെപ് ഇൻഷുറൻസ് പരിരക്ഷയും കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണവും പലിശരഹിത ചികിത്സാ അഡ്വാൻസ് ആനുകൂല്യവും അനുവദനീയമല്ല.

Viii) കെ.ജി.എസ്.എം.എ. ചട്ടങ്ങൾ പ്രകാരം അംഗീകരിക്കപ്പെട്ടതും എന്നാൽ മെഡിസെപ്പിൽ ചേർന്നിട്ടില്ലാത്തതുമായ ആശുപത്രികളിൽ ഈ ഉത്തരവ് തീയതി മുതൽ നടത്തുന്ന ഗുരുതരരോഗ ചികിത്സകളുടെ ((Liver transplantation, Bone marrow transplantation/Stem cell transplantation (related), Bone marrow Transplantation /stem cell transplantation (unrelated / Haploidentical), Cochlear implantation, renal implantation, Knee Joint Replacement , Total Hip replacement , Auditory brain Stem implant, isolated Heart /isolated lung implant, Hear lung transplant/Double lung transplant, cardiac resynchronization therapy(CRT with defibrilliator), ICD-Dual Chamber) ചികിത്സാ ചെലവിന്റെ പ്രതിപൂരണവും പലിശരഹിത ചികിത്സാ അഡ്വാൻസും അനുവദിക്കുന്നതിന്റെ അർഹത സംബന്ധിച്ച് ധനകാര്യ വകുപ്പ് കേസ് അടിസ്ഥാനത്തിൽ പരിശോധിച്ച് പ്രത്യേകമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.എം ജാഫർ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

**പകർപ്പ്:-**

അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
സെക്രട്ടറിയേറ്റിലെ വിവിധ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ നാലുവർഷ ബിരുദ കോഴ്സുകളുടെ ഭാഗമായി ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ് പഠിപ്പിക്കുന്നതിന് MLISc യുജിസി-നെറ്റ്/പി.എച്ച്ഡി യോഗ്യതയുള്ള ലൈബ്രേറിയന്മാർ ക്ക് കോഴ്സ് ഇൻസ്ട്രക്ടർമാരായി പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1464/2024/HEDN തീയതി,തിരുവനന്തപുരം, 25-11-2024

---

പരാമർശം:- 1. കോളേജ് ലൈബ്രേറിയൻസ് അസോസിയേഷൻ സമർപ്പിച്ച കെ.സി.എൽ.എ/എസ്-02/2024- നം. കത്ത്

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 23.07.2024- ലെ DCETVM/6104/2024-E1-നം. കത്ത്

3. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 03.10.2024- ലെ KSHEC-4-A7/719/MS/Drct/2024-നം. കത്ത്

ഉത്തരവ്

സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ നാലുവർഷ ബിരുദ കോഴ്സുകളുടെ ഭാഗമായി നിലവിൽ എല്ലാ വിദ്യാർത്ഥികളും മൂന്ന് മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ പഠിക്കേണ്ടതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയ കരിക്കുലം ഫ്രെയിം വർക്കിൽ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് എം. ഡി. സി കോഴ്സായി ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ കോളേജുകളിൽ ജോലി ചെയ്യുന്ന യു.ജി.സി/നെറ്റ്/പി.എച്ച്.ഡി യോഗ്യതയുള്ള ലൈബ്രേറിയൻമാർക്ക് FYUG പ്രോഗ്രാമുകളുടെ ഭാഗമായി ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്

കോഴ്സ് പഠിപ്പിക്കാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കോളേജ് ലൈബ്രേറിയൻസ് അസോസിയേഷൻ ജനറൽ സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുമണ്ടായി.

2) കോളേജുകളുടെ ലൈബ്രറിയുടെ പ്രവർത്തനങ്ങളെയോ മറ്റ് അധ്യാപകരുടെ ജോലി ഭാരത്തെയോ ബാധിക്കുകയോ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാവുകയോ ചെയ്യാത്ത വിധത്തിൽ ആഴ്ചയിൽ മൂന്ന് മണിക്കൂർ വീതം 45 മണിക്കൂർ ദൈർഘ്യമുള്ള പ്രസ്തുത കോഴ്സിന്റെ, കോഴ്സ് ഇൻസ്ട്രക്ടർമാരായി MLISc യുജിസി- നെറ്റ്/പി.എച്ച്.ഡി യോഗ്യതയുള്ള ലൈബ്രേറിയന്മാരെ ചുമതലപ്പെടുത്താവുന്നതാണെന്ന് പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

3) നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി ലൈബ്രറി & ഇൻഫർമേഷൻ സയൻസ് വിഷയവുമായി ബന്ധപ്പെട്ട സർവ്വകലാശാല കോഴ്സ് ബാസ്കറ്റിൽ നിന്നുള്ള കോഴ്സുകൾ മൈനർ/ ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായി ലൈബ്രേറിയൻമാരുടെ നിലവിലുള്ള ജോലിയെയും ഉത്തരവാദിത്തങ്ങളെയും പ്രതികൂലമായി ബാധിക്കാത്ത രീതിയിലും കോളേജുകൾക്കും സർക്കാരിനും അധിക സാമ്പത്തിക ബാധ്യത വരാതെയും സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ ജോലി ചെയ്യുന്ന യു.ജി.സി യോഗ്യതകൾ ഉള്ള ലൈബ്രേറിയൻമാർക്ക് പഠിപ്പിക്കാനുള്ള അനുമതി നൽകുന്നത് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് കൂടുതൽ വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം നൽകും എന്ന് പരാമർശം (3) പ്രകാരം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ അഭിപ്രായപ്പെട്ടിരിക്കുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നാലുവർഷ ബിരുദ കോഴ്സുകളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ് പഠിപ്പിക്കുന്നതിന് കോളേജ് ലൈബ്രറിയുടെ പ്രവർത്തനത്തെയോ മറ്റ് അധ്യാപകരുടെ ജോലി ഭാരത്തെയോ ബാധിക്കാതെയും ലൈബ്രേറിയന്മാർക്ക് അധികജോലിഭാരം ആയി കണക്കാക്കാതെയും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധത്തിലും മൈനർ കോഴ്സുകൾ,

ഫൌണ്ടേഷൻ കോഴ്സുകൾ, മൾട്ടി ഡിസിപ്ളിനറി കോഴ്സുകൾ, സ്കിൽ കോഴ്സുകൾ എന്നിവയുടെ കോഴ്സ് ഇൻസ്ട്രക്ടർമാരായി പ്രവർത്തിക്കുന്നതിന് MLISc, യുജിസി-നെറ്റ്/Ph.D യോഗ്യതയുള്ള ലൈബ്രേറിയന്മാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UMA DEVI L D
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ,
ശാസ്ത്ര സാങ്കേതിക മ്യൂസിയം ക്യാമ്പസ്, വികാസ് ഭവൻ പി ഓ,
തിരുവനന്തപുരം.

ജനറൽ സെക്രട്ടറി, കോളേജ് ലൈബ്രേറിയൻസ് അസോസിയേഷൻ
(via e-mail id Kcla1969@gmail.com)

ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്.

ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

www.highereducation.kerala.gov.in.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Omkumar H S
സെക്ഷൻ ഓഫീസർ
Date: 26-11-2024 12:36:33

പകർപ്പ്

ബഹു ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

21-10-2024,തിരുവനന്തപുരം

എഫ്2/175/2024/ഉ.വി.വ

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

തിരുവനന്തപുരം

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - കോളേജ് വിദ്യാർത്ഥികളുടെ പഠനയാത്ര - മാർഗ്ഗ നിർദ്ദേശങ്ങൾ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്

സൂചന:- 1. മങ്കട ഗവ.കോളേജിൽനിന്നും സൈക്കോളജി, മാത്ത്സ് അവസാന വർഷ ബിരുദ വിദ്യാർത്ഥികൾ സമർപ്പിച്ച 01.10.2024 തീയതിയിലെ അപേക്ഷയിന്മേലുള്ള ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 14685/Hedn/24/M(H.Edn & SJ) നമ്പർ മിനിട്സ്

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 19/08/2023 തീയതിയിലെ G3/26532/2023/DCE നമ്പർ പരിപത്രം

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) പ്രകാരം താങ്കളുടെ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച പരിത്രത്തിൽ സൂചന (1) ലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ മിനിറ്റ്സിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥിനികൾ ഉൾപ്പെടുന്ന വിദ്യാർത്ഥികളുടെ പഠന/വിനോദയാത്രാ സംഘങ്ങളോടൊപ്പം സ്ഥിരം അധ്യാപകർക്കു പകരം അതിഥി അധ്യാപകർക്കും അനുഗമിക്കാവുന്നതാണെന്നും സ്ഥിരം അധ്യാപകരോ അതിഥി അധ്യാപകരോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തയ്യാറുള്ള ഒരു വനിതാ രക്ഷാകർത്താവിന് അനുഗമിക്കാവുന്നതാണെന്നും ഭേദഗതി വരുത്തുന്നതാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ബിജിമോൾ കെ ചാക്കോ**

**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by

Asoka Kumari. L

Date: 22-10-2024 15:42:39

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

13-12-2024,തിരുവനന്തപുരം

നമ്പർ. എഫ്3/204/2024- ഉവിവ

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ,

തിരുവനന്തപുരം

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - എസ്.സി.ആർ.ടി പാഠ്യ പദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ശില്പശാലകളിൽ കോളേജ് അദ്ധ്യാപകർ പങ്കെടുക്കുമ്പോൾ OD (അദർ ഡ്യൂട്ടി) അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ശ്രീ.ശിവൻകുട്ടി അവർകളുടെ 28.10.2024 ലെ കുറിപ്പ്

2. ഈ വകുപ്പിലെ 11.11.2024 ലെ ഇതേ നം.കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എസ് സി ആർ ടി നടത്തുന്ന സ്കൂൾ പാഠപുസ്തക രചന ശില്പശാലകളിൽ പങ്കെടുക്കുന്ന കോളേജ് അദ്ധ്യാപകർക്ക് ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ OD (അദർ ഡ്യൂട്ടി) നൽകാവുന്നതാണെന്ന വിവരം അറിയിക്കുന്നു. സൂചന '2' പ്രകാരമുള്ള കത്ത് മേൽ പ്രകാരം തിരുത്തി വായിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

RAJESH K R

**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by

Asoka Kumari. L

സെക്ഷൻ ഓഫീസർ

Date: 13-12-2024 16:20:37

# കേന്ദ്രസർക്കാരിന്റെയും യു ജി സി യുടെയും അധ്യാപക വിരുദ്ധ നയങ്ങൾക്കെതിരെ സർവ്വകലാശാല - കോളജ് അധ്യാപകരുടെ പാർലമെന്റ് മാർച്ചും ധർണ്ണയും









ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് യൂനിവേഴ്സിറ്റി & കോളജ് ടീച്ചേഴ്സ് ഓർഗനൈസേഷൻസ് ( ഐഫക്ടോ ) ഡൽഹിയിൽ നടത്തിയ പാർലമെന്റ് മാർച്ചും ധർണ്ണയും രാജ്യത്താകമാനമുള്ള സർവ്വകലാശാല - കോളജ് അധ്യാപകരുടെ പ്രതിഷേധമായി മാറി.

ദേശീയ വിദ്യാഭ്യാസ നയം പിൻവലിക്കുക, ഉന്നതവിദ്യാഭ്യാസ രംഗത്ത് ഫെഡറലിസവും ജനാധിപത്യവും സംരക്ഷിക്കുക, ജി ഡി പി യുടെ 10% ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി അനുവദിക്കുക, സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുന:സ്ഥാപിക്കുക, സംസ്ഥാനങ്ങൾക്ക് അർഹമായ സാമ്പത്തിക വിഹിതം കേന്ദ്രസർക്കാർ അനുവദിക്കുക, എട്ടാം കേന്ദ്ര ശമ്പള പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുക, ഗസ്റ്റ് ലക്ചറർമാരുടെ സേവന - വേതന വ്യവസ്ഥകൾ പരിഷ്കരിക്കുക തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിയാണ് സമരം നടത്തിയത്.

ഐഫക്ടോ പ്രസിഡന്റ് ഡോ എം നാഗരാജൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡോ അരുൺകുമാർ ആമുഖഭാഷണം നടത്തി.

സി പി ഐ ജനറൽ സെക്രട്ടറി ഡി രാജ, സി പി ഐ എം കേന്ദ്ര സെക്രട്ടേറിയറ്റ് അംഗവും അഖിലേന്ത്യാ കിസാൻ സഭ ജനറൽ സെക്രട്ടറിയും ആയ വിജൂ കൃഷ്ണൻ, AIFRUCTO പ്രസിഡന്റ് പ്രൊഫ. ജെ എൻ ശുക്ല, AIFUCTO ദേശീയ എക്സിക്യൂട്ടീവ് അംഗവും മുൻ ദേശീയ സെക്രട്ടറിയും ആയ ഡോ സി പത്മനാഭൻ തുടങ്ങിയവർ സംസാരിച്ചു.

കേരളത്തിൽ നിന്നുള്ള സംഘത്തിന് ഐഫക്ടോ ദേശീയ സെക്രട്ടറിയും എ കെ പി സി ടി എ ജനറൽ സെക്രട്ടറിയുമായ ഡോ ബിജുകുമാർ കെ, ഐഫക്ടോ ദക്ഷിണാ മേഖലാ സെക്രട്ടറിയും എ കെ ജി സി ടി ജനറൽ സെക്രട്ടറിയുമായ ഡോ മുഹമ്മദ് റഫീഖ് ടി, ദേശീയ നിർവ്വാഹക സമിതി അംഗം ഡോ സി പത്മനാഭൻ, എ കെ ജി സി ടി പ്രസിഡന്റ് ഡോ മനോജ് എൻ, എ കെ പി സി ടി എ പ്രസിഡന്റ് എ നിശാന്ത് എന്നിവർ നേതൃത്വം നൽകി.

KERALA PRIVATE
COLLEGE TEACHER

R.No. 36025/81 No.312

ISSN 2454-4795
Rs.11/- DEC 2024- JAN 2025




Printed and Published by Prof.(Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. N. Renuka**